ഗുരുനാഥൻ.

| പുസ്തകം 9 | 1105 കുംഭം | ലക്കം 7 |
|---|---|---|

# എന്റെ വിദ്യാഭ്യാസം

## അതിന്റെ സ്ഥിതിയും ഗതിയും

(ആർ. ഈശ്വരപിള്ള ബി. എ.)

ഈ ലേഖനകർത്താവിന്റെ വിദ്യാഭ്യാസം എഴുപത്തിഅഞ്ചു വയസ്സായിട്ടും ആ നിലയിൽ നിന്നും വലിയ വ്യത്യാസമൊന്നും ഉണ്ടായതായി തോന്നുന്നില്ല. "ജ്ഞാനം സുവിസ്തൃതവുംകാലം ക്ഷണികവു"മെന്നല്ലെ ഇതു് ഓർമ്മപ്പെടുത്തുന്നതു്. ലേഖകന്റെ ബാല്യകാലത്തു് "വിദ്യാഭ്യാസം" എന്നൊരു വകയില്ലായിരുന്നു. "എഴുത്തുപഠിക്ക" "ഇംഗ്ലീഷുപഠിക്ക" എന്നൊക്കെയാണ് അന്നു പറഞ്ഞുവന്നിരുന്നതു്. എഴുത്തുപഠിക്കുന്നതിനു തന്നെ അഞ്ചാറുകൊല്ലം വേണ്ടിവന്നു. പിന്നെ ഇംഗ്ലീഷുപഠിക്കുന്നതിനും പത്തുപന്ത്രണ്ടുകൊല്ലം വേണ്ടതായി വന്നു. ബി. എ. പരീക്ഷയിൽ ജയിച്ചിട്ടും ഇപ്പോൾ ൪൫ കൊല്ലം ആയി. അതിൽ ൩൫ കൊല്ലം അധ്യാപകവൃത്തിയിലും മററുമായി കഴിച്ചുകൂട്ടി. ൧൦ കൊല്ലം വിശ്രമത്തിലുമായി. ഈ കാലമൊക്കെയും ലേഖകൻ ഏറക്കുറെ ജ്ഞാനസമ്പാദനത്തിൽ വ്യയം ചെയ്കയാണു ചെയ്തതു്. എന്നിട്ടും ഇന്നത്തെ സ്ഥിതിയെന്തു്.? വിദ്യയെവിടെ? ഞാനെവിടേ? എഴുത്തുപള്ളിയിൽ നിന്നും പള്ളിക്കൂടങ്ങളിൽ നിന്നും ഗുരുകൃപയാ സ്വല്പം വല്ലതും ഗ്രഹിക്കാൻ ഇടയായിട്ടുണ്ടായിരിക്കാം. അധ്യാപകവൃത്തിൽ ഇരുന്ന കാലത്തു് അദ്ധ്യേതാക്കൾ എന്നിൽ നിന്നും വല്ലതും ഗ്രഹിച്ചിട്ടുണ്ടോ എന്നു് അവരോടു ചോദിക്കാതെ തീർത്തു പറയാൻ നിവൃത്തിയില്ല. എന്നാൽ അവരിൽ നിന്നും, തന്റെ അധ്യാപകകൃത്യത്തിൽ നിന്നും പുസ്തകങ്ങളിൽ നിന്നും അല്പസ്വല്പം ഗ്രഹിച്ചിട്ടുണ്ടെന്നു സമ്മതിക്കാതിരിക്കാതേയും കഴികയില്ല. പക്ഷെ "അഭ്യസ്തവിദ്യ"നെന്നഭിമാ

നിക്കുന്നതിന് ഇന്നും ലേഖകനെ തൻെറ മനസ്സനുവദിക്കുന്നില്ല. പ്രപഞ്ചരഹസ്യത്തിൻെറ എത്രയും സൂക്ഷമായ ഒരു ഭാഗം കൂടി സിദ്ധിച്ചിട്ടില്ലല്ലോ എന്നാണ് ലേഖകൻെറ ഇന്നത്തെ മനസ്താപം. ഇതിനിടയ്ക്ക് എത്രയോ കാലം ഉപയോഗിക്കപ്പെടാതെ വൃഥാനഷ്ടപ്പെട്ടുപോയിട്ടുണ്ട്. "ജീവിതമല്ല പ്രധാനം, ജീവിച്ചുവെന്നുള്ളതാണ്" എന്നൊരു മഹാൻ പറഞ്ഞിട്ടുണ്ട്. ഈ തോതുവെച്ചു നോക്കിയാൽ, ഈ ജീവിതകാലത്തിൽ എത്രകാലം താൻ ജീവിച്ചു എന്നു നിശ്ചയിക്കാൻ പ്രയാസമാണ്. പക്ഷെ സ്വല്പം വല്ലതുമുണ്ടായേക്കാം. മനുഷ്യനു ജ്ഞാനസമ്പാദനത്തിനുള്ള സൗകര്യങ്ങൾ അനവധിയാണ്. എന്നാൽ നമ്മിൽ പലരും പ്രായേണ കണ്ണുമൂടിക്കെട്ടിയുംകൊണ്ടു നടക്കുന്നതിനാൽ എങ്ങിനെയാണു വല്ലതും ഗ്രഹിക്കുന്നത്? പ്രകൃതിയിൽ നിന്നും സദാ നിരർഗ്ഗളമായ ഒരു ജ്ഞാനപ്രവാഹം നമ്മുടെ നേക്ക് ഒഴുകുന്നുണ്ട്. നാം അപാവൃതങ്ങളായ ഇന്ദ്രിയങ്ങളോടു കൂടിയിരുന്നാലും അതിൽ ഏറക്കുറെ നാം അറിയാതെതന്നെയും നമ്മുടെ ഉള്ളിൽ പ്രവേശിക്കുന്നതാണ്. ഇന്നു നമുക്കുള്ള അറിവിൻെറ ഒരു വലിയ ഭാഗം ഇപ്രകാരം ലഭിച്ചതാണെന്നുള്ളതിനു തക്കമില്ല. ഇങ്ങിനെയിരിക്കെ നാം സശ്രദ്ധം പ്രകൃതിയുടെ "ഇഷ്ടദാനത്തെ" സ്വീകരിക്കുന്നതായിരുന്നാൽ നമുക്കെത്രമാത്രം അറിവു ലഭിക്കുമായിരുന്നു. ഇതിനും പുറമെ, പുസ്തകങ്ങളിൽനിന്നും, ആചാര്യനിൽനിന്നും, സബ്രഹ്മചാരികളിൽ നിന്നും, സഹവാസികളിൽ നിന്നും എന്തെല്ലാം ലഭിക്കാൻ സാധിക്കും.? ചിന്തകൊണ്ടും അനുഭവംകൊണ്ടും എന്തെല്ലാം നമുക്കു ഗ്രഹിക്കാൻ കഴിയും? എന്നുവേണ്ട, നമ്മുടെ പരിതഃസ്ഥിതങ്ങളായ എല്ലാ വസ്തുക്കളും നമുക്കു ജ്ഞാനം നൾകുന്നതിനു ഒരുങ്ങിയിരിക്കയാണ്. ഇപ്രകാരമുള്ള അനുകൂല്യങ്ങളുടെ നടുവിൽ സ്ഥിതിചെയ്യുന്ന മനുഷ്യൻ ജ്ഞാനം സമ്പാദിക്കാതിരിക്കുന്നുവെങ്കിൽ ഇതിലധികം കഷ്ടമായി മററുവല്ലതും ഉണ്ടോ?. നമുക്ക് ഉപജീവനമാർഗ്ഗം തേടേണ്ടതായിരിക്കുമ്പോൾ ഇതിനു പോകുന്നോ ജ്ഞാനം സമ്പാദിക്കുവാൻ പോകുന്നുവോ എന്നു ചോദിച്ചേക്കാം. എല്ലാവരും ഒരുപോലെ വേണമെന്നല്ല പറയുന്നത്. ഏതു രീതിയിൽ ജീവിക്കുന്നവർക്കും അതിനനുരൂപമായ വിധത്തിൽ ലോകപരിജ്ഞാനം സമ്പാദിക്കാൻ കഴിയാത്തതല്ല. അതെങ്ങനേയുമാകട്ടെ. വിദ്യാഭ്യാസത്തിനായി പുറപ്പെടുന്നവരുടെ കാര്യമാണ് ഇവിടെ പ്രസ്താവിക്കുന്നത്. ലേഖകൻെറ വിദ്യാഭ്യാസം അഞ്ചു വയസ്സിൽ ആരംഭിച്ചുവെന്നു മുമ്പു പറഞ്ഞുവല്ലൊ. എന്നാൽ അന്നു "വിദ്യ" വല്ലതും അഭ്യസിച്ചോ എന്നുള്ള കാര്യം സംശയമാണ്. കൂട്ടുക്കയും മറ്റും ഒരു ഓലക്കഷണവുമായിട്ടു "എഴുത്തുപഠിക്കാൻ" പോകുകയാണെന്ന് ഒരു അവ്യക്തമായ ബോധം മാത്രം സിദ്ധിച്ചു. ഇതു് ഏതാണ്ടൊരു ഒഴിച്ചുകൂടാത്ത കൃത്യമാണെന്നും മനസ്സിലാക്കി. ഗുരുവിനെ വന്ദിക്കണമെ

ന്നും മററും അല്പം ചില സന്മാൎഗ്ഗബോധവും എങ്ങിനെയൊ മനസ്സിൽ ഉദിച്ചു. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ഒരു "ഓലച്ചുരുണ"യും "നാരായവു" മായിട്ടാണ് എഴുത്തുപള്ളിയിലേക്കുള്ള പോക്ക്. അതിൽ ഇന്ന പേരുപറവാൻ സാധിക്കാത്ത പല ജ്ഞാനശകലങ്ങളും അടങ്ങിയിരുന്നു. നിലത്തെഴുത്തുകാരേക്കാൾ അല്പം ഉയൎച്ച തനിക്കുണ്ടെന്നുള്ള ഒരഭിമാനവും ഇപ്പോൾ തോന്നിത്തുടങ്ങി. അന്നത്തെ പാഠപദ്ധതി അല്പം വിവിധവും വിശേഷപ്പെട്ടതുമായിരുന്നു. വാക്യം, കാലദീപം, അടിയളവുവാക്യം, രാശിവടിവ്, നക്ഷത്രപ്പാന, നക്ഷത്രവൃക്ഷം മുതലായി ജ്യോതിഷസംബന്ധമായ കാൎയ്യങ്ങളും ഗണാഷ്ടകം, സരസ്വത്യഷ്ടകം, ബ്രഹ്മാഷ്ടകം മുതലായി പ്രഭാതത്തിൽ ചൊല്ലുവാനുള്ള കുറെ സ്തോത്രങ്ങളും ഒക്കെ പഠിക്കാനുണ്ടായിരുന്നു. ഇവയിൽ നിന്നും ഒന്നും ഗ്രഹിച്ചില്ലെന്നു പറവാൻ തരമില്ല. ലോകത്തിലെന്തൊ ദൃശ്യപ്രകൃതിക്ക് അതീതമായി ഒരദൃശ്യശക്തിയുണ്ടെന്നും അതിനെ ആദരിക്കേണ്ടതാണെന്നും അല്പം ഒരു വിചാരമുണ്ടായി. അടിയളവുവാക്യത്തിൻേറയും നക്ഷത്രപ്പാനയുടേയും മററും ഉപയോഗം ഇന്നത്തെപ്പോലെ അന്ന് അറിഞ്ഞുകൂടായിരുന്നു. കൃത്യബോധത്തിൻെറ ബീജപ്രരോഹവും സുവ്യക്തമായല്ലെങ്കിലും അക്കാലത്ത് ശിക്ഷയിലും ശാസനയിലും കൂടി ഉള്ളിൽ ഉണ്ടായി എന്നു പറയാം. ഇതു വിദ്യാഭ്യാസത്തിൻെറ ഒരു പ്രാകൃതമായ ആരംഭമാണെന്നു പക്ഷെ വിചാരിക്കാം. പിന്നെ കയ്യിൽ ചില താളിയോലഗ്രന്ഥങ്ങളുമായിട്ടാണ് എഴുത്തുപള്ളിയിലേക്കുള്ള പോക്ക്. അമരവും സിദ്ധരൂപവും പിന്നെ ശ്രീരാമോദന്തം, ശ്രീകൃഷ്ണവിലാസം, രഘുവംശം മുതലായവയുമാണ് പാഠപുസ്തകങ്ങൾ. ഇത്രയുമായാൽ എഴുത്തുപള്ളിയിലെ ഉയൎന്ന ക്ലാസ്സിലായി. തനിക്ക് ഏതാണ്ടൊക്കെ അറിയാമെന്നുള്ള ഭാവവും അഭിമാനവും ഇതോടുകൂടി ഉണ്ടാകുന്നു. ഗുരുവിനോടു അല്പം അടുപ്പവും ഉണ്ടാകുന്നുണ്ട്. മററുശിഷ്യന്മാരെ ചിലപ്പോൾ പഠിപ്പിക്കേണ്ടതായും വരും. അല്പം സംസ്കൃതജ്ഞാനവും അതുവഴിക്ക് ചില കവികളെപ്പററിയും പുരാണപുരുഷന്മാരെപ്പററിയും മററും ഏതാനും അറിവും ലഭിക്കുന്നു. ഈ വഴിക്ക് മനസ്സിനു സ്വല്പം വികാസവും ഉണ്ടാകുന്നു. തൻെറ കൂട്ടരുടെ ഇടയിൽ സ്വല്പമായ ഒരു മാന്യസ്ഥാനം കിട്ടിയെന്നും വരാം. അല്പംകൂടി അറിഞ്ഞാൽ കൊള്ളാമെന്നുള്ള ഒരു മോഹവും ഉണ്ടാകുന്നു. വിദ്യാഭ്യാസം ഇവിടെ ആരംഭിച്ചു എന്ന് പക്ഷെ പറയാം. ലേഖകൻെറ ഗുരുവാകട്ടെ, അതിശാന്തനും വിദ്വാനും ഗംഭീരാശയനുമായിരുന്നു. വടി അദ്ദേഹം ഉപയോഗിക്കാറില്ല. എന്നാൽ ശിഷ്യന്മാൎക്ക് ഭയവും ഭക്തിയുമുണ്ടായിരുന്നു. പരിതസ്ഥിതികളും എല്ലാം തന്നെ ഒരുവിധം അനുകൂലങ്ങളായിരുന്നു. ഗൃഹമാണല്ലൊ ആദ്യവിദ്യാലയം. അവിടെ തൻെറ സഹോദരന്മാരും സഹോദരിമാരും സ്വഭാവനൈൎമ്മല്യമുള്ളവരായിരുന്നു. അതു

കൊണ്ടു് പല ഗുണങ്ങളും ഉണ്ടായിട്ടുണ്ടു്. ഗൃഹനായകൻ തന്റെ മാതുലനായിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദാക്ഷിണ്യത്തോടുകൂടിയ ശാസനോപദേശങ്ങൾ ഗൃഹാംഗങ്ങളുടെ സ്വഭാവരൂപവൽക്കരണത്തിൽ ഒരു പ്രധാന ഭാഗം വഹിച്ചിരുന്നു. എല്ലാവരും പ്രഭാതത്തിൽ എഴുന്നേററു കാലും മുഖവും കഴുകി കീർത്തനങ്ങളും കീർത്തനശ്ലോകങ്ങളും ചൊല്ലണമെന്നു് നിർബ്ബന്ധമുണ്ടായിരുന്നു. കുളിക്കാതെ ഭക്ഷണം കഴിച്ചുകൂടാ; സന്ധ്യാസമയത്തു നാമം ജപിക്കണം. അടുത്തു ക്ഷേത്രമുണ്ടായിരുന്നാൽ ദിവസവും ദർശനം ചെയ്യണം. അതാതുദിവസത്തെ പാഠങ്ങൾ കേൾപ്പിക്കണം. ഇങ്ങനെ പല നിർബ്ബന്ധങ്ങളും വച്ചിട്ടുണ്ടായിരുന്നു. അവ ഇന്നും നടക്കുന്നുണ്ടു്. മാതാവു് പുത്രവാത്സല്യവും കൃത്യനിഷ്ഠയും ഔദാര്യവും കരുണയും ഗൃഹഭരണത്തിൽ സാമർത്ഥ്യവും ഉള്ള ഒരു മഹതിയായിരുന്നു. പിതാവും ശാന്തനും പ്രയത്നശീലനും സ്വാർത്ഥത്യാഗിയും ആയ ഒരു കൃഷിക്കാരനായിരുന്നു. ഇവരുടെ എല്ലാം പ്രേരണാശക്തി വേണ്ടവഴിക്കു പ്രവർത്തിച്ചിരുന്നതിനാൽ ലേഖകന്റെ സ്വഭാവസംസ്കരണത്തിനും വിദ്യാഭ്യാസത്തിനും ഏററവും ഉപയുക്തങ്ങളായി ഭവിച്ചു. ഇതുയുമായതോടുകൂടി വയസ്സും പത്തു കഴിഞ്ഞു. നേരിട്ടുള്ള ഉപദേശങ്ങളേക്കാൾ സ്വഭാവരൂപവൽക്കരണത്തിനു് പരിതസ്ഥിതികൾക്കു് കൂടുതൽ ശക്തിയുണ്ടെന്നുള്ളതു വാസ്തവമാണെങ്കിൽ ലേഖകനു് ഈ ഗുണം ധാരാളം സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ വിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടം മാത്രമെ ഇവിടെ ആയിട്ടുള്ളു. ഓരോ പ്രവൃത്തിയും നിശ്ചിതസമയത്തു് വിഘ്നം കൂടാതെ ചെയ്യണമെന്നും ഗുരുക്കന്മാരെ ആദരിക്കണമെന്നും ഈശ്വരചിന്ത വേണ്ടതാണെന്നും സ്വാർത്ഥത കുറയ്ക്കണമെന്നും മററും പല പാഠങ്ങളും ഇക്കാലത്തു് പഠിക്കാനിടയായി. ഇതു വിദ്യാഭ്യാസത്തിന്റെ ഒട്ടും അപ്രധാനമല്ലാത്ത ഒരംശമാണെന്നു വേണം വിചാരിപ്പാൻ. ലേഖകനു കൂട്ടുകാർ അധികം ഉണ്ടായിരുന്നില്ല. മിക്കവാറും വിവിക്തവാസപ്രിയനായിത്തന്നെ ഇരുന്നു. അപൂർവം ചില കൂട്ടുകാരിൽ വല്ലതും വഷളായി കണ്ടാൽ അതു താൻ വെറുക്കുകയാണു പതിവു്. ഈ പ്രായത്തിൽ തന്നെ ഇത്രയും നിർമ്മലമായ പരിതഃസ്ഥിതിയും മനഃസ്ഥിതിയും ലഭിച്ചതു് ഒരു ഭാഗ്യംതന്നെയാണെന്നു വിചാരിക്കുന്നു. കളിയിൽ വലിയ ഭ്രമം ഒന്നും ലേഖകനില്ലായിരുന്നു. ജന്തുഹിംസയിൽ അസാമാന്യമായ വെറുപ്പുമുണ്ടായിരുന്നു. കൂട്ടുകാരിൽ ചിലരുമായിട്ടു മുഷിയുന്നതിനു് ഇതു പലപ്പോഴും കാരണമായിട്ടുണ്ടു്. അന്യന്മാരെ ആക്ഷേപിക്കയൊ പരിഹസിക്കയൊ ചെയ്യുന്നതും തനിക്കു വിരോധമായിരുന്നു. ഇതായിരുന്നു ഇക്കാലത്തെ വിദ്യാഭ്യാസം. പത്തുവയസ്സിനു ശേഷമാണു് ഇംഗ്ലീഷുപഠിക്കാനുള്ള ശ്രമം തുടങ്ങിയതു്. ഇതോടുകൂടി ജീവിതരീതിയിൽ അല്പം ചില മാററങ്ങൾ ചെയ്യേണ്ടതായി വന്നു. അന്യദിക്കുകളിൽ താമസിക്കേണ്ടി

വന്നതിനാൽ പരിതഃസ്ഥിതിക്കും അല്പം മാററം ഉണ്ടായി, കയംകുളത്തും ആലപ്പുഴയുമായിട്ട് ആറേഴ കൊല്ലങ്ങൾ കഴിച്ചുകൂട്ടി. ഗ്രന്ഥം താഴത്തു വച്ച് പുസ്തകസഞ്ചിയും സ്ലേററും വഹിക്കാൻ തുടങ്ങി. പുതിയ പരിതസ്ഥിതിക്കനുസരണമായി ജീവിതരീതിയിലും ചിലതൊക്കെ ഭേദപ്പെടുത്തേണ്ടതായി വന്നു. രാവിലത്തെ കുളി വൈകുന്നേരത്തേയ്ക്കു മാററി. ഭക്ഷണസമയവും അല്പം ഭേദപ്പെടുത്തി. വിദ്യാലയത്തിൽ പോയാൽ കുളിക്കാതെ വീട്ടിൽ കയററുകയില്ല. രണ്ടുദിക്കിലും താമസസ്ഥലത്ത് ഓരോ കാരണവന്മാരുണ്ടായിരുന്നു. ഇവർ യാഥാസ്ഥിതികന്മാരായിരുന്നതുകൊണ്ട് ശുദ്ധത്തിലും മററും വലിയ നിർബ്ബന്ധമുണ്ടായിരുന്നു. ഇവരുടെ അധീനത്തിൽ പെടുന്നവരെയൊക്കെ അവരുടെ അനന്തിരവരാക്കാൻ ഇവക്കു നല്ല സാമത്ഥ്യം ഉണ്ടായിരുന്നു. അതുകൊണ്ട് സ്വഗൃഹത്തിൽ ശീലിച്ചവയെല്ലാം എള്ളിട വിടാതെ അനുഷ്ഠിക്കേണ്ടിവന്നു. ഇതു സ്വഭാവസ്ഥിരീകരണത്തിന് അനുകൂലമായ ഒരു സംഗതിയായിരുന്നു. പ്രഭാതത്തിലും സന്ധ്യക്കും നാമംജപം മുതലായവ പഴയപടിതന്നെ അനുഷ്ഠിച്ചുവന്നു. കാലത്തും വൈകീട്ടും കാരണവന്മാരുടെ പരിശോധനയുമുണ്ട്. അനുവാദം കൂടാതെ വെളിയിൽ പൊയ്ക്കൂട എന്നും ഏപ്പാടുണ്ടായിരുന്നു. മതവും സന്മാഗ്ഗവും ഇവക്കൊന്നുതന്നെയായിരുന്നതിനാൽ അതിലാണ് മുറുകിപ്പിടിച്ചിരുന്നത്. അനാശാസ്യമായ കൂട്ടുകെട്ടും അനുവദിക്കപ്പെട്ടിരുന്നില്ല. ഒഴിവുദിവസങ്ങളിൽ പുസ്തകം തന്നെ ഗതി. എല്ലാംകൊണ്ടും ഇവിടെയും സ്വഭാവരൂപവൽക്കരണത്തിനു സൌകര്യം ഉണ്ടായിരുന്നു. സ്വാതന്ത്ര്യം നിയന്ത്രിക്കപ്പെട്ടുവെന്നേയുള്ളു. എങ്കിലും ചുററും ദൂഷിക്കാത്ത ഒരു നഭോമണ്ഡലം ഉണ്ടായിരുന്നു.

ഇനി പള്ളിക്കൂടങ്ങളിലെ കായ്യം നോക്കാം. അത് അല്പം കുഴപ്പത്തിലായിരുന്നു. അവിടെ കണക്കും കാപ്പിയെഴുത്തും ഒഴിച്ചാൽ എല്ലാം കാണാപ്പാഠം പഠിക്കതന്നെയാണു ജോലി. ധാരണാശക്തിയെ അസാമാന്യമായി ക്ലേശിപ്പിച്ചുവന്നു. പഠിപ്പിക്കുന്നതിൻെറ അർത്ഥം പറഞ്ഞു കൊടുക്കുന്നതു് അന്ന് അത്ര സാധാരണമല്ലായിരുന്നു. കഴിയുന്നതു മനസ്സിലാക്കിക്കൊള്ളണം. ഇതു് സ്വാശ്രയശീലത്തിനു പററിയ ഏപ്പാടാണല്ലോ. അന്ന് പള്ളിക്കൂടത്തിൽ ഒരുവിധം "യുദ്ധനിയമ"മാണു നടപ്പായിരുന്നതു്. തെററുവല്ലതും കണ്ടാൽ വിചാരണയും മററുമൊന്നുമില്ല; ഉടനെ അടിതന്നെ. വലിയ കുററങ്ങൾക്കു മേശപ്പുറത്തു കമത്തിക്കിടത്തി പൃഷ്ഠത്തിലാണു് അടി പതിവു്. വിദ്യാത്ഥികളിൽ അത്യധികം ഭയം ജനിപ്പിക്കുന്നതിന് ഇതു പോരയോ?. രക്ഷാകത്താക്കന്മാക്ക് ഇക്കായ്യത്തിൽ ശബ്ദിച്ചുകൂടാ. എല്ലാം സ്വേച്ഛാധികാരം തന്നെ. സ്വഭാവത്തെ വികസിപ്പിക്കുന്നതിനൊ, ബുദ്ധിയെ ഉത്തേജിപ്പിക്കുന്നതിനൊ അവിടെ സൌ

കയ്യങ്ങൾ കുറവുതന്നെയായിരുന്നു. ഈ വൈതരണിയെ കടക്കുന്നതു കുറച്ചു പ്രയാസമായിരുന്നു. ചുരുക്കം ചിലക്കു മാത്രമെ ഇതു സാധ്യമായിരുന്നുള്ളൂ. ലേഖകനു മുമ്പു് കായംകുളത്തുനിന്നും ഒരാൾക്കും ആലപ്പുഴെ നിന്നും രണ്ടുപേക്കുമെ തിരുവനന്തപുരത്തുപോയി പഠിക്കാൻ കഴിഞ്ഞിട്ടുള്ളൂ. പിന്നീടു ലേഖകനും, ജ്യേഷ്ഠസഹോദരനും, വേറെ ഒന്നുരണ്ടു പേക്കും സാധിച്ചു. ആലപ്പുഴെ ഒടുവിലത്തെക്കൊല്ലം തിരുവനന്തപുരം സ്കൂളിൽനിന്നും ശേഷയ്യർ എന്നൊരു അധ്യാപകൻ വന്നതോടുകൂടിയാണു് അധ്യാപനരീതിയും ഭേദപ്പെട്ടതു്. അതുവരേയ്ക്കു "യുദ്ധനിയമം" തന്നെ നടപ്പായിരുന്നു. പണ്ടു് ഒരു പ്രസിദ്ധനും ബുദ്ധിമാനുമായ രാജാവിനു് അത്ഥസാധനങ്ങൾ "രണ്ടുമാത്രമെ" ഉണ്ടായിരുന്നുള്ളൂ എന്നു പറയപ്പെട്ടിട്ടുണ്ടു്:-

"ശാസ്ത്രേഷ്വകുണ്ഠിതാബുദ്ധി
മൗർവീധനുഷിതാതാ"

എന്നാൽ നമ്മുടെ അധ്യാപകന്മാക്കു് ഇതിനു ഒന്നുമാത്രം മതിയായിരുന്നു. അതു "വടി" തന്നെയാണു്. അക്കാലത്തു വിദ്യാലയങ്ങളിലെ ഒരു പ്രധാന ഉപകരണം ഒരു ചൂരലായിരുന്നു. ഇതു വാധ്യാന്മാക്കു് ആശാനിൽ നിന്നും അവകാശം വഴിക്കു സിദ്ധിച്ചതാണെന്നു തോന്നുന്നു. അന്നു ഇംഗ്ലണ്ടു മുതലായ യൂറോപ്യൻരാജ്യങ്ങളിൽ ചൂരലിനു പകരം ഭൂജ്ജവൃക്ഷത്തിൻെറ കമ്പായിരുന്നു ഉപയോഗിച്ചുവന്നതു്. ഇതിനും ചൂരലിൻെറ ഗുണം ഉണ്ടായിരിക്കാം. എന്നാൽ ലേഖകനു അഹംകാരവും ചിരിയും കളിയും ഒന്നുമില്ലാതിരുന്നതുകൊണ്ടു് അധികം ഭയപ്പെടാനില്ലായിരുന്നു. എങ്കിലും കൂട്ടയടി വരുമ്പോൾ—

"അമ്പുകൊള്ളാതവരില്ലകുരുക്കളിൽ"

എന്നു പറഞ്ഞതുപോലെ ചിലപ്പോൾ പററാറുണ്ടു്. എന്നാൽ ഇതിനൊക്കെ അധ്യാപകന്മാരെ കുററംപറയുന്നതു യുക്തമാണെന്നു തോന്നുന്നില്ല. അക്കാലത്തു ഇംഗ്ലീഷു അല്പം അറിയാവുന്നവരെ തിരിഞ്ഞുപിടിച്ചാണു് അധ്യാപകന്മാരായി നിയമിച്ചതു്. അപൂവ്വംവ്യത്യസ്തം ഇല്ലാതെയുമില്ല. അവക്കു് അധ്യാപനവിഷയത്തിൽ വല്ല ഗന്ധവും ഉണ്ടായിരുന്നുവോ എന്നു സംശയമാണു്. അതുകൊണ്ടു് അവരാൽ കഴിയുന്നതുപോലെയൊക്കെ അവർ പ്രവത്തിച്ചുവെന്നേയുള്ളൂ. അന്നു് അധ്യാപകന്മാർ താമസിച്ചു വന്നാൽ ബഞ്ചിൻെറ മേൽ കയററിനിറുത്തുന്ന കാലമായിരുന്നുവല്ലൊ. പിന്നെ ഇവരെ എന്തിനാണു കുററപ്പെടുത്തുന്നതു്. അവരുടെ ആദർശംപോലെ അവർ പ്രവത്തിച്ചു. ലേഖകനും അവരോടു പലവിധത്തിലും കടപ്പെട്ടിരുന്നു. ഇക്കാലത്തിനിടയ്ക്കു ലേഖകനു് വല്ലതും ലഭിച്ചോ എന്നു നോ

ക്കാം. ലേഖകൻ താൻ വായിക്കുന്ന പുസ്തകത്തിൽ നിന്നും വല്ലതെങ്കിലും ഗ്രഹിക്കാതെ വിട്ടുകളയാറില്ല. തൻെറ അന്നത്തെ ബുദ്ധി എത്തിയേടത്തോളം ഒരുവിധമെല്ലാം ഗ്രഹിക്കയും സംഗ്രഹിക്കയും ചെയ്തു. സ്വഭാവത്തിലും വലിയ വക്രതയൊന്നും വരാതെ കഴിച്ചു. താൻ പണ്ടേ ശീലിച്ചിട്ടുള്ള മാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കുവാൻ ഒരിക്കലും ഇടയാക്കാതെയാണു കഴിച്ചുവന്നതു്. അധ്യാപകന്മാർക്കു തന്നെക്കുറിച്ചു നല്ല അഭിപ്രായമാണുള്ളതെന്നുള്ള ബോധവും സൽസ്വഭാവസംരക്ഷണത്തിന്നു് ഒരു അനുകൂലശക്തിയായി ഭവിച്ചു. തൻെറ ജ്യേഷ്ഠസഹോദരൻെറ നയവും കൂട്ടുകെട്ടിൻെറ കുറവും ഇതിലേക്കു വലിയ സഹായമായിരുന്നു. പ്രതികൂലമായ പരിതസ്ഥിതിയിലും വേറൊരുവിധം ഉറച്ച സ്വഭാവത്തിനു വളച്ചുക്കു വലിയ പ്രതിബന്ധമുണ്ടാകുകയില്ലല്ലൊ. ബുദ്ധിയും സ്വഭാവവും മന്ദഗതിയിലാണെങ്കിലും വികസിക്കാതിരുന്നില്ല, ഇംഗ്ലീഷുവിദ്യാഭ്യാസം അക്കാലത്തു് ഒരു നവീനപ്രസ്ഥാനമായിരുന്നതുകൊണ്ടു് അതിൽ ആകർഷണീയങ്ങളായി പലതും ഉണ്ടായിരുന്നു. ഇന്നും അൽപം പോലും തൃപ്തിപ്പെടുത്താൻ സാധിച്ചിട്ടില്ലാത്ത "ജിജ്ഞാസ" ലേഖകനിൽ അന്നു് അങ്കുരിച്ചിട്ടുണ്ടായിരുന്നു. ഒരു പുതിയ ഭാഷയിൽ നിർല്ലീനങ്ങളായികിടക്കുന്ന ആശയങ്ങളും മററും ഗ്രഹിക്കുന്നതിന്നു് ഔൽസുക്യവും സാമാന്യം ഉണ്ടായിരുന്നു. വയസ്സും പതിനേഴ കഴിഞ്ഞു. ജ്ഞാനേന്ദ്രിയങ്ങൾ എന്താണു ഗ്രഹിക്കാനുള്ളതെന്നന്വേഷിക്കുന്ന ഭാവത്തിൽ സദാബഹിർമ്മുഖങ്ങളായി ഭവിച്ചു. ലോകവും പൂർവാധികം വിസ്തൃതമായി തോന്നി. യുവജനസഹജമായ ഉന്മേഷവും ഉത്സാഹവും ഇല്ലാതിരുന്നില്ല. മിസ്റ്റർ ശേഷയ്യരുടെ കീഴിൽ ഒരുകൊല്ലത്തെ ശരിയായ അഭ്യസനം കഴിഞ്ഞശേഷം തിരുവനന്തപുരത്തേക്കു പഠിപ്പിനായി പോയി. അവിടത്തെ പ്രവേശനപ്പരീക്ഷയിൽ ചേർന്നു ജയിച്ചു. ലേഖകനും മററൊരാളും മാത്രമെ വിജയികളായുള്ളു. ജ്യേഷ്ഠസഹോദരൻ ജയിച്ചില്ല. അക്കാലത്തു് കേവുവള്ളക്കാർക്കു ശുക്രദശയായിരുന്നു. ചാവക്കാട്ടുമുതൽ തിരുവനന്തപുരം വരെയുള്ള ഗതാഗതവ്യാപാരം മുഴുവനും ഇവരുടെ കയ്യിലായിരുന്നു. യാത്രക്കാരുടെ സർവസ്വവും ഇവരുടെ കരുണാകടാക്ഷത്തെ ആശ്രയിച്ചാണിരുന്നതു്. ഇവർ അവരുടെ ആജ്ഞക്കധീനന്മാരുമായിരുന്നു. തിരുവനന്തപുരത്തു പോകുക എന്നുള്ളതു നാലഞ്ചുദിവസത്തെ ജോലിയായിരുന്നു. എന്നല്ല കുറച്ചൊക്കെ അപകടവും ഇല്ലാതിരുന്നില്ല. ഈ വർഗ്ഗക്കാർ ഇപ്പോൾ നാമാവശേഷമായിപ്പോയി എന്നു വ്യസനിക്കാതെ നിവൃത്തിയില്ല. അവരുടെ താവളസ്ഥലങ്ങളും മററും ശ്ലോകരൂപേണ വർണ്ണിക്കപ്പെട്ടിട്ടുണ്ടു്. ഇവരിൽ പദ്യകൃത്തുകളും കുറവല്ലായിരുന്നു.

"കൊല്ലം—പൊന്നായിരംതെങ്ങ്

തൃക്കുന്നപ്പുഴയമ്പലം

അയ്യാട്ട് അത്താഴക്കോട്ട
വൈക്കംക്രുശ്ശംമുളകുശക്കര
ഊഴം-കാക-ത്തുപ്രചാ."

ലോകോപകാരികളായ അവരുടെ ആത്മാക്കൾക്കു നിത്യശാന്തിയെ പ്രാൎത്ഥിക്കതന്നെ. ആ സുവൎണ്ണകാലം ഇനി ഉണ്ടാകാൻ പോകുന്നുവോ? കേവുവള്ളത്തിലെ യാത്രതന്നെ ഒരുതരം വിദ്യാഭ്യാസം നൾകിയിരുന്നു. വള്ളക്കാരുടെ ഭാഷ അസാധാരണമാണ്. നിഘണ്ടുവിൽ കാണാത്ത പദങ്ങളും വ്യാകരണസൂത്രം ലജ്ജിക്കുന്ന പ്രയോഗങ്ങളും ഒക്കെ അവരിൽ നിന്നും ഗ്രഹിക്കാൻ സാധിക്കും. മനുഷ്യസ്വഭാവം വിവിധമാണെന്നാണു പറയുന്നതെങ്കിലും കേവുവള്ളക്കാരുടെ സ്വഭാവം ഒട്ടുമുക്കാലും ഒരുപോലെതന്നെയാണെന്നാണ് അനുഭവംകൊണ്ടു തോന്നുന്നത്. അതു പോകട്ടെ, കല്ലിലും വൃക്ഷത്തിലും നദിയിലും നിന്നും ജ്ഞാനം ഗ്രഹിക്കാമെന്നാണല്ലോ ഷെക്സ്പീയർ പറയുന്നത്.

ലേഖകൻ തിരുവനന്തപുരം കാളേജിൽ മററിക്കുലേഷൻക്ലാസ്സിലും, ജ്യേഷ്ഠസഹോദരൻ അതിനു കീഴുള്ള ക്ലാസ്സിലും ചേൎന്ന് പഠിപ്പുതുടങ്ങി. ഒരു പുതിയതും ശോഭനവുമായ ലോകം ലേഖകന്റെ മുമ്പിൽ അപാവൃതമായി കാണപ്പെട്ടു. ഒരു ശാന്തവും പ്രസന്നവുമായ നഭോമണ്ഡലവും ചുററും കാണാറായി. അഞ്ചുകൊല്ലം ഇവിടെ വിദ്യ അഭ്യസിച്ചു. തന്റെ കുടുംബം വകയായ ഒരു പറമ്പും ഗൃഹവും അവിടെ ഉണ്ടായിരുന്നു. തന്റെ ഒരു ജ്യേഷ്ഠസഹോദരൻ ഉദ്യോഗമായി അവിടെ താമസിച്ചിരുന്നു. അതുകൊണ്ട് അവിടേയും ബുദ്ധിവികാസത്തിനും സ്വഭാവസംസ്കരണത്തിനും പ്രതികൂലമായി യാതൊന്നും തന്നെ ഉണ്ടായിരുന്നില്ല. ഇദ്ദേഹത്തിന്റെ ശാസനയും ഉപദേശവും വേണ്ട വഴിക്കുതന്നെയാണുണ്ടായത്. ശ്രദ്ധയെ വ്യതിചലിപ്പിക്കുന്ന ശല്യങ്ങളും കുറഞ്ഞിരുന്നു. ശ്രീമാൻ കുഞ്ഞുണ്ണിമേനവൻ അടുത്തുതന്നെ താമസിച്ചിരുന്നതിനാൽ സംശയനിവൃത്തിക്കും സൗകൎയ്യം ഉണ്ടായിരുന്നു. ഇതൊക്കെയും കൊണ്ടു ലേഖകന്റെ വിദ്യാഭ്യാസത്തിന്റെ ഗ്രഹ്യവശം സുരക്ഷിതമായിത്തന്നെയിരുന്നു. ക്രമേണ ഒരുവിധം രൂപവൽക്കരിക്കപ്പെടുന്ന സ്വഭാവാംശങ്ങൾക്കു സ്വയംവളൎച്ചയും ദൃഢതയും ലഭിക്കുന്നതിനു പ്രതിബന്ധം ഉണ്ടായില്ല. ഉറച്ചുവരുന്ന ശീലങ്ങൾക്കും വിപരീതപരിതസ്ഥിതിയുടെ അഭാവത്തിൽ ഇളക്കം തട്ടുന്നതിനും ഇടയായില്ല.

(തുടരും)

# സാപ്തപദീനപാരമ്യം

## സപ്തമരംഗം

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ)

"കൎമ്മണ്യേവാധികാരസ്തേമാഫലേഷുകദാചന
മാകൎമ്മഫലഹേതുർഭൂൎമ്മാതേസംഗോസ്ത്വകൎമ്മണി".

ഭഗവൽഗീതയിലെ രത്നച്ചുരുക്കമായ മേൽകാണിച്ചിരിക്കുന്നപദ്യത്തിലെ താൽപൎയ്യമനുസരിച്ച ലോകത്തിൽ പ്രവൃത്തിച്ച ജനകാദികളുണ്ടായിരുന്നതായി പുരാണപ്രസിദ്ധിയുണ്ട്. എന്നാൽ മത്സരോപജ്ഞമായ ഇന്നത്തെ മാനുഷസമുദായചരിത്രത്തിൽ ഉണ്ടാകുന്ന കഷ്ടതകളെ പരിഹരിക്കാൻ വിദ്വാന്മാർ പലേ ഉപായങ്ങളും കണ്ടുപിടിച്ചു തുടങ്ങിയവയുടെ പരിണാമാവസ്ഥയാണ് സൎവ്വരാജ്യമഹാസമിതി. ഒരു മഹാവൃക്ഷമുണ്ടാകുന്നതിനു മുമ്പു പല കുററിച്ചെടികൾ മുളച്ചുവരുന്നതുപോലെയെന്നോ, ഒരു മഹാനദി പ്രവഹിക്കുന്നതിനു പൂൎവ്വരംഗമായി അനവധി ചോലകൾ ഉണ്ടായിരിക്കുമെന്നതിനു തുല്യമെന്നോ പറയാവുന്ന വിധം പല പരോപകാരതൽപരസംഘങ്ങൾ മുമ്പിൽതന്നെ ഉദിച്ചിട്ടുണ്ട്: അവയെക്കൂടി അല്പാല്പം നിൎദ്ദേശിച്ച് ഈ ഉപന്യാസപരമ്പരയെ അവസാനിപ്പിക്കാം.

വൎഷാകാലത്ത് ഒരുദിവസം പ്രഭാതത്തിൽ ലണ്ടൻപട്ടണമാസകലം മൂടൽമഞ്ഞുകൊണ്ട് ആവൃതമായിരുന്നു. പുകപോലുള്ള ആച്ഛാദനം നിമിത്തം യാതൊന്നും കാണാൻ കഴിഞ്ഞില്ല. അങ്ങനെയിരിക്കുമ്പോൾ പുതുതായി നാട്ടിൽ വന്നിറങ്ങിയ ഒരു അമേരിക്കൻ ധനപര അടിയന്തിരകാൎയ്യമായി പുറത്തേക്കു പുറപ്പെട്ടു. അനവധി രാജപാതകളും വൻതെരുവുകളും ഉൾത്തെരുവുകളുമുള്ള ലണ്ടൻനഗരത്തിൽ ശീലിച്ചവൎക്കുപോലും വഴി തെററിപ്പോകും. പുത്തനായി വന്നിറങ്ങിയ മറു നാട്ടുകാരനു പിന്നെ അബദ്ധം പിണയുന്നതു കുററമോ?. തെരുവുകളുടെ പേരുകൾ കുറിച്ചിട്ടുള്ള പലകകൾ പോലും കാണാൻ പാടില്ലാത്തവിധം മഞ്ഞുകൊണ്ടു മൂടിയിരുന്ന തെരുവുകളിൽ തപ്പിത്തടവി നടന്നുവരവേ, ആ ധനപര ഒരു ചൊടിചൊടിപ്പുള്ള ബാലനെ കണ്ടുമുട്ടി; അവനോടു കഷ്ടതകളെ പറഞ്ഞു സഹായമപേക്ഷിച്ചു. അവൻ സന്തോഷത്തോടെ സായ്പിനെ കൂട്ടിക്കൊണ്ടു പോയി ഉദ്ദിഷ്ടസ്ഥലത്ത് ആക്കി. സന്തുഷ്ടനായ അമേരിക്കൻ ഏററവും നന്ദി പറഞ്ഞതു കൂടാതെ, ഉതവി ചെയ്ത പയ്യന് ഒരു സമ്മാനംകൂടി കൊടുക്കണമെന്നു കരുതി ചേപ്പുറയിൽ കയ്യിട്ടു. പയ്യനാകട്ടെ യാതൊരു പ്രതിഫ

ലവും വാങ്ങുകയില്ലെന്നു ശപഥംചെയ്തുപറഞ്ഞു. താൻ ഒരു ധമ്മഭട(Scout)നാണെന്നും, പ്രതിദിനം ഒരു സൽക്കമ്മമെങ്കിലും ചെയ്യുന്നതു തന്റെ ധമ്മകൃത്യമാണെന്നും അവൻ പറഞ്ഞു മനസ്സിലാക്കി ആ അമേരിക്കൻ ധപര ഇതുകേട്ടു തുഷ്ടനായി, ധമ്മഭടവൃത്തിയുടെ സൂക്ഷ്മങ്ങളെല്ലാം അന്വേഷിച്ചു മനസ്സിലാക്കി. അയാൾ പിന്നീടു സ്വന്തനാട്ടിൽ ചെന്നെത്തിയഉടനെ അവിടത്തെ യുവാക്കന്മാരെ കൂട്ടിച്ചേർത്തു ധമ്മഭടവൃത്തി ആ നാട്ടിൽ നടപ്പാക്കി ഇങ്ങനെയാണ് അമേരിക്കാരാജ്യങ്ങളിൽ ധമ്മഭടസംഘങ്ങൾ ആരംഭിച്ചതു്.

അമ്പതിൽപരം രാജ്യങ്ങളിൽ ധമ്മഭടസംഘങ്ങൾ ഇപ്പോൾ ഏപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. ലോകമൊട്ടുക്കു് അതിന്റെ വ്യാപ്തിയുണ്ടാകുമെന്നുള്ളതിന്നു തക്കമില്ല. ഈ ഉദ്യമത്തിന്റെ ഉല്പത്തി ക്രിസ്തുവബ്ദം ൧൯൦൮-ൽ അതായതു് ഇരുപതുകൊല്ലം മുമ്പിൽ മാത്രം, തെന്നാഫ്റിക്കയിലെ യുദ്ധഭൂമിയിലാകുന്നു. അതിന്റെജനകൻ, ജെനറാൾ സർറാബട്ട് ബേഡൻപൗവ്വൽ (General Sir Robert Badern Powell ) ശത്രുക്കളായിരുന്ന ബോവർവഗ്ഗക്കാരാൽ ഉപരുദ്ധനായി മാഫ്കിങ്ങ് (Mafeking) കോട്ടയിൽ ഏഴോമ്പതു മാസക്കാലം ഭടന്മാരോടുകൂടി അകപ്പെട്ടിരുന്ന സമയം, കൗമാരദശയെ അവലംബിച്ചിരുന്ന കുട്ടികളെക്കൊണ്ടു പല നല്ല വേലകൾ നടത്തിച്ചു അതിൽവച്ചു് അവരുടെ ദേഹത്തിനും മനസ്സിനും ഒരുപോലെ സംസ്കാരമുണ്ടായതുകൊണ്ടു് കുട്ടികളെ ഉത്സാഹികളായ സൽപ്രജകളാക്കിത്തീക്കാൻ ഇതൊരു നല്ല ഉപായമാണെന്നു് അദ്ദേഹം കരുതി. കൗമാരഘട്ടത്തിൽ കുട്ടികൾക്കു സ്വഭാവേന പുറമെ ഇറങ്ങി ഉല്ലസിക്കുന്നതാണു്, കേവലം സ്കൂളുകളിലിരുന്നു പുസ്തകപാരായണം ചെയ്യുന്നതിനേക്കാൾ രുചിക്കുന്നതെന്നു് അനുഭവസിദ്ധമാണല്ലൊ. ആ മാതിരി ഉല്ലാസത്തെ പ്രയോജനപ്പെടുത്തി സന്മാഗ്ഗവൃത്തിയിലും ഉദാരകൃത്യങ്ങളിലും നയിച്ചു സഹോദരബുദ്ധി വളത്തിയാൽ ലോകത്തിനുണ്ടാകുന്ന ക്ഷേമം അമിതമാണെന്നു മഹാനുഭാവനായ ആ ഭടനായകൻ ദൂരദൃഷ്ട്യാ മനസ്സിലാക്കി, കുട്ടികളെ പല കവാത്തുകളും ശീലിപ്പിക്കാൻ തുടങ്ങി. ഇങ്ങനെയാണു ധമ്മഭടസംഘമുണ്ടായതു്. ആദ്യംമുതല്ക്കുതന്നെ കുട്ടികൾക്കു് ഈ മാതിരി പ്രയത്നപൂവമായ പരിശീലനത്തിൽ എന്തെന്നില്ലാത്ത ഉത്സാഹം വധിച്ചു. ക്ഷണേന അവർ ഒരു വലിയ പട്ടാളമായി. അപ്പോൾ അവക്കു് അതിനു് ഒരു വേഷവും, ചില ചടങ്ങുകളും, നിയമങ്ങളുമുണ്ടാക്കി. ആഫ്റിക്കയിൽ അപരിഷ്കൃതരെന്നു ഗണിച്ചുവന്ന സൂലു (Zulu) ജാതിക്കാരിലാണു് ഈ സംപ്രദായം ആദ്യം നടപ്പായി കണ്ടതു്. അവർ കേവലം കന്നാലിപ്പിള്ളേരായി നടന്നവരാണു്. അതുകൊണ്ടു സർബാഡൻ പൌവ്വൽ പശുപാലവേഷം തന്നെ നവീന ധമ്മഭടന്മാക്കു നല്കി. കാലിക്കൂട്ടങ്ങളെവിളിച്ചുകൂ

ട്ടാനുള്ള വളഞ്ഞ കൊമ്പുതന്നെ ധമ്മഭടന്മാരുടെ കാഹളം. കന്നാലിക്കോലാണ് അവരുടെ ആയുധം. കാക്കിഷട്ടും പച്ചടൈയും മുട്ടററം ശരായിയുമിട്ടു കമ്പുമായി എടയന്റെ വേഷത്തിൽ കുട്ടികളെ ഇന്ന് എവിടെ ചെന്നാലും കാണാം. നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു തന്നെയാണ് തിരുവിതാംകൂർ ധമ്മഭടസംഘത്തിന്റെ നായകൻ. എല്ലാ രാജ്യങ്ങളിലും കൂടി അനേകായിരം ഭടന്മാരുണ്ടായിട്ടുണ്ട്. അവരുടെ ഒരു സമ്മേളനം ആദ്യം ലണ്ടൻപട്ടണത്തിൽ വച്ചു നടത്തി. സമ്മേളനത്തിനു 'ജംബൂരി' എന്നാണ് സംജ്ഞ. അതിൽ പട്ടാളക്കവാത്തുകൾ കൂടാതെ, ആപത്തിലും അപകടങ്ങളിലും പെട്ടവരെ രക്ഷിക്കാനും ശുശ്രൂഷിക്കാനുമുള്ള ചടങ്ങുകൾ, കെട്ടിടങ്ങളും പാലങ്ങളും മററുമില്ലാത്ത ദിക്കുകളിൽ അവ നിവ്വഹിക്കാനുള്ള മാർഗ്ഗങ്ങൾ, ലഹളകളും മററും നടക്കുന്നിടത്തു സമാധാനമുണ്ടാക്കാനുള്ള സമ്പ്രദായങ്ങൾ, അഗ്നിബാധയുണ്ടായാൽ കെട്ടിടങ്ങളെയും ജനങ്ങളേയും രക്ഷിക്കാനുള്ള കൌശലങ്ങൾ, കൂട്ടംകൂട്ടമായി ചേന്നു ഭക്ഷണം പാകം ചെയ്തു ഭോജനം നടത്താനുള്ള വശതകൾ, ഉല്ലസിക്കാനുള്ള രീതികൾ എന്നിങ്ങനെ പലതുമുണ്ട്. അപ്പോൾ പല ഭാഷകൾ സംസാരിക്കുന്നവരും പല ജാതിക്കാരുമാണെങ്കിലും സഹോദരന്മാരെ പോലെ ഇണങ്ങിയിരിക്കുന്ന അവരുടെ ഇടയിൽ നടന്ന് അവരുടെ പ്രവൃത്തികളെ കണ്ടാനന്ദിക്കുന്നതാണ്. രണ്ടാമത്തെ വലിയ 'ജംബൂരി' ഡെൻമാക്കിൽ വച്ചാണു നടന്നതു്. ഇതാ ഇപ്പോൾ (ഇംഗ്ലണ്ടിൽ) ശീമയിൽ ബക്കൻ ഹെഡ് (Birken head) നഗരത്തിൽ വച്ചു മൂന്നാമതു നടന്ന ജംബൂരിയിൽ പതിനായിരം ധമ്മഭടന്മാർ പല രാജ്യങ്ങളിൽ നിന്നു ചെന്നു ചേന്നു് കോലാഹലമായി നടന്നു. യുവരാജാവായി വേൽസിലെ രാജകുമാരൻ അവരുടെ സംഘത്തിൽ സന്നിഹിതനായിരുന്നു. ചക്രവത്തികൂടി തിരുവിളമായി അവക്കു കല്പന അയച്ചിരുന്നു. പ്രതിദിനം പരോപകാരപരമായ ഒരു സൽപ്രവൃത്തിയെങ്കിലും ചെയ്യണമെന്നാണ് ധമ്മഭടന്മാരുടെ പ്രതിജ്ഞ. ഇങ്ങനെ പല പ്രതിജ്ഞകളും ചെയ്തതിനു മേൽ മാത്രമെ ഒരുവനെ ആ സംഘത്തിൽ ചേക്കയുള്ളൂ. പരാപേക്ഷ കൂടാതെ ജീവിതത്തെ നയിച്ചുകൊണ്ടു പോകുന്നതിന് ഇതു നല്ലൊരു പരിശീലനമാകുന്നു. സ്വാശ്രയബോധവും, സത്യവും, പരോപകാരവും, ഔദായ്യവും, മയ്യാദയും, സഹനശക്തിയും, ആജ്ജവവും, വിപദിധൈയ്യവും എന്നുവേണ്ട, ലോകയാത്രയിൽ വേണ്ടുന്ന സകല സൽഗുണവും ധമ്മഭടന്മാക്കുള്ള പ്രധാന ലക്ഷണങ്ങളാണ്. ഇങ്ങനെ വളരുന്ന പെരുപ്പക്കാരെകൊണ്ടു സ്വന്തരാജ്യത്തിനും മറുനാട്ടുകൾക്കുമുണ്ടാകുന്ന ക്ഷേമം അസാമാന്യമാകുന്നു. അതാണ് അതിന്റെ പ്രയോജനവും ഉദ്ദേശ്യവും. ഭാവിപ്രജകളുടെ നന്മയെ ഉദ്ദേശിച്ചു് ആരംഭിച്ചിരിക്കുന്ന ഈ ഉദ്യമത്തിനു സകലാഭിവൃദ്ധിയുമുണ്ടാകാൻ നമുക്ക് പ്രാത്ഥിക്കാം.

ആൺകുട്ടികളുടെ ഉത്സാഹവും ഒത്തൊരുമയും കണ്ടു് പെൺകുട്ടികളും ആവഴിപുറപ്പെട്ടിട്ടുണ്ടു്. 'കന്യാജനമാൎഗ്ഗദൎശിസംഘം' (Glrls guides-Association) എന്ന സംജ്ഞയിൽ അവരും ഇന്നു പ്രത്യക്ഷീഭവിക്കുന്നു. അബലാജനസഹജങ്ങളായ അല്പാല്പവ്യത്യാസങ്ങളോടുകൂടി ആ സംഘത്തിന്റെ ഉദ്ദേശ്യങ്ങളും ധൎമ്മഭടസംഘത്തിന്റേതുതന്നെ. 'നീലപ്പറവികൾ (Blue Birds) എന്നാണു് അവരെ വിളിക്കുന്നതു്. നീലമാണു് അവൎക്കുള്ള വേഷത്തിലെ പ്രധാനനിറം.

സ്വാതന്ത്ര്യബോധം ഏറിയ നാളായി പാശ്ചാത്യനാടുകളിൽ വളൎന്നുവന്നു് ഇപ്പോൾ അതു മൂത്തായിച്ചമഞ്ഞപ്പോൾ ഉണ്ടായിത്തീൎന്ന അലങ്കോലത്തെ പരിഹരിക്കാനായി ബുദ്ധിമാന്മാരായവർ കണ്ടുപിടിച്ച സംശ്രയസമത്ഥാനങ്ങൾ അനവധിയുണ്ടു്. ഒററയ്ക്കൊററയ്ക്കു കാട്ടുജന്തുക്കളെപ്പോലെ ജീവിക്കുന്നതു മനുഷ്യധൎമ്മമല്ല. പണ്ടുണ്ടായിരുന്ന കെട്ടുപാടുകൾ കാലക്രമത്തിൽ ശിഥിലങ്ങളായിപ്പോയി. പരിഷ്കാരം മൂത്തു മൂത്തു് മനുഷ്യൻ പശുവായിത്തീൎന്ന പരിണാമം മഹാമനസ്കൎക്കു് അരോചകമായിത്തീൎന്നു. അതിനുള്ള പ്രതിവിധികൾ കണ്ടുപിടിച്ചു് മനുഷ്യൎക്കു ഈശ്വരസൃഷ്ടിയിലുള്ള ഉത്തമത്വത്തെ പുനരപി സ്ഥാപിക്കാനുള്ള ഉദ്യമങ്ങൾ സൎവ്വതോമുഖമായി പ്രസരിച്ചു. അതിൽനിന്നു പല നൂതനസന്താനങ്ങളും ഉൽഭൂതങ്ങളായി. സംഘബലമാണു ബലമെന്നുള്ള ബോധം അചിരേണ പ്രത്യക്ഷപ്പെട്ടു. പലനാട്ടിലും പല ജാതിയിലും പല അവസ്ഥയിലും പല മതത്തിലുമുള്ള ജനങ്ങളെ ഒന്നിച്ചു കൂട്ടിയിണക്കാനുള്ള മാൎഗ്ഗാന്വേഷണത്തിന്റെ ഫലങ്ങളാണു് യുവജനസംഘങ്ങൾ, കേളിസംഘങ്ങൾ, ഉല്ലാസപരങ്ങളായ ക്ലബ്ബുകൾ, ധനാൎജ്ജനപരങ്ങളായ ബാങ്കുകൾ, പരസ്പരസഹായസംഘങ്ങൾ, കച്ചോടസംഘങ്ങൾ, തൊഴിലാളിസംഘങ്ങൾ എന്നിങ്ങനെ ഏതു തുറയിലും കൂട്ടുകെട്ടുകൾ ഉണ്ടായി കാണുന്നതു്. ശുശ്രൂഷാപരങ്ങളായ അനേകസംഘങ്ങൾ ഇപ്പോളുണ്ടു്. ആതുരരക്ഷണസംഘങ്ങളെപ്പററി മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. ചെങ്കുരിശാണു് അവരുടെ മുദ്ര. അതുകൊണ്ടു് അവയ്ക്കു ചെങ്കുരിശുസംഘങ്ങൾ (Red cross Socities) എന്നു് പേർ വിളിച്ചുവരുന്നു. ശിശുസംരക്ഷണസംഘങ്ങൾ, മാതൃരക്ഷണസംഘങ്ങൾ, ആരോഗ്യരക്ഷണസംഘങ്ങൾ എന്നുവേണ്ട, തൊട്ടതിനും പിടിച്ചതിനുമെല്ലാം സംഘങ്ങൾ ഇന്നു നടപ്പായിട്ടുണ്ടു്. സ്വത്വം വൎദ്ധിക്കുന്തോറും മത്സരവും നാശവും നിശ്ചയമാണു്. എന്നാൽ സ്വാതന്ത്ര്യവും സമത്വവും എല്ലാവൎക്കും വേണമെന്നുമുണ്ടു്. അവയ്ക്കു പ്രാബല്യം കൂടുന്ന ക്രമത്തിനു സ്വത്വത്തിനു തള്ളൽ കൂടിവരും. അതുകൊണ്ടുണ്ടാവുന്ന ദോഷത്തെ പരിഹരിച്ചു മേലാവെന്നും കീഴെന്നുമുള്ള ബോധത്തിനു പകരം സഹോദരബോധം ഉദിപ്പിച്ചു് ഇണക്കിവന്നിട്ടുള്ള കൂട്ടായ്മകളാണിവയെല്ലാം. വൻചുമടു താങ്ങണമെങ്കിൽ അ

നവധിപേരുടെ സാഹചര്യം കൂടിയേ കഴിയൂ. അവരിൽ ഓരോരുത്തരും താങ്ങുന്നതു് ഒന്നുപോലെയാണ്. ഒത്തുപിടിക്കുന്നതിൽ സമത്വവും സ്വാതന്ത്ര്യവും അന്തർഭൂതങ്ങളാണല്ലൊ. ആ രീതി നാമെന്നും കാണുന്നുണ്ടെങ്കിലും അതിന്റെ തത്വം മനസ്സിലാക്കി ലോകഗതികളെ നയിപ്പിക്കാൻ വമ്പന്മാൎക്കു മാത്രമല്ലാതെ സാധ്യമല്ല. അപ്രകാരമുള്ള മഹാന്മാർ ഏതുകാലത്തും വന്ദ്യന്മാരാകുന്നു. സഹോദരഭാവത്തിന്റെ പരമാവസ്ഥയാണ് സൎവരാജ്യമഹാസമിതിയിൽ നാമിന്നു കാണുന്നതു്, ഈ സഹോദരഭാവം സ്ഥായിയായി നില്ക്കുന്നപക്ഷം ഭൂമിയിൽ ഒരു പുതിയ യുഗം അവതരിക്കുമെന്നുള്ളതിൽ സംശയിക്കാനില്ല. അപ്പോൾ കൃതയുഗത്തിലുണ്ടായിരുന്നതായി പുരാണങ്ങളിൽ ഉൽഘോഷിച്ചിരിക്കുന്ന സുസ്ഥിതി വരാതെ തരമില്ല. സൎവ്വജനങ്ങളും സുഖമായി കാലക്ഷേപം ചെയ്യും. ഭാവിതലമുറക്കാൎക്കു് ഇതിലധികം ഭാഗ്യമെന്താണു വരാനുള്ളതു്?.

"ലോകാസ്സമസ്താസ്സുഖിനോഭവന്തു".

# അദ്ധ്യക്ഷപ്രസംഗം

(തുടൎച്ച)

ഐ. സി. ചാക്കൊ ബി. എ., ബി. എസ്സ്. സി.,
എ. ആർ. എസ്സ്. എം, എ. ആർ. സി. എസ്സ്. (ലണ്ടൻ)

## സാങ്കേതികശബ്ദനിഘണ്ടു.

നിഘണ്ടുനിൎമ്മാണം സാഹിത്യപരിഷത്തിന്റെ പ്രധാനോദ്ദേശങ്ങളിലൊന്നാണല്ലൊ. ഈ കാൎയ്യത്തിൽ ഞാൻ ഒന്നും ചെയ്തിട്ടില്ലെങ്കിലും ഇതിനെക്കുറിച്ച് ഞാൻ അധികം ചിന്തിച്ചിട്ടുണ്ട്. സംസ്കൃതത്തിലും ലത്തീനിലും ഉള്ള സ്വല്പ ജ്ഞാനവും ചില നവീനശാസ്ത്രങ്ങളിൽ ഉള്ള ദിഗ്പരിചയവും എന്റെ ചിന്തയെ ഈ വിഷയത്തിലേക്ക് പലപ്പോഴും ആകൎഷിച്ചിട്ടുണ്ട്. നിഘണ്ടുനിൎമ്മാണം സംബന്ധിച്ച് അതിശോചനീയമായ ഒരു കഥയും എന്റെ ഓൎമ്മയിൽ മിക്കപ്പോഴും വരാറുണ്ട്. ഈ കഥ

മലയാളസാഹിത്യത്തിന് അനവധി സാഹ്യങ്ങൾ ചെയ്തിട്ടുള്ള സാഹിത്യസാഹ്യാദി കത്താവായ ആ മഹാവൈയാകരണനെ അനുസ്മരിപ്പിക്കുന്നതാകയാൽ അതിനെ ഞാനിവിടെ രേഖപ്പെടുത്തേണമെന്നു വിചാരിക്കുന്നു.

പരേതനായ എ. ആർ. രാജരാജവമ്മ തിരുമനസ്സിലെ ഞാൻ മിക്കപ്പോഴും കാണുകയും സംസ്കൃതസാഹിത്യത്തിന്റെ നാനാശാഖകളെക്കുറിച്ച് ഞങ്ങൾ സംഭാഷണം ചെയ്യുകയും പതിവായിരുന്നു. മലയാളസാഹിത്യം ശാസ്ത്രദശയിലേക്ക് പ്രവേശിക്കേണ്ട കാലം ആസന്നമായിരിക്കുന്നുവെന്നും ശാസ്ത്രസാഹിത്യം പുഷ്ടിപ്പെടണമെങ്കിൽ സവ്സ്വീകാര്യമായ ഒരു സാങ്കേതികശബ്ദനിഘണ്ടു ആവശ്യമാണെന്നും ഞങ്ങൾക്കു തോന്നി. ഈ കാര്യം നിവ്വഹിക്കുന്നതിനായി ഒരു കമ്മിററിയും നിർമ്മിക്കപ്പെട്ടു. ഈ കമ്മിററിയിൽ സകല ശാസ്ത്രങ്ങളുടേയും സകല കലകളുടേയും പ്രതിനിധികൾ ഉണ്ടായിരുന്നു. ഓരോ ശാസ്ത്രത്തിലും ഇംഗ്ലീഷിലുള്ള സാങ്കേതികശബ്ദങ്ങളെ ശേഖരിച്ച് അത്ഥനിർണ്ണയം ചെയ്യുന്നതിന് സബ് കമ്മിററികളുമുണ്ടായിരുന്നു. ഈ വിവരങ്ങളെല്ലാം അച്ചടിപ്പിച്ചു സാമാജികന്മാരുടെ ഇടയിൽ പ്രചരിപ്പിച്ചു. ആദ്യത്തെ നിഘണ്ടുനിർമ്മാണശ്രമം ഇതുകൊണ്ടവസാനിച്ചു. സാമാജികന്മാരാരും കമ്മിററിയുടെ നിർദ്ദേശമനുസരിച്ചൊന്നും ചെയ്തില്ല.

കമ്മിററി എത്രകാലം ഇങ്ങനെ നിദ്രയിൽ കിടന്നുവെന്നും എപ്പോൾ മരിച്ചുവെന്നും ഇപ്പോൾ എനിക്കു ഓമ്മയില്ല. കുറെ വഷങ്ങൾക്കു ശേഷം ഒരുദിവസം തിരുമനസ്സിൽ നിന്നും എന്നോട് ഏകദേശം ഇങ്ങനെ പറയുകയുണ്ടായി:– "നമ്മുടെ നിഘണ്ടുവിന്റെ കാര്യത്തിൽ ഇനിയും അമാന്തം പാടില്ല; ഇനിയും താമസം വരുത്തിയാൽ അതു് അവസാനിക്കുന്നതുവരെ ഞാൻ ജീവിച്ചിരിക്കുമോ എന്നു സംശയമാണ്." വലുതായ ഒരു കമ്മിററി വഴി ഈ കാര്യം സാധിക്കുവാൻ പ്രയാസമെന്നു പരിചയം പ്രത്യക്ഷമാകുകയാൽ നിർബ്ബന്ധം കൂടാതെ സഹായിക്കുന്നവരുടെ സാഹായ്യത്തെ മാത്രം അവലംബിച്ചുകൊണ്ട്, തിരുമനസ്സിൽ നിന്നുതന്നെ നിഘണ്ടു എഴുതിത്തുടങ്ങേണമെന്നു ഞങ്ങൾ തീച്ച്യാക്കി. ഇതിനുശേഷം വന്ന പൂജയെടുപ്പു ശുഭമുഹൂർത്തത്തിൽ തിരുമനസ്സിലെ വസതിയിൽ ഞങ്ങൾ ചിലർ ഒരുമിച്ചു കൂടുകയും നിഘണ്ടുവിന്റെ ആദ്യശബ്ദമായിട്ടു "A" എന്ന അക്ഷരം തിരുമനസ്സിൽനിന്നും ഒരു കടലാസിൽ എഴുതുകയും ചെയ്തു. ശ്രീമാന്മാരായ എ. ഗോപാലമേനോൻ, കെ. പി. ഉക്കണ്ടനുണ്ണിനായർ, ററി. കെ. ജോസഫ് എന്നിവരും ഞാനുമാണ് അന്നു് അവിടെ കൂടിയിരുന്നതെന്നാണ് എന്റെ ഓമ്മ.

അന്നുമുതല്ക്കു് നിഘണ്ടുനിർമ്മാണം മുറയ്ക്കു് നടന്നുകൊണ്ടിരുന്നു ഇംഗ്ലീഷുശബ്ദങ്ങൾക്കു് സമാത്ഥങ്ങളായ സംസ്കൃതശബ്ദങ്ങളുണ്ടെങ്കിൽ

സാധാരണമായി ഇവയെതന്നെ സ്വീകരിക്കേണ്ടണമെന്നായിരുന്ന ഒരു വ്യവസ്ഥ. ചിന്താസാദ്ധ്യങ്ങളായ ശാസ്ത്രങ്ങളിൽ അതി സൂക്ഷ്മങ്ങളായ അൎത്ഥവ്യത്യാസങ്ങളേ കുറിക്കുന്ന സങ്കേതികശബ്ദങ്ങൾ സംസ്കൃതത്തിൽ സുലഭമാണ്. പരീക്ഷണസാദ്ധ്യങ്ങളായ ജ്യോതിഷം, ആയുൎവേദം, ശില്പശാസ്ത്രം മുതലായ ശാസ്ത്രങ്ങളിലും അനവധി സാങ്കേതിക സംജ്ഞകൾ സംസ്കൃതത്തിലുണ്ട്. ഇവയെല്ലാം ആരാഞ്ഞു ശേഖരിച്ച് ഇവയ്ക്കു സമാനാൎത്ഥങ്ങളായ ഇംഗ്ലീഷുശബ്ദങ്ങൾ ഏതെല്ലാമെന്നു കണ്ടുപിടിക്കുന്നത് എളുപ്പമായ ഒരു കാൎയ്യമല്ലെന്നു പറയണമെന്നില്ലല്ലോ. നവീനശാസ്ത്രങ്ങളിൽ സാങ്കേതികാൎത്ഥങ്ങളോടുകൂടിയ പ്രാതിപദികങ്ങൾ മാത്രമല്ല സാങ്കതികങ്ങളായ അനവധി കൃത്തദ്ധിതപ്രത്യയങ്ങളുമാവശ്യമുണ്ട്. ശാസ്ത്രനൈപുണ്യവും ഭാഷാനൈപുണ്യവും രണ്ടും കൂടാതെ ശാസ്ത്രഗ്രന്ഥങ്ങൾ എഴുതുന്നവർ വരുത്തിക്കൂട്ടുന്ന ദോഷങ്ങളെ പരിഹരിക്കുന്നതിനു തക്കതായ ഒരു നിഘണ്ടുവുണ്ടാകേണമെന്നായിരുന്നു ഉദ്ദേശം. ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ, ഏവംവിധങ്ങളായ ഉദ്ദേശങ്ങളോടുകൂടിയ ഒരു നിഘണ്ടുവിൻെറ നിൎമ്മാണം നടന്നുകൊണ്ടിരുന്നു. എന്നാൽ, കൈരളിയുടെ ദൌൎഭാഗ്യംകൊണ്ട്, ഏതാണ്ടിലെ പൂജയെടുപ്പു സംബന്ധിച്ചുള്ള ശുഭമുഹൂൎത്തത്തിൽ ഈ നിഘണ്ടുനിൎമ്മാണം തുടങ്ങിയോ, ആ ആണ്ടിൽ തന്നെ കേരളപാണിനിയെന്നു സൎവ്വസമ്മതനും, ഗുണസാമ്യം കൊണ്ടു സാക്ഷാൽ കേരളകാളിദാസനുമായിരുന്ന ആ തിരുമേനി നമ്മുടെയിടയിൽ നിന്നും തിരോധാനം ചെയ്തു. മനസ്സിൻെറയോ ആത്മാവിൻെറയോ ഏതൊരുശക്തിയാണ് അരോഗനായിരുന്ന ആ തിരുമേനിയിൽ നിഘണ്ടു എഴുതിതീരുന്നതുവരെ താൻ ജീവിച്ചിരിക്കുമൊ എന്നുള്ള സംശയം ജനിപ്പിച്ചതെന്ന് ഞാൻ മിക്കപ്പോഴും ആലോചിക്കയും നിഘണ്ടുനിൎമ്മാണത്തിൻെറ ഈ അവസാനത്തെ ശോചിക്കയും ചെയ്യാറുണ്ട്.

എ. ആർ. രാജരാജവൎമ്മ തിരുമനസ്സിലെപ്പോലെ സൎവ്വസമ്മതമായ പാണ്ഡിത്യവും പ്രാമാണ്യവുമുള്ള ഒരാളിൻെറ പ്രണേതൃത്വത്തിൽ ഒരു നിഘണ്ടു പുറപ്പെട്ടിരുന്നുവെങ്കിൽ അതു സൎവ്വരാലും ആദരിക്കപ്പെട്ടുമായിരുന്നു. ആ സൌഭാഗ്യം നമുക്ക് നഷ്ടമായിപ്പോയി. സാഹിത്യപരിഷത്തിൻെറ പ്രണേതൃത്വത്തിൽ പുറപ്പെടുന്ന നിഘണ്ടുവിനു സൎവ്വസമ്മതമായ പ്രാമാണ്യമുണ്ടാകാതിരിക്കാൻ ഇടയില്ലല്ലൊ. പരിഷത്തിൻെറ ആ ഉദ്ദേശം ഇനിയും അധികം കാലവിളംബം കൂടാതെ ഫലിച്ചുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

### ഭാഷയുടെ ഐകരൂപ്യം

ഗതാഗതസൌകൎയ്യങ്ങളും അതുകൊണ്ടു ജനങ്ങൾ തമ്മിലുള്ള ഇടപാ

ടുകളും വർദ്ധിച്ചുവരുന്നതു ഭാഷയ്ക്കു് ഐകരൂപ്യമുണ്ടാകുന്നതിനുള്ള കാരണങ്ങളിൽ ഒന്നാണല്ലൊ. വൎത്തമാനപത്രങ്ങളും മാസികകളും ഐകരൂപ്യം വരുത്തുന്ന മററു കാരണങ്ങളാണു്. ഈ കാരണങ്ങൾ കാലക്രമേണ മലയാളഭാഷയുടെ ദേശീയങ്ങളും ജാതീയങ്ങളുമായ വ്യത്യാസങ്ങളെ നീക്കികളയുന്നതാണു്. പല ജാതിക്കാരും പല മതക്കാരും ആയ വിദ്യാൎത്ഥികൾ ഒരേ വിദ്യാലയങ്ങളിൽ ചേൎന്നു് ഒരേ പാഠങ്ങൾ തന്നെ പഠിക്കുന്നതും ഭാഷയെ സമീകരിക്കുന്നുണ്ടു്. പരിഷ്കാരഗതിയാൽ വന്നുകൂടിയിട്ടുള്ള ഈ കാരണങ്ങളാൽ ഭാഷയ്ക്കു് ഐകരൂപ്യം വരുന്നുണ്ടെങ്കിലും, സാഹിത്യപരിഷത്തിന്റെ ശ്രദ്ധയും ഇതിൽ പതിയേണ്ടിയിരിക്കുന്നു. ഐകരൂപ്യം വരുത്തുന്നതായ കാരണങ്ങൾ അപശബ്ദങ്ങളേയും അനാശാസ്യങ്ങളായ പ്രയോഗങ്ങളേയും നാടൊട്ടുക്കു പ്രചരിപ്പിക്കുന്നുണ്ടു്. ഒന്നു രണ്ടുദാഹരണങ്ങൾ പറയാം. ഇന്നാരാൽ "പ്രതിനിധീകരിക്കപ്പെടുന്ന" ഇന്നതാലൂക്കു് എന്നിങ്ങനെയൊരു പ്രയോഗം തിരുവിതാംകൂറിലും കൊച്ചിയിലും നിയമസഭകൾ ഉണ്ടായതിനു ശേഷം ചില വൎത്തമാനപത്രങ്ങളിൽ ഉത്ഭവിക്കയും നാടൊട്ടുക്കു വ്യാപിക്കയും ചെയ്തിരിക്കുന്നു. പ്രയോക്താക്കളുടെ അൎത്ഥം സ്പഷ്ടമാണെങ്കിലും പ്രയോഗം അബദ്ധമായിരിക്കുന്നു. ഇതുപോലെതന്നെ "ആബദ്ധ്യം" എന്നൊരു വാക്കു് ചില പത്രങ്ങളിൽ കാണാറുണ്ടു്. "ആബദ്ധ്യം" എന്നുള്ള തദ്ധിതനിഷ്പാദനം അബദ്ധമാണെന്നു പറയണമെന്നില്ലല്ലൊ. പത്രാധിപന്മാരിലും ലേഖകന്മാരിലും പണ്ഡിതന്മാരുണ്ടെങ്കിലും ത്വരിതഗതിയായ ഇപ്പോഴത്തെ പത്രപ്രവൎത്തനത്തിൽ മുൻകാലങ്ങളിലെപ്പോലെ ഭാഷാശുദ്ധിയെക്കുറിച്ചാലോചിക്കാൻ അവൎക്കു സന്ദൎഭം കിട്ടുന്നില്ലായിരിക്കാം. പത്രങ്ങൾ വഴിയായിട്ടും മററും പ്രചാരത്തിൽ വരുന്ന ഭാഷാദോഷങ്ങളെ പരിഹരിക്കുന്നതിനു സാഹിത്യപരിഷത്തു് ശ്രമിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. പരിഷത്തിനു ഔദ്യോഗികമായ ഒരു മാസികയൊ മററൊ ഉണ്ടായിരുന്നാൽ ഇങ്ങനെ പ്രചാരത്തിൽ വരുന്ന അപശബ്ദങ്ങൾ മുതലായ ഭാഷാദോഷങ്ങളെ വിമൎശനം ചെയ്തു കാരണസഹിതം പരിഹരിക്കാവുന്നതാകുന്നു. പരിഷത്തിന്റെ പ്രാമാണ്യം സകലരാലും ആദരിക്കപ്പെടുകയില്ലെന്നു വിചാരിക്കാൻ കാരണമില്ലല്ലൊ. ഫ്റഞ്ചു അക്കാഡെമിയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ശബ്ദങ്ങളല്ലാതെ ഫ്റഞ്ചുസാഹിത്യത്തിൽ പ്രയോഗിക്കരുതെന്നു ഫ്റഞ്ചുകാൎക്കൊരു വ്രതമുണ്ടു്. സാഹിത്യപരിഷത്തിന്റെ അംഗീകരണമില്ലാത്ത ശബ്ദങ്ങൾ മലയാളസാഹിത്യത്തിൽ പ്രയോഗിച്ചുകൂടാ എന്നൊരു വ്രതം മലയാളികൾക്കും ഉണ്ടാകുമെന്നു നമുക്കു പ്രതീക്ഷിക്കാം. ഫ്റഞ്ചു അക്കാഡമി ൧൭-ാം ശതാബ്ദത്തിന്റെ പൂൎവ്വാൎദ്ധത്തിൽ രാജകീയാധികാരത്താൽ സ്ഥാപിക്കപ്പെട്ടതും ഗവൎമ്മെന്റിന്റെ ആനുകൂല്യങ്ങൾ അനുഭവിച്ചുപോരുന്നതുമാണു്. അങ്ങിനെയുള്ള ഒരു സ്ഥാനം സാഹിത്യപരിഷത്തി

ൻ ഇപ്പോൾ ഇല്ലെന്ന സമ്മതിക്കേണ്ടിയിരിക്കുന്നു. സ്ഥിരോത്സാഹം കൊണ്ടും ഉചിതങ്ങളായ പ്രവൃത്തികൾ കൊണ്ടും ഈ പരിഷത്തു് ഗവണ്മെൻറുകളുടെ അംഗീകരണത്തേയും മലയാളികളുടെ ഹൃദയപൂർവ്വമായ സമ്മതത്തെയും പ്രാപിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു.

## വിമർശനം

ശരിയായരീതിയിൽ ഗ്രന്ഥങ്ങളെ വിമർശിച്ചു കാണിക്കേണമെന്നുള്ളതു് സാഹിത്യപരിഷത്തിൻെറ ഉദ്ദേശങ്ങളിലൊന്നാണ്. ഉത്തമരീതിയിലുള്ള വിമർശനം സാഹിത്യത്തിന്ന പ്രോത്സാഹനം കൊടുക്കുമെന്നുള്ളതിൽ സംശയമില്ല. പണ്ടു് "വിദ്യാവിനോദിനി" "ഭാഷാപോഷിണി" മുതലായ മാസികകളിലും "മലയാളമനോരമ" മുതലായ പത്രങ്ങളിലും പ്രൗഢങ്ങളായ വിമർശനങ്ങൾ കാണാറുണ്ടായിരുന്നുവെന്നാണെൻെറ ഓർമ്മ. അന്ന പത്രപ്രവർത്തനം സാഹിത്യപ്രധാനമായിരുന്നു; ഇന്നൊ എന്നാൽ അതു അർത്ഥശാസ്ത്രപ്രധാനമാണ്. കമ്പിത്തപാലിലും മററും കൂടെ തിങ്ങിവരുന്ന രാജ്യവർത്തമാനങ്ങളേയും ഭരണസംഗതികളേയും പ്രതിപാദിക്കുന്നതിന്ന പത്രാധിപന്മാരുടേയും ലേഖകന്മാരുടേയും ശ്രദ്ധമുഴുവനും വേണ്ടിവന്നുപോകുന്നു. അഭിപ്രായത്തിന്നായി കിട്ടുന്ന പുസ്തകങ്ങളുടെ അച്ചടി, വില മുതലായ ചില ബാഹ്യലക്ഷണങ്ങളെ പ്രഖ്യാപനം ചെയ്യുന്നതിന്നുമാത്രമേ അവക്ക് സമയവും സൗകര്യവും കിട്ടുന്നുള്ളു. ഉത്തമമായരീതിയിൽ വിമർശനം ചെയ്യുന്നതിന്ന വേണ്ട പാണ്ഡിത്യമുള്ളവർപോലും അഭിപ്രായം യാചിച്ചുവരുന്ന ഗ്രന്ഥകാരന്മാരെ മുഷിപ്പിക്കരുതെന്നുള്ള വിചാരത്തോടുകൂടി എങ്ങും തൊടാത്ത പ്രശംസാപത്രങ്ങൾ എഴുതി കൊടുക്കുന്നതായി നാം കാണുന്നുണ്ടു്. "തനിക്കു സ്വാധീനമുള്ള സകല ശക്തികളേയും പ്രയോഗിച്ചിട്ട് പാർഷദന്മാരായി കുറെസ്തുതിപാഠകന്മാരെ സമ്പാദിക്കുന്ന" പണ്ഡിതന്മാരുണ്ടെന്ന ശ്രീമാൻ മള്ളൂർ ഗോവിന്ദപ്പിള്ള കേൾക്കുന്ന ദുഷ്പ്രവാദം തന്നെയായിരിക്കാം ഇങ്ങനെയുള്ള പ്രശംസാപത്രങ്ങൾക്കു കാരണമായിത്തീരുന്നതു്. ഇങ്ങനെ ഗൂഢമായി യാചിച്ചു വാങ്ങിക്കുന്ന അഭിപ്രായങ്ങൾ വെച്ചുകെട്ടി ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുന്ന ഗ്രന്ഥകാരന്മാർ ആക്ഷേപാർഹന്മാരാണെന്ന് ഉത്തമവിമർശകന്മാർ അവരെമനസ്സിലാക്കേണ്ടതാണ്. യുവഗ്രന്ഥകാരന്മാർ ഗൂഢമായി യാചിച്ചു് ഈ പ്രശംസാപത്രങ്ങൾ വാങ്ങിക്കുന്നതുതന്നെ നിഷ്പക്ഷമായും ഉത്തമമായുമുള്ള വിമർശനത്തിൻെറ അഭാവം കൊണ്ടായിരിക്കാമെന്ന തോന്നുന്നു. പരമാർത്ഥമില്ലാത്ത വിമർശകന്മാർ ഗ്രന്ഥത്തെ അപലപിച്ചു് അതിൻെറ പ്രചാരത്തെ തടയുമെന്നുള്ള ഭയം കൊണ്ടായിരിക്കുന്നമല്ലൊ കീർത്തിമാന്മാരായ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെ ഗൂഢമായി ശേഖരിക്കുവാൻ ഗ്രന്ഥകാരൻ തുനിയുന്നതു്.

കാവ്യഗ്രഥനത്തിൽ നമ്മുടെ പുരാതന മാനദണ്ഡങ്ങളെയെല്ലാം നാമിപ്പോൾ ഉപേക്ഷിച്ചു വരികയാണല്ലൊ. ഇംഗ്ലീഷു സാഹിത്യത്തിൻെറ സമ്മർദ്ദം നമ്മുടെ സാഹിത്യത്തിൽ വലിയ വ്യത്യാസങ്ങളെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. പുരാതനന്മാരാൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കാവ്യരൂപങ്ങളും കാവ്യഘടനകളും നാം ഉപേക്ഷിച്ചുതുടങ്ങിയിരിക്കുന്നു. പുരാണേതിഹാസാദികളിൽ പ്രകീർത്തിതമായിരിക്കുന്ന കഥയായിരിക്കണം കാവ്യവസ്തു എന്നുള്ള വ്രതം ഇപ്പോൾ നമുക്കില്ല. കല്ലിലും പുല്ലിലും നാം കാവ്യം കണ്ടുതുടങ്ങിയിരിക്കുന്നു. പ്രകൃതിയിൽനിന്ന് കാവ്യം പിഴിഞ്ഞെടുക്കുന്നതിൽ നമ്മുടെകവികൾ ഉത്സുകരായിരിക്കുന്നു. സാഹിത്യചൈതന്യം നമ്മുടെയിടയിൽ നഷ്ടമായിപ്പോയിട്ടില്ലെന്നുള്ളതിന് ഈ വികാരങ്ങൾ ലക്ഷ്യങ്ങളാണല്ലൊ.

പുരാതനമായ നമ്മുടെ സാഹിത്യശാസ്ത്രത്തിൽ സനാതനങ്ങളായ പല സാഹിത്യതത്വങ്ങളും കാണപ്പെടുന്നുണ്ട്. ഇപ്പോഴത്തെ പാശ്ചാത്യവിമർശനംപോലും സംസ്കൃതസാഹിത്യശാസ്ത്രത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന വിമർശനപദ്ധതികളെ ഉല്ലംഘിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. രസസ്വരൂപനിർണ്ണയം മുതലായ തത്വവാദങ്ങളിൽ സംസ്കൃതത്തിലെപ്പോലെ സൂക്ഷ്മമായ ഒരു ശാസ്ത്രം പാശ്ചാത്യഭാഷകളിൽ പോലും ഉള്ളതായിട്ടെനിക്കറിവില്ല. ഇങ്ങനെയുള്ള സനാതനതത്വങ്ങളെ നമ്മുടെ ഇപ്പൊഴത്തെ വിമർശനങ്ങളിലും മാനദണ്ഡങ്ങളായി പ്രയോഗിക്കാമെന്നെനിക്കു തോന്നുന്നു. കാവ്യരൂപം ലോകരുചിയനുസരിച്ചു മാറിക്കൊണ്ടിരിക്കാം. എന്നാൽ കാവ്യങ്ങളിൽനിന്നും നാം ആസ്വദിക്കുന്ന രസം സനാതനങ്ങളായ ചില ഹൃദയധർമ്മങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഈ ഹൃദയധർമ്മങ്ങളെ അപഗ്രഥനം ചെയ്തു രസങ്ങൾ, കാവ്യഗുണങ്ങൾ, കാവ്യദോഷങ്ങൾ, ഇതുകളെ നിർണ്ണയിക്കുന്നതിൽ സംസ്കൃതസാഹിത്യശാസ്ത്രജ്ഞന്മാർ കാണിച്ചിരിക്കുന്ന സാമർത്ഥ്യം അനുല്ലംഘനീയമാണ്. ഒരു നാടകത്തിൽ ഇത്ര അങ്കങ്ങൾ ഉണ്ടായിരിക്കണം അല്ലെങ്കിൽ നാടകാദിരചനയിലെ സങ്കേതങ്ങൾ ഇന്നതെല്ലാമായിരിക്കണം എന്നിങ്ങനെയുള്ള ശാസനങ്ങൾ കാലാനുസാരങ്ങളായ മര്യാദകളെ ആശ്രയിച്ചിരിക്കുന്നവയും കാലത്തിനുതകത്തക്കവണ്ണം മാറുന്നവയുമാണ്. ഇങ്ങനെയുള്ള കാലാപേക്ഷികങ്ങളായ ശാസനങ്ങളെയാണ് നാമിപ്പോൾ ഉല്ലംഘിച്ച് പാശ്ചാത്യമാതൃകകളെ സ്വീകരിക്കുന്നത്. ഇത് സമുചിതവുമാണ്. ഇംഗ്ലീഷിൽതന്നെയും ഷെക്സ്പീയറിൻെറ കാലത്തിലെ രൂപത്തിലും സങ്കേതങ്ങളോടു കൂടിയുമല്ലല്ലൊ ഇപ്പോൾ നാടകങ്ങൾ എഴുതപ്പെടുന്നതു്. കാവ്യങ്ങളുടെ ഗുണം രൂപത്തിലും സങ്കേതങ്ങളിലുമല്ല സ്ഥിതിചെയ്യുന്നതു്. അതു് ശാശ്വതങ്ങളായ ചില തത്വങ്ങളെ ആശ്രയിച്ചിരിക്കുന്നു. എൻെറ ആശയം ഈ സാമാന്യവാദങ്ങളെക്കാൾ എളുപ്പത്തിൽ ഒരു ഉദാഹരണം കൊണ്ട് സ്പഷ്ടമാക്കാമെന്നുതോന്നുന്നു. ഒരുകാവ്യത്തിൻെറ രൂ

പം എന്തെങ്കിലുമായിരിക്കട്ടെ. അതു പഴയതൊ പുതിയതൊ ആയിരുന്നു കൊള്ളട്ടെ. അതു് ആസ്വാദ്യമായിരിക്കണമെങ്കിൽ അതിന്നു പ്രസാദമുണ്ടായിരിക്കണം. പ്രസാദം കാവ്യത്തിന്ന് ആസ്വാദ്യതകൊടുക്കുമെന്നുള്ളതു് ശാശ്വതമായ ഒരു തത്വമാണ്.

പാശ്ചാത്യസാഹിത്യമായിരിക്കണം നമ്മുടെ സാഹിത്യശാസ്ത്രത്തിൽ ഉപേക്ഷിക്കപ്പെടുവാൻ പാടുള്ളവയും ഉപേക്ഷിക്കപ്പെടുവാൻ പാടില്ലാത്തവയുമായ ശാസനങ്ങൾ ഉണ്ടെന്നു നമ്മെ മനസ്സിലാക്കുന്നതു്. ഉപേക്ഷിക്കപ്പെടുവാൻ പാടുള്ള ശാസനങ്ങൾ ശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടായകാലങ്ങളിലെ നടപ്പുകൾമാത്രമായിരിക്കണം. ആ നടപ്പുകൾക്ക് കാലാനുസാരം മാററങ്ങൾ വരാവുന്നതും മലയാളസാഹിത്യത്തിലും ഇൻഡ്യയിലെ മററു സാഹിത്യങ്ങളിലും മാററങ്ങൾ വന്നുകൊണ്ടിരിക്കുന്നതുമാകുന്നു. ഇങ്ങനെയുള്ള മാററങ്ങൾ അനഭിലഷണീയങ്ങളായ വ്യതിയാനങ്ങളാണെന്നു വിചാരിക്കപ്പെടുവാൻ പാടില്ല. മലയാളസാഹിത്യവിമർശനങ്ങളിൽ സംസ്കൃതസാഹിത്യശാസ്ത്രത്തിലെ സനാതനങ്ങളായ മാനദണ്ഡങ്ങളെ പ്രയോഗിക്കുന്നതു നന്നായിരിക്കുമെന്നെനിക്കു തോന്നുന്നു.

വിമർശനത്തിൽ നാം വർഗ്ഗീയമായും ദേശീയമായും നിഷ്പക്ഷന്മാരായിരിക്കാൻ ശ്രമിക്കേണ്ടതാണ്. മലയാളനാട്ടിനെ അധിവസിക്കുന്ന സകലരുടേതുമാണല്ലൊ മലയാളഭാഷ. മലയാളഭാഷയുടെ പോഷണത്തിൽ ഇവർക്കെല്ലാവർക്കും അവകാശമുണ്ടെന്നും ഭാഷയെ പോഷണം ചെയ്യുന്നതിന് അനവധിമാർഗ്ഗങ്ങളുണ്ടെന്നും നാമോർക്കണം. ചില മതക്കാർ എഴുതുന്ന പുസ്തകങ്ങൾ ഉണ്ടെന്നുതന്നെ മററുമതക്കാരായ വിമർശകന്മാർ ഭാവിക്കാറില്ലെന്നുള്ള ഒരു പരാതി ഞാൻ കേട്ടിട്ടുണ്ട്. ഇവരുടെ ആക്ഷേപങ്ങളെക്കാൾ തീവ്രമായിട്ടുള്ളതു് ഇവരുടെ മൌനമാണെന്നു ഒരാൾ ഒരിക്കൽ എന്നോടു പറയുകയുണ്ടായി. യാതൊരു ഭാഷയും പ്രത്യേകമൊരു മതത്തിൻേറതെന്നു പറഞ്ഞുകൂടാ. നമ്മുടെ വേഷങ്ങൾക്കെന്നതുപോലെ മതങ്ങൾക്കു മാററം വരുന്നതായി നാം കാണുന്നു. എന്നാൽ ഭാഷ ജലവും വായുവും പോലെ സാർവ്വജനീനമാണ്; അതു ജലവും വായുവും പോലെ എല്ലാവരുടേയും സ്വത്താണ്. കത്തോലിക്കാ വൈദീക വിദ്യാലയങ്ങളിൽ ഹിന്ദുമതത്തോടു പ്രത്യേകബന്ധമുള്ള സംസ്കൃതത്തെ ഒരു വിഷയമാക്കുന്നതിന്ന് ഭാരവാഹികൾ മടിക്കുന്നില്ല. പുത്തൻപള്ളി സെമിനാരി എന്ന് പ്രസിദ്ധമായ വൈദികവിദ്യാലയത്തിൽ സംസ്കൃതം ഒരു പാഠ്യവിഷയമാണ്. എന്നു മാത്രമല്ല, ഇൻഡ്യയിലെ ക്രിസ്തീയ ദേവാലയങ്ങളിൽ സുറിയാനിക്കും ലത്തീനിനും പകരം വൈദികഭാഷയായിട്ടു സംസ്കൃതം ഉപയോഗിക്കേണമെന്നു വാദിക്കുന്ന വൈദികരും ഇല്ലാതില്ല. കുർബാനക്രമം അല്ലെങ്കിൽ തക്സാ എന്നു നിങ്ങളിൽ പലരും കേട്ടിരിക്കുവാനിടയുള്ള ആ ക്രിസ്തീയമഹാമന്ത്രം ബംഗാള

ത്തിലെ ക്രിസ്ത്യാനികൾ "ഖ്റീഷ്ടയജ്ഞവിധിഃ" എന്ന നാമത്തിൽ സംസ്കൃതത്തിലേക്കു വിവർത്തനം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഭാഷാഭിമാനം മതാഭിമാനത്തിൽ നിന്നു വ്യക്തമായ ഒന്നാണെന്നു കാണിക്കുന്നതിനായിട്ടാണ് ഞാനിതെല്ലാം ഇവിടെ പറയുന്നതു്. മതം ഭാഷാപോഷണത്തിന് ഒരിക്കലും വിഘാതമായിരിക്കരുതു്. എല്ലാ മതങ്ങൾക്കും ഏതു ഭാഷയേയും പോഷിപ്പിക്കുവാൻ കഴിയും.

എന്നാൽ ഒരു മതത്തെയോ ആ മതത്തിൻെറ ഇതിഹാസാദികളേയൊ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ വിമർശിക്കുന്നതിന് മറെറാരു മതത്തെ അനുസരിക്കുന്നവനു സാധിക്കാതെ വരാവുന്നതാണ്. ഇതിൽ വൈഷമ്യങ്ങൾ വളരെയുണ്ടു്. ഇങ്ങനെയുള്ള കൃതികളുടെ വിഷയത്തിൽ അന്യോന്യം മൌനമായിരിക്കാം ഉത്തമം. എന്നാൽ ഒരു മതക്കാരൻ എഴുതുന്ന മതപരമല്ലാത്ത പുസ്തകങ്ങളെ മറെറാരു മതക്കാരൻ മൌനംകൊണ്ടുതന്നെ നിർമ്മൂലമാക്കുന്നതിനൊരുമ്പെട്ടാൽ അതു സാഹിത്യശോഷണം തന്നെ ആയിരിക്കും.

മാന്യസദസ്യരെ, ഇനിയും ഞാൻ നിങ്ങളുടെ ക്ഷമയെ പരീക്ഷിക്കേണമെന്നു വിചാരിക്കുന്നില്ല. നിങ്ങൾ ഇതേവരെ കാണിച്ച ക്ഷമയ്ക്കു വേണ്ടി ഞാൻ നിങ്ങൾക്കു നന്ദിപറഞ്ഞുകൊണ്ടും സാഹിത്യപരിഷത്തിനു സർവമംഗളവും ആശംസിച്ചുകൊണ്ടും ഞാൻ വിരമിക്കുന്നു.

# ഗ്രാമീണോദ്ധാരണവും അദ്ധ്യാപകന്മാരും

(സി. ജി. അനന്തൻപിള്ള ബി. എ.)

ഇന്നു് എല്ലാവരുടേയും ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്ന ഒരു വിഷയമാണു് ഗ്രാമോദ്ധാരണം. ഒരു കാലത്തു് സമാധാനജീവിതത്തിൻെറയും സംസ്കാരത്തിൻെറയും കേന്ദ്രങ്ങളും സമ്പൽസമൃദ്ധിയുടേയും സംതൃപ്തിയുടേയും നൃത്തരംഗങ്ങളും ആയിരുന്ന ഗ്രാമങ്ങൾ ഇന്നു് അധഃപതിച്ചു അജ്ഞാനദേവതയുടെ നിവാസസ്ഥാനങ്ങളായി തീർന്നിരിക്കുന്നു. പട്ടണങ്ങളുടെ വളർച്ചയോടുകൂടി ജനങ്ങൾ അങ്ങോട്ടു ത്വരിതഗമനം ചെയ്തുതുടങ്ങി. ഗ്രാമങ്ങൾ അനാഥങ്ങളുമായി. എന്നാൽ പട്ടണങ്ങളുടെ അഭിവൃദ്ധികൊണ്ടുമാത്രം രാജ്യക്ഷേമമുണ്ടാകയില്ലെന്നും, രാജ്യക്ഷേമത്തിനുള്ള ഏകമാർഗ്ഗം

ഗ്രാമപുനസ്സംഘടനയാണെന്നും ചിന്തകന്മാൎക്ക് തോന്നിത്തുടങ്ങിയിരിക്കുന്നതുകൊണ്ട് തദ്വിഷയത്തിൽ അവർ പ്രവൎത്തിച്ചുതുടങ്ങിയിരിക്കുന്നു. ഗ്രാമസംഘടനയെന്നു പറയുന്നതു കൃഷിപരിഷ്കാരമാണെന്നു ചിലർ വിചാരിക്കുന്നുണ്ട്. അങ്ങനെയല്ല. അത് എത്രയും വിസ്തൃതമായ ഒരു വിഷയമാണ്.

തീവണ്ടിയുടെ ആവിർഭാവവും മററു ഗതാഗതസൌകൎയ്യങ്ങളും ഉണ്ടാകുന്നതിനു മുമ്പ് ഗ്രാമങ്ങൾ പരസ്പരം വലിയ ബന്ധം ഒന്നും ഉള്ളവയായിരുന്നില്ലെങ്കിലും, സ്വയംസമ്പാദനശക്തിയും, സമ്പൽസമൃദ്ധിയും, സംതൃപ്തിയും ഉള്ളവയായിരുന്നു. കൎഷകന്മാർ ഓരോ ഗ്രാമത്തിനും ആവശ്യമായ ഭക്ഷണസാധനങ്ങൾ ഉണ്ടാക്കിയിരുന്നു. ഇക്കാൎയ്യത്തിൽ മിക്കഗ്രാമങ്ങൾക്കും അന്യഗ്രാമങ്ങളെ ആശ്രയിക്കേണ്ടിയിരുന്നില്ല. അഥവാ ആശ്രയിക്കേണ്ടിവന്നാൽ അവിടെ ഉണ്ടാകുന്ന സാധനങ്ങൾ പകരം കൊടുത്ത് ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ വാങ്ങാമായിരുന്നുതാനും. ഇന്നത്തെ നാണയവിനിമയത്തിനു പകരം സാധനവിനിമയമാണ നടന്നിരുന്നത്. ഓരോ ഗ്രാമത്തിലേയും ആശാരിമാർ അതാതു ഗ്രാമത്തിനു വേണ്ട ഗൃഹങ്ങൾ നിൎമ്മിച്ചിരുന്നു. വസ്ത്രനിൎമ്മാണത്തിന് വേറെ ചിലരുണ്ടായിരുന്നു. ഇങ്ങനെ ഗ്രാമത്തിനാവശ്യമുള്ള വിവിധസാധനങ്ങൾ ഉണ്ടാക്കുന്നതിന് വിവിധതൊഴിൽക്കാർ ഉണ്ടായിരുന്നു. ഓരോ ഗ്രാമവും ഭരിച്ചുവന്നത് അവിടത്തെ പഞ്ചായത്താണ്. പഞ്ചായത്തുകാർ തൎക്കങ്ങൾ തീൎത്തിരുന്നു എന്നുമാത്രമല്ല, സാമുദായികാചാരങ്ങളിലും നടപടികളിലും ആവശ്യങ്ങളെന്നു തോന്നിയിരുന്ന പരിഷ്കാരങ്ങളും ചെയ്തിരുന്നു. പഞ്ചായത്തുകാർ ഗ്രാമത്തിൽ നടക്കുന്ന എല്ലാ കാൎയ്യങ്ങളും അറിഞ്ഞിരുന്നു. സത്യത്തെ അടിസ്ഥാനമാക്കിയായിരുന്നു അവരുടെ വിധികൾ. ഇന്നോ? പേരിന് പഞ്ചായത്തുകൾ ഉണ്ട് പഞ്ചായത്തിലെ അധ്യക്ഷന്മാർ വിധികല്പിക്കുന്നത്,കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തൻെറ സ്ഥാനാൎത്ഥിയുടെ ഭാഗത്തുചേൎന്നിരുന്നവരാണൊ അല്ലയോ എന്നു നോക്കിയിട്ടാണത്രെ. ഹാ! ആ പുണ്യസ്ഥാപനത്തിൻെറ മഹിമയെ വിററുതിന്നുന്നതു് ലജ്ജാവഹമല്ലെ! സത്യവും നീതിയും നിയമവും ചിലപ്പോൾ സ്വൈരബാധത്തിനു വിഷയീഭവിച്ചില്ലെന്നും വരാം. പഞ്ചായത്തിൽ വൎഗ്ഗംതിരിച്ച് ഉദ്യോഗസ്ഥന്മാർ വേണമെന്നല്ലാതെ വിദ്യാഭ്യാസമുള്ളവരെന്നൊ യോഗ്യരെന്നൊ ഇന്നു നോക്കുന്നില്ല. ഇന്നത്തെ പഞ്ചായത്തുകൾ പണ്ടത്തെ മഹനീയപ്രവൃത്തി-എത്രയും ഉൽകൃഷ്ടമായ ആദൎശം-ഗ്രാമത്തിൻെറ സൎവ്വതോമുഖമായ അഭിവൃദ്ധിയെ നൽകുന്ന ഭരണം-നിറവേററുന്നില്ല. ഓരോ ഗ്രാമത്തിലും പണ്ട് ഓരോ ചന്തയുണ്ടായിരുന്നു. ചന്തദിവസം ഗ്രാമീണൎക്ക് ഒരു വിശേഷദിവസമാണ്. അന്നു ഗ്രാമത്തിലെ മിയ്ക്ക ജനങ്ങളും അവിടെ കൂട്ടുക പതിവാണ്. തന്മൂലം പ

രസ്പരദൎശനത്തിനും സഹകരണത്തിനും സന്ദൎഭം ലഭിച്ചിരുന്നു. ഇങ്ങനെ ഗ്രാമങ്ങൾ മഹനീയമായ ഒരു സ്ഥാനത്തെത്തിയിരുന്നു.

എന്നാൽ കുറെനാൾ കഴിഞ്ഞപ്പോൾ ഈ സമ്പ്രദായമൊക്കെ മാറി. ഗ്രാമങ്ങൾ അധഃപതിച്ചു തുടങ്ങി. അതിനുള്ള കാരണം പട്ടണങ്ങളുടെ വളൎച്ചയാണ്. കച്ചവടസംബന്ധമായ വൈപുല്യം, വ്യവസായവളൎച്ച, ജീവിതോപായങ്ങളുടെ സ്ഥാനമഹത്വം, ഗവൎമ്മെൻറുദ്യോഗങ്ങൾക്കുള്ള തിരക്ക്, പട്ടണവാസത്തിലുള്ള അഭിരുചി മുതലായവ പട്ടണങ്ങളുടെ വളൎച്ചക്കു നിദാനങ്ങളായ ചില കാൎയ്യങ്ങളാണ്. പട്ടണങ്ങൾ ഗ്രാമങ്ങളിലെ ജനങ്ങളെ ആകൎഷിച്ചുതുടങ്ങി. ഗ്രാമങ്ങളിലെ ഭക്ഷണസാധനങ്ങൾ പട്ടണങ്ങളിലേക്കു കയററുമതി ആരംഭിച്ചു. ഗ്രാമീണർ പട്ടിണിക്കുന്തങ്ങളായിത്തീൎന്നു. അതേസമയത്തുതന്നെ അവരുടെ ആവശ്യങ്ങൾ വൎദ്ധിക്കുകയും ജീവിതരീതി ഉയരുകയും ചെയ്തു. പട്ടണങ്ങളിൽ സ്ഥാപിതങ്ങളായ വ്യവസായശാലകൾ ഗ്രാമങ്ങളിലെ അസംസ്കൃത സാധനങ്ങൾ സംഭരിച്ചുതുടങ്ങി. ഗ്രാമങ്ങളിലെ കൈത്തൊഴിലുകൾ നശിച്ചു. തൊഴിലില്ലായ്മയും ദാരിദ്ര്യവും തലപൊക്കിത്തുടങ്ങി. പട്ടണങ്ങളിൽ ലഭിച്ച ചില ജീവിതോപായങ്ങൾ കൃഷി കൈത്തൊഴിൽ മുതലായവയെക്കാൾ സ്ഥാനവലിപ്പമുള്ളതെന്നു ആളുകൾ ധരിച്ചു. വളരെ ഭാരമുള്ളതും ലോഹക്കഷണങ്ങൾ വഹിക്കുന്നതും വികൃതവുമായ ചില കുപ്പായങ്ങൾ ധരിച്ച്, ഉദ്യോഗസ്ഥന്മാരുടെ ശിപായികളായി, അവരെ കാണുമ്പോൾ പഞ്ചപുഛവുമടക്കി അവർ പറയുന്ന ഏതു ഹീനപ്രവൃത്തിയും ചെയ്യുന്നതു് സ്വതന്ത്രനായ കർഷകനേക്കാളും കൈത്തൊഴിൽക്കാരനേക്കാളും അന്തസ്സുള്ളതായി തോന്നി. ആദായം തുഛമെങ്കിലും ഗവൎമ്മെൻറുദ്യോഗങ്ങളിലുള്ള ഭ്രമം ഗ്രാമങ്ങളെ പിന്നണിയിലാക്കി. പട്ടണങ്ങളിലെ ആഹാൎയ്യമോടിയും ആകർഷണീയതയും ജനങ്ങളെ അങ്ങോട്ടു ഹഠാൽ ആകർഷിച്ചു. പഠിപ്പുള്ളവർ നഗരങ്ങളെ അഭയം പ്രാപിച്ചു. വിദ്യാഭ്യാസമുള്ളവർ ഒഴിഞ്ഞതോടുകൂടി ഗ്രാമങ്ങൾ വിദ്യാവിഹീനരുടെ സങ്കേതങ്ങളായിത്തീരുകയും, കുഴപ്പങ്ങൾ നേരിടുകയും, ശരിയായ നേതൃത്വത്തിൻെറ അഭാവം നിമിത്തം അധഃപതനം ആരംഭിക്കുകയും ചെയ്തു. ഗ്രാമങ്ങളുടെ ഭരണാധികാരവും നഷ്ടമായി.

ഗ്രാമങ്ങൾ അധഃപതിച്ചിരിക്കുന്ന ഇക്കാലത്തു് പഞ്ചായത്തു പോലെയുള്ള നല്ല സ്ഥാപനങ്ങൾ അതിൻെറ അഭിവൃദ്ധിക്കു് അത്യന്താപേക്ഷിതമായിത്തീൎന്നിരിക്കുന്നു. വേറൊരു വിഷമം വിജ്ഞരായ നേതാക്കന്മാരുടെ അഭാവമാണ്.

ഇന്നു് ഗ്രാമീണജീവിതത്തിൽ ശ്രദ്ധ പതിയുവാൻ ചില പ്രത്യേക കാരണങ്ങളുണ്ട്. അവയിൽ ഒന്നു വിദ്യാഭ്യാസപ്രചരണമാണ്. വിദ്യാഭ്യാസം ഉദ്യോഗത്തിനുള്ള സോപാനമായിരുന്നിടത്തോളം കാലം വിദ്യാഭ്യസ്തർ

ഗ്രാമങ്ങളെ ഉപേക്ഷിച്ചിരുന്നു. എന്നാൽ ഇപ്പോൾ വിദ്യാഭ്യാസം അപരിഷ്കൃതവൎഗ്ഗക്കാരുടെ ഇടയിൽകൂടി പ്രചരിച്ചിരിക്കുന്നു. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ ഇടയിൻ തൊഴിലില്ലായ്മയും ഭയങ്കരമായി വൎദ്ധിച്ചിട്ടുണ്ട്. വൎഗ്ഗീയമത്സരം യോഗ്യതയുള്ളവരെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു തടസ്സുന്നു. ഇതു മൂലം ചിലരുടെ ശ്രദ്ധയെ ഗ്രാമങ്ങളിലേക്കു തിരിച്ചു. രണ്ടാമതായി ഏതദ്ദേശീയസ്വയംഭരണത്തിൽ ഗ്രാമങ്ങൾ പുതുതായ ഒരു പ്രാധാന്യം വഹിച്ചുവരുന്നു. മൂന്നാമതായി ഉത്തരവാദിത്വഭരണം യഥാൎത്ഥമാകണമെങ്കിൽ ശരിയായ ആളുകളെ തിരഞ്ഞെടുക്കണം. അതിനു സ്ഥാനാൎത്ഥികൾക്കു ഗ്രാമങ്ങളിൽ സമ്മതിദാനത്തിനായി വരേണ്ടിയിരിക്കുന്നു. നാലാമതായി അയിത്തോച്ചാടനം, ഗോസംരക്ഷണം, ഖദർപ്രചരണം, അക്രമരഹിതമായ നിസ്സഹകരണം, നികുതിനിഷേധം, മദ്യവൎജ്ജനം മുതലായ പ്രസ്ഥാനങ്ങളുടെ മാറെറാലികൾ ഗ്രാമങ്ങളിൽ പ്രതിധ്വനിച്ചു തുടങ്ങിയിട്ടുണ്ട്.

ഉദ്ദേശം എന്തായിരുന്നാലും ഗ്രാമീണജീവിതത്തിലുള്ള താല്പൎയ്യം കൂടികൂടിവരികയാണ്. എന്നാൽ ഗ്രാമീണൻെറ വീക്ഷണഗതിയെ വിശാലമാക്കാതെയും, ഉയൎന്ന ജീവിതരീതിയിലുള്ള ആഗ്രഹത്തെ ജനിപ്പിക്കാതെയും ഗ്രാമോദ്ധാരണം സാധ്യമല്ല. ഈ ജോലി ആരാണു ചെയ്യേണ്ടതു്.? ഗ്രാമത്തിൽ സുസ്ഥിരമായ ഒരു പ്രവൎത്തനരംഗമുണ്ടായി, വിജ്ഞാനത്തേയും ശക്തിയേയും പ്രദാനം ചെയ്യാതെ ഒരു ഫലവുമുണ്ടാകയില്ല. രാജ്യം ഒരു ഗ്രാമക്കൂട്ടമാണ്. ഗ്രാമം അജ്ഞരായ ജനക്കൂട്ടവുമാണ്. ഓരോ ഗ്രാമത്തിലും ഓരോ പഞ്ചായത്തു സ്ഥാപിക്കണം. ഗ്രാമീണൎക്കു ആവശ്യമുള്ളതു് ശരിയായ നേതൃത്വമാണ്. അവൎക്കു് അഭിവൃദ്ധി പ്രാപിക്കുവാനുള്ള മനസ്സുണ്ട്. എന്നാൽ അതിനുള്ള മാൎഗ്ഗം അറിഞ്ഞുകൂട. ആ മാൎഗ്ഗം ചൂണ്ടിക്കാണിച്ചു് അവരെ നയിക്കേണ്ടതു പ്രാഥമികാധ്യാപകന്മാരാണ്. അദ്ധ്യാപകന്മാൎക്കു് ഏതദ്വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കണം. അവർ ഗ്രാമീണരുടെ നേതാക്കളും, സ്നേഹിതന്മാരും, ഉപദേഷ്ടാക്കളുമായിത്തീരണം അപ്പോൾ അവൎക്കു വേണ്ടതായ ഉപയോഗകരമായ അറിവു് അദ്ധ്യാപകന്മാർ നൾകും. സഹായത്തിനായി ശരിയായ ഗവമ്മെൻറുസ്ഥാപനങ്ങളെ പ്രാപിക്കുവാൻ ഉപദേശിക്കും. പല കാൎയ്യങ്ങൾക്കായി പരസ്പരസഹായസംഘങ്ങൾ സ്ഥാപിക്കും. എന്നാൽ പരസ്പരസഹായസംഘത്തിൻെറ ആദൎശത്തെ വ്യഭിചരിപ്പിച്ചുള്ള ഇന്നത്തെ പരസ്പരസഹായസംഘങ്ങൾ - പണം കടംകൊടുത്തു കടക്കാരെ വൎദ്ധിപ്പിക്കുന്ന സംഘങ്ങൾ- അല്ല സ്ഥാപിക്കേണ്ടതു്. ഈ പ്രവൃത്തികൾ ചെയ്യുന്നതിന് എഴുതാനും, വായിക്കുവാനും, കണക്കു കൂട്ടുവാനും മാത്രം അറിയുന്ന അധ്യപകന്മാർ പോരാ. ഗ്രാമകാൎയ്യങ്ങളിൽ ശരിയായ പരിശീലനം സിദ്ധിച്ചിട്ടുള്ളവരായിരി

ക്കണം. ഗ്രാമീണരുടെ ഇടയിൽ സ്നേഹവും സഹകരണവും ഉണ്ടാക്കുക, വിനോദങ്ങൾ ഏൎപ്പെടുത്തുക, അവരോടു ആരോഗ്യശാസ്ത്രത്തേയും ശുചീകരണത്തേയും പററി പ്രസംഗിക്കുക, വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത മനസ്സിലാക്കി രക്ഷാകൎത്താക്കന്മാരോട് കുട്ടികളെ വിദ്യാലയങ്ങളിൽ അയക്കുവാൻ പ്രോത്സാഹിപ്പിക്കുക, നിശാപാഠശാലകൾ ഏൎപ്പെടുത്തുക, ഗ്രന്ഥശാലകൾ സ്ഥാപിച്ച് പുസ്തകങ്ങൾ വിതരണം ചെയ്യുക, കൈത്തൊഴിലുകളിൽ പ്രോത്സാഹിപ്പിക്കുക, സ്വാശ്രയശക്തിയുടേയും സ്വയം പ്രവൎത്തനശീലത്തിൻേറയും പ്രാധാന്യത്തെ മനസ്സിലാക്കുക മുതലായവ ഈ അദ്ധ്യാപകന്മാരുടെ പ്രവൎത്തനലോകത്തിൽ പെട്ടിട്ടുള്ള പ്രധാനസംഗതികളാണ്. ഇക്കാൎയ്യത്തിൽ ഇത്രയും ശക്തിയുള്ളവർ അദ്ധ്യാപകന്മാരല്ലാതെ വേറെ ആരുമില്ല. എന്നാൽ അതിന് വലിയ ത്യാഗം അത്യാവശ്യമാണ്. ത്യാഗം കൊണ്ടല്ലാതെ ഏതെങ്കിലും മഹത്തായ കാൎയ്യം സാധിച്ചിട്ടുണ്ടോ? അദ്ധ്യാപകന്മാർ ഗ്രാമീണരുടെ നേതാക്കന്മാരായിത്തീൎന്നാൽ ഗ്രാമോദ്ധാരണത്തിന്നു ധാരാളം സൌകൎയ്യം ലഭിക്കുകയും, അതു ക്ഷിപ്രസാദ്ധ്യമായിത്തീരുകയും ചെയ്യും. സംശയമില്ല. എന്നാൽ മഹത്തായ ജോലി ചെയ്യുന്ന അദ്ധ്യാപകന്മാൎക്ക് ഉദരപൂരണത്തിനുള്ള വഴി പരാശ്രയം കൂടാതെ ലഭിക്കാൻ വേണ്ട ഏൎപ്പാടു ചെയ്യേണ്ടതുമാണല്ലൊ.

## "ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും"

### ഒരു വിമൎശനം

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ.)

(തുടൎച്ച)

തോണി കയറി മലയാളക്ഷേത്രത്തിലിറങ്ങി നിലവറയ്ക്കുള്ളിൽ കണ്ടെടുത്ത പണ്ടങ്ങളെന്തെല്ലാമെന്ന് ഭാണ്ഡത്തിലുള്ള പൊതികളഴിച്ചു നമുക്ക് നോക്കാം. പട്ടം തേച്ച് ഉരാണിയാക്കാത്തതാണെങ്കിലും, വെളിച്ചം തട്ടിയപ്പോൾ സപ്തസ്വരങ്ങളോടൊപ്പം വൎണ്ണങ്ങളെ പ്രതിഫലിപ്പിക്കു

ന്ന ചില രത്നങ്ങളാണു ആദ്യത്തെ പൊതിയിലുള്ളതു്. തക്കംപോലെ അടിച്ചു നീട്ടുകയൊ, ഉരുക്കിച്ചേർക്കയൊ, ഏതു ഭാഷയിലും ആകൃതിയിലും വരുത്തുകയൊ ചെയ്യാവുന്ന കുറെ തങ്കമാണ് പിന്നെ കിട്ടിയിട്ടുള്ളതു്. പിന്നയോ? നവരത്നങ്ങൾ മാത്രയൊപ്പിച്ചു് ഭംഗിയായി കോർത്ത മാലകൾ, രൂപങ്ങളും ലതകളും കൊത്തിയ അണിവലയങ്ങൾ, ജപമാലകൾ, രത്നകിരീടങ്ങൾ, വീരശൃംഖലകൾ, ഉദരബന്ധങ്ങൾ എന്നിങ്ങനെ അനവധി പരിഷ്കൃതമാനസരഞ്ജകങ്ങളായ ആഭരണങ്ങളാണ് നമുക്കു കിട്ടിയതു്. പിന്നത്തെ കെട്ടിൽ കിട്ടിയതു് കാണുമ്പോൾ ആർക്കും കണ്ണീർ പൊഴിയും. കണ്ടപേർവന്നു കയറി ചവുട്ടിപ്പൊട്ടിച്ച മുത്തുമാലകൾ, പതക്കങ്ങൾ, പുലിനഖങ്ങൾ, പാലയ്ക്കകൾ, സന്താനഗോപാലവിഗ്രഹങ്ങൾ തുടങ്ങിയ പണ്ടങ്ങളുടെ അവശിഷ്ടങ്ങളാണ് അതിലുള്ളതു്. അതും ഒരുവിധം സഹിക്കാം. പിന്നത്തെക്കെട്ടഴിച്ചു നോക്കുമ്പോഴല്ല നെഞ്ചുരുകിപ്പോകുന്നതു്. എല്ലാം പൂച്ചുവിദ്യ കാണിച്ചിട്ടുള്ള പണ്ടങ്ങളാണ്. സ്വർണ്ണമെന്നു തോന്നുന്നതെല്ലാം ഒന്നുരച്ചാൽ ചെമ്പാണു്; രത്നമെന്നു തോന്നുന്നതെല്ലാം പൂച്ചക്കല്ലോ വെറും വർണ്ണത്തകിടോ മാത്രം! കഷ്ടമേ! എത്രയോ വിലപിടിച്ച വകയിരുന്ന ദിക്കിൽ ഈ തുച്ഛസാധനങ്ങളുമുണ്ടായല്ലൊ! പരിഷ്കാരഗതിയുടെ വൈഷമ്യം എത്രകണ്ടുണ്ടു്! ഇന്നത്തെ കൈരളികളുടെ വേഷത്തിലും ഈ ഭേദഗതി വന്നതു് കുറവല്ല. ഭാഷയിലുള്ളതു് വേഷത്തിലും പകരും നിശ്ചയം. ലങ്കയിൽപോയി സൂചികൊണ്ടുവന്നവിധം ചില സാധനങ്ങളും ഇടയ്ക്കിടെ കാണ്മാനുണ്ടു്.

പകിട്ടേറുന്ന പിത്തലാട്ടങ്ങളെ ധിക്കരിച്ചു് തനിഗ്ഗുണങ്ങളുള്ള പണ്ടങ്ങളെ നവീനരീതിക്കു് പരിഷ്കരിച്ചു കൈരളിയെ അലങ്കരിക്കണമെന്നാണ് കവിയുടെ ഉപദേശം. എന്നാൽ ഇന്നത്തെ കൈരളിമക്കൾക്കു് ആഭരണങ്ങൾ അത്ര പിടിത്തമില്ല ചേലകളിലും തുണികളിലുമാണ് ഭ്രമം. തോടയും മൂക്കുത്തിയും പോയി കമ്മലും ലാക്കറ്റുമായി; കുറിവാലനും പട്ടക്കരയും ഏത്താപ്പും വിട്ടു് സാരിയും ജാക്കറ്റും തുപ്പട്ടാവും മതി. ഈ രുചിഭേദത്തിനു് നാം കുററം പറഞ്ഞുകൂടാ. ജീവനുള്ളതിനെല്ലാം ഒരു ചലനമുണ്ടാകാതെ തരമില്ല. എല്ലാ ജീവികൾക്കും മേലോട്ടു ഉന്തിക്കയറാൻ തന്നെയാണ് പ്രയത്നം. അപ്രകാരം ചെയ്യുന്നതിൽ കാൽവഴുതി കീഴോട്ടു നഴകാനും മതി. എങ്കിലും പിന്നെയും പററിപ്പിടിച്ചു് ഉൽഗതിക്കു തന്നെ ശ്രമം തുടരും. സഹായത്തിനു കൂട്ടുകാരും കിട്ടും. ആദ്യം അടിപിഴച്ചു പോയവർക്കു് കൂട്ടുകാരുടെ താങ്ങലിൽ വർദ്ധമാനമായ ഔത്സുക്യമുണ്ടാകുന്നതിലെന്തത്ഭുതം? എന്നു തന്നെയല്ല, കൈരളിക്കു പണ്ടത്തെ സഖിയായിരുന്ന ഗൈർവാണിയെക്കാൾ കൂടുതൽ കരുത്തേറിയ ഹൈമവതി സഖ്യംപിടിച്ചിട്ടുണ്ടു്. അതു നിമിത്തം പുതുതോഴിയോടു് കുറേക്കൂടി ചങ്ങാത്തവും

പഥ്യവും വരാനല്ലാതെ തരമില്ല. വെള്ളക്കാരിയുടെ വേഷപ്പകർച്ചയിലും ഭാവങ്ങളിലും നാട്യങ്ങളിലും കൈരളി മിരണ്ടിരിക്കുന്നു എന്നുള്ള വാസ്തവം നാം സമ്മതിക്കതന്നെ വേണം. അതു് ഗുണമോ ദോഷമോ എന്നാണ് ചിന്തിക്കാനുള്ളതു്.

സംഗീതകലയുടെ ആവിർഭാവം നാദബ്രഹ്മാനന്ദത്തിൽ നിന്നുതന്നേയാണെങ്കിലും, മററുള്ള സംഗതികളിലെന്നപോലെ ഭാരതീയരും പാശ്ചാത്യരും അതിനെ വളർത്തിയതു രണ്ടു പ്രകാരത്തിലാണ്. ശബ്ദാഗമം വായുചലനവീചികൊണ്ടാണെന്നു്, ശബ്ദഗുണത്വം ആകാശത്തിനു കല്പിച്ചിരിക്കുന്നതുകൊണ്ടു് ഭാരതീയരും സമ്മതിച്ചിട്ടുണ്ടു്. കണ്ഠനാദവും കൈത്താളവുമാണ് ആദ്യത്തെ വാദ്യവിശേഷങ്ങളെന്നും അവർ അനുവദിക്കാതിരിക്കുമെന്നു തോന്നുന്നില്ല. എന്നാൽ ഭാരതീയർ സ്വരങ്ങളുടെ ശ്രുത്യാലാപത്തിനും പാശ്ചാത്യർ അവയിൽനിന്നുണ്ടാകുന്ന വായുവീചിയുടെ അളവിനും പ്രാധാന്യം കല്പിച്ചു പുറപ്പെട്ടു. അതുകൊണ്ടു് ഒന്നു ശ്രുതിലയത്തിലും (Melody) മറേറതു സ്വരങ്ങളുടെ മേളക്കെട്ടിലും (Harmony) പര്യവസാനിച്ചു. നമ്മുടെ പാട്ടിനും വെള്ളക്കാരുടേതിനും ഇതാണ് വ്യത്യാസം:- നമ്മുടേതു ഒരു ശ്രുതിയെ അടിസ്ഥാനപ്പെടുത്തി അതിൽ ആത്മവികാരത്തിന് അനുയോജ്യങ്ങളായ സ്വരങ്ങളെ ആരോഹണാവരോഹക്രമത്തിന് കൂട്ടിയിണക്കി, ഒരു സ്വരത്തിൽനിന്നു മറെറാന്നിലേക്കുള്ള ഗതിയെ ലയിപ്പിച്ചുചേർത്തു് ഗാനമാകുന്നു; വെള്ളക്കാരാകട്ടെ, സ്വരമാത്രകളുടെ ശ്രേഢിയെ (Progression) കണക്കാക്കി ശ്രുതി പലതിൽചേർത്തു ഒരേ താളത്തിൽ പ്രപഞ്ചത്തിലുള്ള ധ്വനികളെ അനുകരണംചെയ്തു ഗീതമാക്കുന്നു. ഒരു കൂട്ടർക്കു ശ്രുതി പ്രമാണവും, മറേറവർക്കു് മാത്രാ (Measure) പ്രമാണവും ആകുന്നു. ഒരുത്തർക്കു ഗാനമന്ദിരത്തിൻെറ ഓരോ അംശത്തിനും ചേർച്ചയും ഇണക്കവും വേണം; മററവർക്കു് അംശങ്ങൾക്കു് എന്തു വൈലക്ഷണ്യമിരുന്നാലും ഒന്നിച്ചുവരുമ്പോൾ അഴകുണ്ടായിരുന്നാൽ മതി. പല ആകൃതിയിലും, ചിലതു മുഴച്ചും ചിലതു പതിഞ്ഞും, ഉള്ള റബിൾകല്ലുകൾകൊണ്ടു ഭംഗിയായി മതിലുകൾ കെട്ടുന്നതു ഇന്നു് സാധാരണ കാണുന്നുണ്ടല്ലോ. പ്രത്യവയവം നോക്കിയാൽ ഒരു ചേർച്ചയൊ ക്രമമൊ ഇല്ലാത്ത കല്ലുകഷണങ്ങളെ തക്കംപോലെ കൂട്ടിച്ചേർത്തു ഭംഗിയേറിയ കെട്ടിടമുണ്ടാക്കുന്നതുപോലെയാണ്, പാശ്ചാത്യരുടെ ഗാനസങ്കലനമെന്നു പറയാം. ഓരോ കല്ലും ചെത്തി വീതി ഘനങ്ങൾ ശരിപ്പെടുത്തി തമ്മിൽ വച്ചിണക്കി വരി ശരിയായി കെട്ടിയുണ്ടാക്കുന്ന മണിമേടയോടൊപ്പമാണ് ഭാരതഗാനഗുംഫനം.

ഈ ഭേദം കൊണ്ടുണ്ടാകുന്ന ഫലം ചില്ലറയല്ല. ഒന്നാമതു, വെള്ളക്കാരുടെ പാട്ടിനു താളമൊന്നുമതി, നമ്മുടെ പാട്ടിനു അതു പോരാ. ര

ണ്ടാമതു്, ഗമകമെന്നതു ഹൂണഗീതികൾ ഇല്ല; നമുക്കു അതു കൂടാതെ വരില്ല. മൂന്നാമതു്, അവരുടെ പാട്ടു് അക്ഷരം പഠുക്കി നിരത്തി നിർദ്ദേശിക്കാം. നമുക്കും കീഴ്സ്വരങ്ങളേക്കൊണ്ടു രേഖാപ്പെടുത്താമെങ്കിലും, അനുരണനങ്ങളെല്ലാം വരുത്താൻ സാദ്ധ്യമല്ല. നാലാമതു്, ആലാപത്തിനു നമുക്കു വകയുണ്ടു്; അവൎക്കു് അതു അപൂൎവ്വമാണു്. അഞ്ചാമതു്, നാം സ്തോഭങ്ങളെ രാഗത്തിന്റെ ഗതികൊണ്ടും, അവർ ധ്വനിയുടെ ഭേദംകൊണ്ടും വെളിവാക്കുന്നു. ഈവക തിരിവുകളെ നിഷ്കൃഷ്ടിച്ചു വിവരിക്കുന്നതിനു രണ്ടിലും പാണ്ഡിത്യമുള്ളവൎക്കു മാത്രമെ സാധിക്കയുള്ളു. വെള്ളക്കാർ പ്രകൃതിസംഭവങ്ങളെ അതതിനുള്ള ശബ്ദഘോഷങ്ങളെക്കൊണ്ടാണു വ്യഞ്ജിപ്പിക്കുന്നതു്. കടലിരപ്പു വരുന്ന പാട്ടിനു അപ്പോഴുണ്ടാകുന്ന ശബ്ദങ്ങളെ പല ശ്രുതിയിലാണെങ്കിലും ചേൎത്തു ഒന്നിച്ചുള്ള ഇണക്കം വരുത്തുന്നു; യുദ്ധഘോഷത്തെ അതിന്റെ ശബ്ദങ്ങളും മുഴക്കളും കൊണ്ടു വെളിവാക്കുന്നു. പല പക്ഷികളുടെയും മററും കൂജിതങ്ങളെ അനുസരിച്ചു വസന്തം മുതലായ ഋതുക്കളെപ്പററി പാടുന്നു. നാം അതല്ല ചെയ്യുന്നതു്. ശൃംഗാരാദികളായ ഓരോ രസങ്ങളെ തത്തദനുഗുണങ്ങളായ വൎണ്ണങ്ങളിൽ സങ്ക്രമിപ്പിച്ചു പതിഞ്ഞും മദ്ധ്യമഗതിയിലും മുറുകിയുമായ കാലങ്ങളിൽ ശ്രുതിലയത്തെ ആധാരമാക്കി രാഗസ്ഫൂൎത്തി വരുത്തി ഭാവത്തെ ജനിപ്പിക്കുന്നു. ചുരുക്കത്തിൽ, ഒന്നു പുറമെയുള്ള സംവിധാനങ്ങളെക്കൊണ്ടും മറേറതു അകമേ ജനിപ്പിക്കുന്ന ഉദ്ദീപനങ്ങളെക്കൊണ്ടുമാണു നിൎവൃതിയെ നേടുന്നതെന്നു പറയാം. ഭാരതഖണ്ഡത്തിൽതന്നെ ദാക്ഷിണാത്യന്മാരുടേയും ഔത്തരാഹന്മാരുടേയും ഗാനങ്ങളിൽ ഈ വൈജാത്യം വെളിപ്പെടുന്നുണ്ടു്. ഒരേരാഗം തന്നെ കൎണ്ണാടകരീതിയിലും ഹിന്ദുസ്ഥാനിമട്ടിലും പാടികേൾക്കുമ്പോൾ വ്യത്യാസം ബോധപ്പെടും. ഹിന്ദുസ്ഥാനിക്കാൎക്കു പാശ്ചാത്യസമ്പൎക്കം അധികമുണ്ടാകയാൽ, വിദേശഗാനരീതി നാട്ടുശീലിനോടു യോജിച്ചു് ഒരു സങ്കീൎണ്ണജാതി ഏൎപ്പെട്ടിരിക്കുന്നു.

നമുക്കു പാശ്ചാത്യരുമായുള്ള ഇടപാടു കൂടിയിരിക്കുന്ന ക്രമത്തിനു ഹിന്ദുസ്ഥാനിമട്ടിൽ പല വികാരങ്ങളും ഗാനകലയിൽ കടന്നുകൂടീട്ടുണ്ടു്. എന്നു മാത്രമല്ല, പാശ്ചാത്യാനുകരണത്തിൽ ഔത്സുക്യം വൎദ്ധിച്ചു വരുന്ന ക്രമത്തിനു ശ്രുതിലയത്തെ (Melody) വെടിഞ്ഞു നാദക്കെട്ടിൽ (Harmony) അകപ്പെടുന്നതിനു കൈരളി പ്രവണയാകുന്നില്ലയൊ? പ്രാസത്തിലുള്ള കൌതുഹലവും, താളത്തിലുള്ള വലിവും അതിന്റെ സൂചകങ്ങളാകാം. ഏതായാലും ഭാഷാഗാനങ്ങളെ നിയമനം ചെയ്യുന്നതിൽ ഈ സംഗതികൂടി ആലോചിക്കേണ്ടതുണ്ടു്.

വൃത്തത്തിനും താളത്തിനും അടിസ്ഥാനം മാത്രയാകുന്നു. മാത്രയുടെ മൂലം ഹ്രസ്വദീൎഘപ്ലുതങ്ങളും. ഇതു തമ്പുരാനും സമ്മതിക്കുന്നു. സം

സ്കൃതക്കാർ വൃത്തത്തിൽ സാഹിത്യത്തെ ബന്ധിക്കുന്നതിനോടൊപ്പം തന്നെയാണ് ഭാഷാസാഹിത്യത്തെ താളത്തിൽ ബന്ധിക്കുന്നത്. വൃത്തങ്ങളെ വീണാദിവാദ്യങ്ങളിൽ വായിച്ചു കേൾപ്പിക്കാമെന്നുള്ളതുകൊണ്ടു തന്നെ അവയ്ക്കും ഗാനത്തിനുമുള്ള സാമ്യം വ്യക്തമാകുമല്ലൊ. ഗുരുലഘുനിയമം രണ്ടിനും തുല്യമാണ്. അതുകൊണ്ടു വൃത്തങ്ങളും ഗാനങ്ങളാണെന്നു പറയുന്നതിൽ അനൌചിത്യമില്ല. പിന്നെ ഗാനങ്ങൾക്കും വൃത്തങ്ങൾക്കുമെന്താണു വ്യത്യാസമെന്നു ചോദിച്ചാൽ പറയാം. ഹ്രസ്വദീർഘങ്ങൾക്ക് ഒരു ക്ലിപ്തമുണ്ട്. അതു വൃത്തങ്ങളിൽ അഭേദ്യങ്ങളെന്നു സംസ്കൃതക്കാർ നിർബ്ബന്ധിച്ചിരിക്കുന്നു. ഗുരു ഒരിക്കലും ലഘുവാകയില്ല; മറിച്ചുംവരില്ല; കൂട്ടക്ഷരങ്ങൾക്കു മുമ്പിലുള്ള ഹ്രസ്വാക്ഷരം ദീർഘമായിത്തന്നെ ഗണിക്കണം. ഗാനങ്ങളിൽ ഈ നിർബ്ബന്ധമില്ല. ഹ്രസ്വം ദീർഘമാക്കിപ്പാടാം; ദീർഘത്തെ ഉഴപ്പി ലഘുവാക്കാം. രാഗത്തിനും താളത്തിനും അനുസരണമായി ഹ്രസ്വദീർഘാന്തരങ്ങൾ വഴങ്ങുന്നു. എഴുത്തിൽ ഗുരുലഘുക്കളായിത്തന്നെ കാണുന്നഅക്ഷരങ്ങൾ ഗാനാലാപത്തിൽ മാറിവരുന്നു. വൃത്തങ്ങളിൽ ഇതൊരിക്കലും സമ്മതമാകുന്നില്ല. പാട്ടിനുള്ള സ്വാതന്ത്ര്യം ഇതാണ്. അതിനെ നിയമിക്കുന്നപക്ഷം രണ്ടിനും തമ്മിൽ ഭേദം ഉണ്ടെന്നു പറയാൻ തരമില്ല. മാത്രാവൃത്തങ്ങളും ദണ്ഡകങ്ങളും പോലെ, വിരുത്തങ്ങളും പാട്ടുകളും വൃത്തകോടിയിൽ ഉൾപ്പെടുന്നില്ലെന്നാണാക്ഷേപം? സംജ്ഞാഭേദംകൊണ്ടു വൃത്തങ്ങൾ വൃത്തങ്ങളാകയില്ലെങ്കിൽ, പാട്ടുകളും വിരുത്തങ്ങളും അവയിലുൾപ്പെടുകയില്ല എന്നു മാത്രമെയുള്ളു.

ഭാഷാഗാനങ്ങളെ നിയമനം ചെയ്യുന്നതിൽ അവയുടെ സ്വാതന്ത്ര്യഗതിക്കു തടസ്ഥം നേരിട്ടുകൂടെന്നു തമ്പുരാനു നിർബ്ബന്ധമുണ്ട്. ദുസ്സ്വാതന്ത്ര്യം കൂടാതെ വരുന്നതിനു ചില നിയമങ്ങൾ ഏർപ്പെടുത്തണമെന്നും ഉപദേശിക്കുന്നു. എന്നാൽ ഒരിക്കൽ തഴച്ചുനിന്നിരുന്ന വൃക്ഷത്തിന്റെ കൊമ്പുകൾ മുരടിച്ചു പോയിട്ട് അവയെ വെട്ടി ചാണകം പൊതിഞ്ഞു വളത്തവെ, പൊട്ടിക്കിളിച്ചു വരുന്ന വേളയിൽ അച്ചിലിട്ടു വലിക്കാൻ തുടങ്ങിയാൽ വളച്ചു നിലച്ചുപോയേക്കാൻ എളുപ്പമുണ്ട്. സ്വാതന്ത്ര്യമായി വളരാൻ സമ്മതിച്ചെങ്കിൽ മാത്രമെ അതു കരുത്തോടുകൂടി വരികയുള്ളു. കുറെ മൂത്തുകഴിഞ്ഞാൽ പിന്നെ ഏതുവിധം വേണമെങ്കിലും വളയ്ക്കാം. അതുപോലെ ഭാഷാഗാനങ്ങളുടെ പുനർജ്ജന്മത്തിൽ അവയെ ആദ്യമെതന്നെ നിയന്ത്രിക്കാൻ തുടങ്ങുന്ന പക്ഷം വളച്ചു നിലച്ചുപോയേക്കും.

വാസ്തവത്തിൽ ഗാനത്തിനു നോക്കാനുള്ളതു കേൾക്കുന്നവർക്കുള്ള ഇമ്പമാണ്. ശ്രോത്രസുഖം നല്കുന്നെങ്കിൽ പാട്ടിനു പിന്നെ യേറെ നോക്കാനില്ല. സാഹചര്യംകൊണ്ടും ശീലംകൊണ്ടും ശ്രോത്രാനന്ദം വരുത്താനുള്ള രീതിക്കു വ്യത്യാസമുണ്ടാകും. പാമരന്മാർ രസിക്കുന്നതു വിദ്വാന്മാർ

രുചിക്കാതെ വരുന്നു. വെള്ളക്കാരുടെ പാട്ടു രസിക്കാത്ത ഭാരതീയരും, ഭാരതീയഗാനം രസിക്കാത്ത പാശ്ചാത്യരും ഒട്ടേറെയുണ്ട്. അതുകൊണ്ടു രണ്ടിനും ഗാനത്വമില്ലെന്ന് ആരും വാദിക്കാറില്ല. അതിനാൽ നവീനമട്ടിലുള്ള ഭാഷാഗാനങ്ങൾ പഴയ ശീലുകളിൽ നിന്നു പിഴച്ചിരുന്നാലും ഏതാനും ശ്രോതാക്കളെ രസിപ്പിക്കുന്ന പക്ഷം ത്യാജ്യകോടിയിൽ ഗണിച്ചുകൂട്ടുന്നതല്ല. പഴമക്കാർ രസിച്ചില്ലെന്നുള്ളതു നിമിത്തം പുതുപ്പാട്ടുകൾ ചീത്തയെന്നു തള്ളിക്കളയാവതല്ല. ശാസ്ത്രങ്ങളുടെ സാർവഭൗമത്വത്തിലുള്ള അതിപ്രതിപത്തി നിമിത്തം നവീനഗാനങ്ങളെ പണ്ടത്തെ നിർദ്ദിഷ്ടരീതികളിൽ കുത്തിച്ചെലുത്തുന്ന ഹഠാൽകാരവും വ്യർത്ഥപരിശ്രമമെന്നു തന്നെ പറയേണ്ടതായി വരും. അനുഷ്ടുപ്പിൽ കുറാത്ത അക്ഷരങ്ങളുള്ള 'ഉക്ഥാ' 'അത്യുക്ഥാ' മുതലായ സംസ്കൃതവൃത്തങ്ങൾ ആദിദ്രാവിഡവൃത്തങ്ങളായൊ നേരെ മറിച്ചൊ പരിണമിച്ചിരിക്കാമൊ എന്നു ഊഹിക്കുന്നതു് ഈ മാതിരി ഹഠാൽകാരത്തിന്റെ ലാഞ്ഛനയല്ലയൊ എന്നു ശങ്കിക്കാവുന്നതാണ്.

ഇന്നത്തെ മലയാള പദ്യസാഹിത്യത്തിന്റെ, 'നിഷ്കളപദ്യം' (Blank verse) എന്ന പാശ്ചാത്യനാമകരണം സിദ്ധിച്ചിട്ടുള്ള ശബ്ദാഡംബരരഹിതങ്ങളായ പാടലുകളുടെ അനുകരണം ധാരാളം കാണുന്നുണ്ട്. ഈ 'നിഷ്കളപദ്യ'ങ്ങൾക്കും ഗദ്യങ്ങൾക്കും തമ്മിൽ വളരെ അന്തരമില്ല. ഷേക്സ്പീയർ മുതലായ മഹാകവികൾ ഈ രീതിയിലാണ വിശിഷ്ട നാടകങ്ങളേയും കാവ്യങ്ങളേയും രചിച്ചിട്ടുള്ളതു്. ഈ മാതിരി കവനത്തിനു ആസ്വാദ്യത സിദ്ധിക്കണമെങ്കിൽ നല്ല പാണ്ഡിത്യവും, പദലാളിത്യവും, കല്പനാവൈഭവവുമുണ്ടെങ്കിലല്ലാതെ സാധിക്കുന്നതല്ല. അതില്ലാത്തവർ എഴുതിയാൽ കേവലം നഗ്നമായ രൂപത്തിൽ ചെമ്പു തെളിഞ്ഞു ഗദ്യത്തിനേക്കാൾ ഹീനമായി പരിണമിക്കും. പ്രാസാനുപ്രാസങ്ങളുടെ അനുകരണം കൊണ്ടുഴപാലും ശ്രവണങ്ങളെ കണ്ഡൂയനം ചെയ്യാത്ത ശബ്ദങ്ങളിൽ 'നിഷ്കളപദ്യ'രീതിയനുസരിച്ചു രചിക്കുന്ന കവിത അതുകൊണ്ടാണ് നീരസമായി തോന്നുന്നതു്. ഭാവപുഷ്ടി ഇല്ലാത്ത കൃതികൾ, പാട്ടിന്റെ പൊലിപ്പം കൊണ്ടു ക്ഷണികമായ ഒരു തിളക്കം കൊടുക്കാമെന്നല്ലാതെ, സ്ഥായിയായ രസം നല്കാൻ പ്രയാസമാണ്.

ഒരു സംഗതികൂടി നിർദ്ദേശിച്ചുകൊണ്ട് ഈ വിമർശനം സമാപിക്കാം. ലോകധർമ്മം പ്രവൃത്തിപരവും നിവൃത്തിപരവുമെന്നു രണ്ടുവിധമുണ്ടെന്നു മഹാന്മാർ പണ്ടേതന്നെ ഉപന്യസിച്ചിട്ടുണ്ട്. ഈ രണ്ടു പദ്ധതിയുടെ ലാഞ്ഛന അതതിൽ ശീലിക്കുന്നവരുടെ സകലപ്രവൃത്തികളിലും അനായാസേന പ്രതിഫലിച്ചു കാണാം. പാശ്ചാത്യർ കർമ്മപദ്ധതിയിൽ നിഷ്ണാതന്മാരാണെന്നു തെളിയിക്കാൻ അവരുടെ ഏതു വ്യാപാരവും മതിയാ

കം. മനുഷ്യജീവിതം ഐഹികസുഖസമ്പാദനത്തിന്ന സാധകമാണെന്ന ഉറച്ചിരിക്കുന്ന പാശ്ചാത്യബുദ്ധി, ധനാജ്ജനത്തിനും തദ്വാരാ സിദ്ധിക്കുന്ന സാധനസമ്പത്തിനും പ്രവണയായി തീരുന്നതു യുക്തംതന്നെ. അവരുടെ സകല ചേഷ്ടകളും കമ്മകുശലതയെ പുരസ്കരിച്ചിരിക്കും. ആചാരങ്ങളും, നടവടികളും, സമ്പ്രദായങ്ങളുമെല്ലാം പൌരുഷേയപ്രധാനങ്ങളായിരിക്കും. തോലിയും കേഴലും അശക്തതയെ അല്ല, പുനരുത്ഥാനത്തിന്നുള്ള പ്രസ്താവനയെയാണ് വ്യഞ്ജിപ്പിക്കുന്നത്. ഈ സ്വഭാവം അവരുടെ സാഹിത്യസംഗീതങ്ങളിലും പ്രകാശിക്കാതെ വരുമൊ? ഭാരതീയരിലാകട്ടെ സകലതും നിവൃത്തിപരമായിട്ടാണ് വിളങ്ങുന്നത്. ഏതു കാര്യത്തിലും ഒരു സർവ്വാതീതശക്തിയുടെ സാന്നിദ്ധ്യംകൂടാതെ വരുന്നില്ല. അപൌരുഷേയമായ ഒരു ദിവ്യചൈതന്യം അവരുടെ സകല വ്യാപാരങ്ങളേയും സംവരണം ചെയ്തിരിക്കുന്നു. തന്നിമിത്തം അവരുടെ സംഗീതസാഹിത്യകലകൾ അതീന്ദ്രിയമായ ഒരു ലക്ഷ്യത്തെ ലാക്കാക്കിയാണ് പ്രവൃത്തിക്കുന്നത്. പാശ്ചാത്യഗാനങ്ങൾ ബഹിർവത്തികളായ പ്രാകൃതപദാത്ഥങ്ങളേയും ഭാരതീയഗീതികൾ അന്തർവത്തികളായ ആത്മവികാരങ്ങളേയും ഉജ്വലിപ്പിക്കുന്നു. ഇങ്ങനെ വിരുദ്ധസ്വഭാവങ്ങളായ രണ്ടു പ്രവാഹങ്ങളുടെ സംഘട്ടത്തിൽ ഗംഗായമുനകളുടേതുപോലെ വലുതായ ഒരു സംഭേദാഭോഗം ഉണ്ടാകാതെ തരമില്ല. ഭാഷാഗാനങ്ങളുടെ നില അതുകൊണ്ടു ഭേദിക്കുന്നുണ്ടെന്നുള്ള സംഗതികൂടി വച്ചു പാടുമ്പോൾ ഇന്നു കാണുന്ന വിഷമഗാനഗതികൾക്കു സമാധാനമുണ്ടാകാതെ വരുമെന്നു തോന്നുന്നില്ല.

എത്രയോ ഗഹനങ്ങളായ വിഷയങ്ങളെപ്പററി ചിന്തിക്കുന്നതിന്ന സഹായിച്ച അപ്പൻതമ്പുരാനോടുള്ള കൃതജ്ഞതയെ പ്രകാശിപ്പിക്കാൻ ഈ വിധം ഒരു പുതുവഴി തുടന്ന എൻെറ സാഹസത്തിന്ന സഹൃദയരോടു ക്ഷമായാചനം ചെയ്തുകൊള്ളുന്നു.

# റഷ്യൻവിദ്യാഭ്യാസം

(എം. രാമവമ്മതമ്പാൻ ബി. എ., എൽ. ടി.)

റഷ്യയിലെ ഇന്നത്തെ വിദ്യാഭ്യാസരീതിയെ പൂണ്ണമായി മനസ്സിലാക്കണമെങ്കിൽ വിപ്ലവത്തിന്ന മുമ്പുണ്ടായിരുന്ന രീതിയുമായി അതിനെ താരതമ്യപ്പെടുത്തേണ്ടിയിരിക്കുന്നു.

സാറിൻെറ കാലത്തെ വിദ്യാഭ്യാസരീതി മുതലാളിഭരണത്തിനു യോജിച്ചതായിരുന്നു. മുതലാളിഭരണത്തിലെ വിദ്യാഭ്യാസത്തിനു പ്രധാനമായി മൂന്നുദ്ദേശങ്ങളുണ്ടായിരുന്നു.

ഒന്നാമതായി ഈ വിദ്യാഭ്യാസം തൊഴിലാളികളിൽ മുതലാളന്മാരെപ്പററി ഭക്തിബഹുമാനങ്ങളുല്പാദിപ്പിക്കുന്നതായിരിക്കണം.

രണ്ടാമതു മുതലാളരുടെ കുട്ടികളെ തൊഴിലാളികളെ ഭരിക്കാൻ തക്കവണ്ണം പരിശീലിപ്പിച്ചു സംസ്കരിക്കുന്നതായിരിക്കണം.

മൂന്നാമത് മുതൽവർദ്ധനക്കായി ശാസ്ത്രീയവും സാങ്കേതികവുമായ ജ്ഞാനം നൽകുന്നതായിരിക്കണം.

ഇവയിൽ ഒന്നാമത്തെ ഉദ്ദേശം സാധിക്കാൻ സൈന്യങ്ങളെ അനുസരിപ്പിക്കുന്നതിനു സേനാനായകന്മാർ വേണ്ടിയിരിക്കുന്നതുപോലെ, കുട്ടികളിൽ മുതലാളഭക്തി ഉണ്ടാക്കുന്നതു തങ്ങളുടെ ധർമ്മമാണ് എന്ന ബോധമുള്ള ഒരു വർഗ്ഗം വിദ്യാഭ്യാസഉദ്യോഗസ്ഥന്മാർ വേണം. ഈ ഉദ്ദേശം നിറവേറാനായി എലിമെൻടിസ്കൂൾ വാധ്യാന്മാർക്ക് ഒരുപ്രത്യേകപരിശീലനം നൽകാറുണ്ട്. ഈ പരിശീലനസഹായം മൂലം അവർ സ്വാതന്ത്ര്യബാലമൃഗങ്ങളായ കുട്ടികളെ ഇണക്കണം. മുതലാളമാഹാത്മ്യം പുലർത്താൻ നല്ല ത്രാണിയുള്ളവർക്കല്ലാതെ അധ്യാപകജോലിയിൽ പ്രവേശനം ഇല്ല തന്നെ. വിദ്യാഭ്യാസഭരണകർത്താക്കന്മാർ ഇക്കാര്യത്തിൽ ബഹു നിഷ്കൃഷ്ടയുള്ളവരായിരുന്നു. ഈ ഉദ്ദേശത്തിനു വിപരീതക്കാർ എന്ന സംശയം തോന്നുന്ന അധ്യാപകന്മാരെ നിർദ്ദയം വിദ്യാലയങ്ങളിൽ നിന്നും ബഹിഷ്കരിക്കണമെന്നുള്ളത് ഒരു പ്രധാനധർമ്മമുറയായിട്ടാണ് അധികൃതന്മാർ കരുതിയിരുന്നത്. മുതലാളന്മാരെ കണ്ണടച്ചു അനുഗമിക്കുന്ന ഒരുതരം ജനതയെ സ്കൂൾ മുഖാന്തരം ഉണ്ടാക്കാമെന്നതിനു വിപ്ലവത്തിനു മുമ്പുണ്ടായിരുന്ന ജർമ്മൻ എലിമെൻടിവിദ്യാലയങ്ങൾ തെളിയിച്ചിട്ടുണ്ട്. ഈ വിദ്യാലയങ്ങളിൽ സ്വാതന്ത്ര്യവാസനയുള്ള കുട്ടികളിൽ ആ വാസന നശിപ്പിക്കത്തക്കവണ്ണമുള്ള ഒരു സമ്പ്രദായത്തിലാണ് വിദ്യാഭ്യാസം നൽകിയിരുന്നത്. എല്ലാ പാഠപുസ്തകങ്ങളും ഈ ഉദ്ദേശസാധ്യത്തിനുതകത്തക്കവണ്ണം എഴുതപ്പെട്ടിരുന്നു. സകല സാഹിത്യങ്ങളും മുതലാളഭരണമാണ് ആദർശമെന്നു ഉൽബോധിപ്പിക്കത്തക്കതായിരുന്നു. അപ്രകാരം എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ മാത്രമെ സ്കൂളിൽ പഠിപ്പിക്കാവൂ. ഇങ്ങനെ സ്കൂളിൽനിന്നും ഇറങ്ങിവരുന്നവർക്ക് മുതലാളാദർശവും മുതലാളമാഹാത്മ്യവും സത്യമായിത്തീർന്നിരുന്നു. മുതലാളഗുണങ്ങളെ പുലർത്തുന്നതിൽ അവർക്ക് ഒരു സാഹസം തോന്നിയിരുന്നു. ധനം, സ്ഥാനം, മാനം, അവസ്ഥ, അന്തസ്സ് എന്നീ വാക്കു

കളുടെ വ്യാമോഹത്തിൽ അവർ മയങ്ങിയിരുന്നു. മുതലാളരേപ്പോലെ ജീവിച്ചു സുഖിക്കാനായിരുന്നു വിദ്യാഭ്യാസം ചെയ്തിരുന്നവർ മോഹിച്ചിരുന്നതു്.

മുതലാളരുടെ ഈ ജോലിയിൽ പുരോഹിതർ മതവിദ്യാഭ്യാസം കൊണ്ടു് അവക്കു വലിയ സഹായം ചെയ്തിരുന്നു. മുതലാളത്വവും മതവും തമ്മിലുള്ള അഖണ്ഡമായ ബന്ധം മൂലം ദൈവനിയമം എന്നതു എല്ലാക്കാൎയ്യങ്ങളിലും മുതലാളനിയമമായി കലാശിച്ചു.

മുതലാളസമുദായത്തിൻെറ രണ്ടാമത്തെ ഉദ്ദേശം നിവ്വഹിച്ചിരുന്നതു് ഉൽകൃഷ്ടവിദ്യാഭ്യാസം തൊഴിലാളികൾക്കു അലഭ്യമാകത്തക്കവണ്ണം ചിലവുള്ളതാക്കിയായിരുന്നു. മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും വിദ്യാഭ്യാസത്തിനുള്ള ചിലവോത്താൽ സാധുക്കളായ തൊഴിലാളികൾക്കു അങ്ങോട്ടു തിരിഞ്ഞുനോക്കാൻ തന്നെ വഹിയാ. ഈ സ്കൂളുകളിലെ വിദ്യാഭ്യാസം പത്തുവഷക്കാലംകൊണ്ടെ പൂത്തിയാകൂ. ചിലപ്പോൾ ഇതിലധികവും വേണ്ടിവരും. ഇക്കാരണംകൊണ്ടു് അന്നോടന്നു വേലചെയ്തുപജീവിക്കേണ്ട വേലക്കാക്കും തൊഴിൽകാക്കും ഇതു് അസാദ്ധ്യമായിത്തീന്നു ഇവക്കു വേലചെയ്യാറായ കുട്ടികളെ വേലക്കയച്ചാൽ മാത്രമെ കുടുംബം നിലനിറുത്തിക്കൊണ്ടുപോകാൻ സാധിക്കയുള്ളു. കായ്യത്തിൽ മിഡിൽസ്കൂളുകളും ഹൈസ്കൂളുകളും മുതലാളകുട്ടികൾക്കു് മാത്രമുള്ളവയായി കലാശിച്ചു. ഈ സ്കൂളുകളിൽ കുട്ടികൾ തങ്ങളുടെ പിതാക്കളുടെ കാലശേഷം എങ്ങനെയാണു് സാധുമദ്ദനം പൂവ്വവൽ ചെയ്യേണ്ടതു എന്നു പഠിച്ചുവന്നു. എങ്ങനെയാണു മുതലാളഭരണയന്ത്രത്തിൽ വലിയ ഉദ്യോഗങ്ങൾ സമ്പാദിക്കേണ്ടതു് എന്നു പഠിച്ചു. സാറിൻെറ ഭരണത്തിൽ മുതലാളന്മാരെ പഠിപ്പിച്ചു മാത്രമല്ല ഭരണം നടത്തിയിരുന്നതു്. സാധുക്കളെ അജ്ഞന്മാരാക്കിവച്ചും ഇതു സാധിച്ചിരുന്നു. മുതലാളൻെറ സ്വേഛാപ്രഭുത്വത്തിനു വലുതായ താങ്ങു് തൊഴിലാളിയുടെ അജ്ഞാനമാണെന്നു ഒരു മഹാൻ പറഞ്ഞതു് ശരിയായിരുന്നു.

ഈ സ്കൂളിലെ വിദ്യാഭ്യാസം വൎഗ്ഗീയപ്രാമാണ്യം നിലനിറുത്തത്തക്കതായിരുന്നു. കണക്കശാസ്ത്രം, വ്യവസായശാസ്ത്രം, പ്രകൃതിശാസ്ത്രം ഇവയിൽ വിദ്യാഭ്യാസത്തിൻെറ ഈ സ്വഭാവം അത്ര പ്രത്യക്ഷമല്ലായിരിക്കാം. എന്നാൽ സാമുദായികശാസ്ത്രവിഷയങ്ങളായ ചരിത്രം സാഹിത്യം ഇത്യാദികളിൽ ഈ വൎഗ്ഗീയപക്ഷപാതം തെളിഞ്ഞു കാണാമായിരുന്നു. ഈ വിഷയങ്ങൾ മൂലമാണല്ലൊ കുട്ടികളുടെ ജീവിതാദശം നിണ്ണയിക്കുന്നതു്. മുതലാള ധനശാസ്ത്രം മാർക്സ് എന്ന മഹാൻെറ അഭിപ്രായങ്ങളുടെ ഖണ്ഡനരൂപത്തിലായിരുന്നു. ഇദ്ദേഹം ഒരു പ്രമാണിയായ തൊഴിലാളിവാദിയാണു്. ഹോരാ, തൊഴിലാളിവാദത്തിൻെറ കുലഗുരുവായ ഒരു ബ്രഹ്മഷിതു

ന്നെയാണ്. അഃഗ്രഹത്തിൻെറ കൃതിയായ കാപ്പിററൽ അല്ലെങ്കിൽ മുതലാളത്വം എന്ന പുസ്തകമാണ് മുതലാളിത്വത്തിനു കണ്ഠകോടാലിയും തൊഴിലാളിത്വത്തിനു വിജയദാനം ചെയ്യുന്ന സുദൎശനചക്രവുമായിരിക്കുന്നത്. ചരിത്രവും സമുദായശാസ്ത്രവും മുതലാളിമാഹാത്മ്യപരമായിട്ടാണു പഠിപ്പിച്ചിരുന്നത്. നിയമശാസ്ത്രംതന്നെ മുതലാളഭരണമാണ് ആദരണീയമായ ആദൎശം എന്ന മട്ടിലാണു പഠിപ്പിച്ചിരുന്നത്. ചുരുക്കത്തിൽ ഈ വിദ്യാഭ്യാസസമ്പ്രദായപ്രകാരം അതു സമ്പാദിക്കുന്നവൎക്കു മുതലാളസമ്പ്രദായം നിലനിറുത്താനും സാധുമൎദ്ദനംമൂലം മുതലാളത്വം പോഷിപ്പിക്കാനും തോന്നിക്കുന്ന സകല കരുതലുകളും സുസ്ഥാപിതങ്ങളായിരുന്നു. തൊഴിലാളികളുടെ കുട്ടികളിൽ ആരെങ്കിലും അതിബുദ്ധിമൂലം ഈ വിദ്യാഭ്യാസം സമ്പാദിച്ചാൽ അവർ സ്വവൎഗ്ഗത്തെ വെറുത്തു മുതലാളമാഹാത്മ്യം ദേഹത്തിലും മനസ്സിലും കുത്തിവച്ചു ഒടുവിൽ സാധുമൎദ്ദനത്തിനായിത്തന്നെ ബുദ്ധിശക്തിയെ ഉപയോഗിക്കക്കൂടി ചെയ്യുവന്നു.

മുതലാളരുടെ മൂന്നാമഃഗ്രശം സ്കൂളുകൾ നിറവേററിക്കൊടുത്തു. മുതലാളത്വം ആളുന്ന ഒരു സമുദായത്തിൽ ശാസ്ത്രവും വേലയും തമ്മിൽച്ചേൎച്ചയില്ലാതെയാണിരിക്കുക. ശാസ്ത്രം തൊഴിൽവിമുഖന്മാരുടെ സ്വത്താകുമെന്നു മാത്രമല്ല വളരെ കുറച്ചാളുകൾക്കു മാത്രമെ ശാസ്ത്രം സ്വാധീനമാക്കാനും സാധിക്കയുള്ളു. ശാസ്ത്രപഠനവും ശാസ്ത്രനിരീക്ഷണവും തൊഴിലാളികൾക്കു അപ്രാപ്യമാകും. ശാസ്ത്രജ്ഞാനം തൊഴിലിനായി ഉപയോഗിക്കണമെങ്കിൽ മുതലാളന്മാർ നിരീക്ഷണശാലകളും പരീക്ഷണശാലകളും അവരുടെ വകയായി പ്രത്യേകം സ്ഥാപിക്കണം. തൊഴിലിനോടു ബന്ധംഇല്ലാത്ത ശാസ്ത്രം മാത്രം പഠിപ്പിക്കുന്ന സാങ്കേതിക വിദ്യാശാലകൾ അവർ ഉണ്ടാക്കും. ഇതുകൂടാതെ മുതലാളന്മാൎക്കാവശ്യമുള്ള വിദഗ്ദ്ധന്മാരെ സൃഷ്ടിക്ക മാത്രമല്ല ഈ ശാലകൾ ചെയ്യുന്നത്. വ്യവസായശാലകളിലേക്കു മാനേജറന്മാരായി മുതലാളവൎഗ്ഗത്തിൽ പെട്ടവരെയും ഉണ്ടാക്കിക്കൊടുക്കുന്നു. ഇതിനും പുറമെ കച്ചവടം അഭ്യസിപ്പിച്ചും മുതലാളസ്വാധീനം അതിലും പുലൎത്താനായി വാണിജ്യവിദ്യാലയങ്ങളും അവർ സ്ഥാപിക്കുന്നുണ്ട്. പക്ഷെ ഈ സ്ഥാപനങ്ങളിൽ സാധനനിൎമ്മാണബന്ധമായതൊക്കെ നിലനില്ക്കും. ശാസ്ത്രപരിപോഷണപരമായതൊക്കെ നിലനില്ക്കും. കാലാന്തരത്തിൽ ശാസ്ത്രവും തൊഴിലും തമ്മിലുള്ള അകൽച്ച കുറഞ്ഞു് ഒടുക്കം ഇല്ലാതാകും. പ്രവൃത്തിയുക്തമല്ലാത്ത ശാസ്ത്രപഠനം തീരെ നശിക്കും. വസ്തുനിൎമ്മാണത്തിൽ ശാസ്ത്രം കൂടുതൽ സഹായിക്കും. ഇങ്ങനെ തടസ്സമായി മുതലാളന്മാർ ചെയ്യുന്ന ശ്രമങ്ങളെല്ലാം പറപറന്നു പോകും.

വിപ്ലവം സാധിക്കാൻ പുറപ്പെട്ട കാൎയ്യങ്ങൾ അടുത്ത ലേഖനത്തിൽ പ്രതിപാദിക്കാം.

## * ഭൂമിശാസ്ത്രാദ്ധ്യാപകന്മാരും പ്രതിദിനപ്പത്രവും

നമ്മുടെ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ ഭൂമിശാസ്ത്രാദ്ധ്യയനത്തിന് പ്രതിദിനപ്പത്രം വളരെ സാഹായമായിരിക്കുന്നുണ്ടെന്നുള്ള വസ്തുത അറിയാത്തതു് ശോചനീയം തന്നെ. പ്രഥമമായി വൎത്തമാനപ്പത്രം പാഠപുസ്തകങ്ങളുടെ അനുബന്ധമാണെന്നു മനസ്സിലാക്കണം. പാഠപുസ്തകങ്ങളിൽ കാണാത്ത കാൎയ്യങ്ങൾ പലതും അതിൽ സുലഭമായി കാണാവുന്നതാണ്. രണ്ടാമതായി വൎത്തമാനപ്പത്രം നൾകുന്ന അറിവ് പാഠപുസ്തകങ്ങളേക്കാൾ പൂൎണ്ണതരവും നവീനവുമായിരിക്കും. മൂന്നാമതായി പത്രത്തിൽ കാണുന്ന ഏതു കാൎയ്യവും വിദ്യാൎത്ഥികൾക്കു് പാഠപുസ്തകങ്ങളേക്കാൾ വിശ്വസനീയമായിരിക്കും. ഇതു് ധിക്കാരപരമായ അഭിപ്രായമാണെന്നു തോന്നിയേക്കാം. എന്നാൽ കാൎയ്യം സമ്മതിക്കാതെ തരമില്ലല്ലൊ. പാഠപുസ്തകങ്ങളോട് മാനസികമായിതോന്നുന്ന ഈ അവിശ്വാസത്തിനുള്ള ഹേതു കണ്ടുപിടിക്കുവാൻ പ്രയാസമില്ല. അപൂൎവം ചിലതൊഴിച്ചാൽ എല്ലാ പാഠപുസ്തകങ്ങൾക്കും അയഥാൎത്ഥമായ ഒരന്തരീക്ഷമാണുള്ളതു്. ഇതു പ്രായപൂൎത്തിവന്ന കുട്ടിക്ക് എളുപ്പത്തിൽ ബോധപ്പെടുകയും ചെയ്യുന്നുണ്ട്. സാധാരണ കുട്ടികളിൽ കാണുന്ന ഈ വിപ്രതിപത്തിക്കു പാഠപുസ്തകരചയിതാവിൻെറ തത്വപരമായ നില ഒരു കാരണമായിരിക്കാം. കൂടാതെ ചിലപ്പോൾ അദ്ധ്യാപനസംബന്ധമായ ലഹരിയും മററു ആക്ഷേപങ്ങളും കൊണ്ടു സാധാരണകുട്ടികൾക്ക് പാഠപുസ്തകങ്ങളോടു കൗതുകമില്ലാതായിത്തീരുന്നുണ്ട്. ഇതാണ് പാഠപുസ്തകങ്ങളെ ചുട്ടുപൊടിച്ച് പരീക്ഷയിൽ വിജയശ്രീലാളിതരാകണമെന്ന് കുട്ടികളെ തോന്നിപ്പിക്കാറുള്ളതു്. പ്രതിദിനപ്പത്രങ്ങൾക്കു ഇങ്ങനെയുള്ള തരക്കേടൊന്നുമില്ല. അതിനെ എപ്പോഴും വിശ്വസിക്കയും ചെയ്യുന്നുണ്ട്.

* പാററ്നാ ട്രെയിനിംഗ് കാളേജു പ്രൊഫസർ ഡോ. എൻ. ദഘോഷ് എം. എസ്സ്. സി. ബി. ടി. ദി ബീഹാർ ആൻഡു ഒറിസ്സാ ടീച്ചേഴ്സ ജേർണലിൽ എഴുതിയിട്ടുള്ള ഒരു ലേഖനംസംഗ്രഹം.

[library stamp]

ഭൂമിശാസ്ത്രാധ്യാപകന് പ്രതിദിനപ്പത്രത്തെ ഏതെല്ലാം തരത്തിൽ വിനിയോഗിക്കാമെന്ന ക്രൂലങ്കഷമായി പരിശോധിച്ചുനോക്കാം. ഏററവും കൂടുതൽ പ്രചാരമുള്ള പത്രത്തെ അടിസ്ഥാനമാക്കിയാണ് നാം ഇവിടെ പരിശോധന നടത്തുവാൻ പോകുന്നത്. എന്നാൽ നമ്മുടെ അഭിപ്രായങ്ങളെല്ലാം ഏതു നല്ല പത്രത്തേയും സംബന്ധിക്കുന്നവയാണെന്നും പറഞ്ഞുകൊള്ളുന്നു.

പ്രതിദിനപ്പത്രത്തിൻെറ ആദ്യവശത്ത് പരസ്യങ്ങളാകയാൽ നാം അതു അപ്രധാനമാണെന്ന കരുതി തള്ളുകയാണല്ലോ പതിവ്. എന്നാൽ ഗതാഗതമാർഗ്ഗങ്ങളേയും മററും പററി പഠിപ്പിക്കുന്ന അധ്യാപകന് ഈ ഭാഗമാണ് അതിപ്രയോജനമായിട്ടുള്ളതു്. പെനിൻസുലാർ, ഓറിയൻെറൽ, ബ്രിട്ടീഷുഇൻഡ്യ എന്നീ കമ്പനികളുടെ പരസ്യങ്ങളിൽ നിന്നും സൂയസ് തോടുമാർഗ്ഗത്തെപ്പററിയുള്ള എല്ലാവിധ അറിവും സമ്പാദിക്കാവുന്നതാണ്. അവ ആസ്ത്രേലിയൻ മാർഗ്ഗം, ന്യൂസീലൻറുമാർഗ്ഗം മുതലായവയെ സംബന്ധിച്ചും അറിവു നൾകുന്നതായിരിക്കും. ആഫ്റിക്കയുടെ തീരത്തു നടക്കുന്ന കച്ചവടത്തെപ്പററി ശരിയായ അറിവ് ഒരു പാഠപുസ്തകത്തിൽ നിന്നും ലഭിക്കുന്നതല്ല. അതു് പത്രത്തിൻേറയും ഒരു പടത്തിൻേറയും സഹായംകൊണ്ടു മാത്രമെ സാധിക്കുകയുള്ളൂ, ഇൻഡ്യയും മററു ഖണ്ഡങ്ങളുമായി നടക്കുന്ന കച്ചവടസമ്പ്രദായത്തെപ്പററി കുട്ടികൾക്കു അന്വേഷണം നടത്താം. ഇൻഡ്യൻമഹാസമുദ്രത്തിലേയും പെസഫിക്ക് മഹാസമുദ്രത്തിലേയും കച്ചവടമാർഗ്ഗങ്ങളേയും യൂറോപ്പിലേക്കുള്ള സൂവസ് കച്ചവടമാർഗ്ഗത്തേയും പററി പത്രത്തിൻെറ പ്രഥമവശത്തിൽ നിന്നും യഥാർത്ഥവും ഉപയോഗകരവുമായ അറിവു സമ്പാദിക്കാമെന്നുള്ളതു് ഞാൻ ബോദ്ധ്യപ്പെടുത്തിയിരിക്കുന്ന എന്നു വിശ്വസിക്കുന്നു. അധ്യാപകന് കൂടുതൽ അറിവു വേണമെങ്കിൽ ഈ പത്രങ്ങളിൽപരസ്യം ചെയ്യുന്ന കമ്പനിഉദ്യോഗസ്ഥന്മാരോട് എഴുതിച്ചോദിക്കാവുന്നതാണ്. ഈ വക കാര്യങ്ങളിൽ പാഠപുസ്തകങ്ങൾ ലഘുവായ അറിവെ നൾകുന്നുള്ളൂ.

അടുത്ത രണ്ടു വശങ്ങൾ കൊണ്ടു് ഭൂമിശാസ്ത്രാധ്യാപകനു വലിയ പ്രയോജനമൊന്നുമില്ല. പിന്നീടു ശ്രദ്ധിക്കേണ്ടതു് ധനസംബന്ധമായും വാണിജ്യസംബന്ധമായുമുള്ള വാർത്തകൾ പ്രസിദ്ധീകരിച്ചിട്ടുള്ള വശത്തിലാണ്. അതു് ഒരു ജ്ഞാനഭണ്ഡാഗാരം തന്നെയാണ്. അങ്ങാടിനിരക്കും, സാമാനവിലകളും പത്രത്തിൽ ചേർത്തിരിക്കുന്നതു് പത്രത്തിൻെറ അത്രയും ഭാഗം നിറക്കുവാൻ മാത്രമാണെന്നു കുട്ടികൾ ധരിക്കരുതു്. അവ തൊഴിൽക്കാർക്കു താല്പര്യമുള്ള വിഷയങ്ങളാണ്. അങ്ങാടിയിലെ തലേദിവസത്തെ സ്ഥിതികളാണല്ലോ അവിടെ കാണിച്ചിരിക്കുന്നതു്. ഏററവും പ്രധാനങ്ങളായ വാണിജ്യവസ്തുക്കളെ പററി മാത്രമെ പത്രങ്ങളിൽ രേഖ

പ്പെടുത്തുവാൻ സാധിക്കു എന്നും ഓർമ്മിക്കേണ്ടതാണ്. വാണിജ്യസംബ ന്ധമായ ഭൂമിശാസ്ത്രം, പേരുകളടങ്ങിയ ഒരു മാലയല്ല. പത്രത്തിലെ യഥാ ൎത്ഥമായ ഒരു സംഗതിയാണ്. അങ്ങാടിവിലകൊണ്ടു ആർക്കാണ്ടയിലെ ചെമ്പുഖനികൾ അഭിവൃദ്ധിപ്പെട്ടുവരുന്നു എന്നു നമുക്കു മനസ്സിലാക്കാം. ബ്രിട്ടീഷുദ്വീപുകളിലെ പ്രധാന ഇരിമ്പുവില്പനസ്ഥലം ഗ്ലാസ്ഗോ ആണെ ന്നു കാണാം. നിറേറിയയിൽ തുത്തനാവുഖനികൾ കണ്ടുപിടിച്ചിട്ടുണ്ടെ ങ്കിലും ബ്രിട്ടീഷുസാമ്രാജ്യത്തിൽ പ്രധാനമായി തുത്തനാവു വരുന്നതു് മലയാ യിൽ നിന്നാണെന്നു ധരിക്കാം. പെട്രോളിയം എവിടെയെല്ലാമാണ് ശേ ഖരിക്കുന്നതെന്നും, ദേശീയവ്യവസായങ്ങൾ എവിടെയെല്ലാമുണ്ടെന്നും പത്ര ത്തിൽ നിന്നും അറിയാവുന്നതാണല്ലോ. മലബാർ മരച്ചന്തയിലെ റിപ്പോ ട്ടിൽനിന്നും അമേരിക്കയിലേക്കു് കൊച്ചിയിൽനിന്നും ധാരാളം മരം കയററു മതി ചെയ്യുന്നു എന്നും, ഈ ദിക്കിലേക്കു് പശ്ചിമതീരത്തുനിന്നും മുള, തേ ക്കു് മുതലായവ കൊണ്ടുപോകുന്നു എന്നും മനസ്സിലാക്കാം. മലബാർ തീര ത്തുനിന്നും പ്ലാവു്, തേക്കു്, മുതലായവ കയററുമതി ചെയ്യുന്നുണ്ടെന്നുള്ള കാ ൎയ്യംതന്നെ, ആ ഭാഗത്തു മദ്ധ്യരേഖയിലെ മഴകൊണ്ടു് ധാരാളം കാടുകൾ ഉ ണ്ടെന്നു് ചൂണ്ടിക്കാണിക്കുന്നുണ്ടു്.

പഞ്ഞിക്കച്ചവടം പ്രധാനമായി നടക്കുന്നതു് ന്യൂയാൎക്കും ന്യൂ ആർ ലീസ്സും തമ്മിലും, ലിവർപൂളും ഈജിപ്തും തമ്മിലുമാണെന്നും, ഇൻഡ്യക്കും സിലോണിനും തേയിലക്കച്ചവടത്തിൽ പ്രാധാന്യമുണ്ടെന്നും, കല്ക്കട്ടയ്ക്കു ച ണക്കച്ചവടത്തിൽ പ്രാധാന്യമുണ്ടെന്നും നമുക്കു പഠിക്കാം. കല്ക്കട്ടയിൽനി ന്നും കയററുന്ന ചണം ഡണ്ടിയിലേക്കാണു പോകുന്നതു്. കറാച്ചിയിലെ ഗോതമ്പുവില ലോകത്തിലെ അങ്ങാടിവിലകളിൽ ഉൾപ്പെടുത്തുന്നുണ്ടു്. ജാവാ, ഇൻഡ്യയുമായി പഞ്ചസാരക്കച്ചവടം നടത്തുന്നു. ബാംബെ, നാഗ പുരം, സൂററു്, അഹമ്മദബാദ് എന്നീ സ്ഥലങ്ങളിലെ പഞ്ഞിവ്യവസായ ങ്ങൾ ബങ്കാളിലെ ചണവ്യവസായങ്ങളെപ്പോലെ പ്രധാനങ്ങളാണ്. ഇ ങ്ങനെ മററു പലവിധ കാൎയ്യങ്ങളും ഭൂമിശാസ്ത്രാദ്ധ്യാപകനു് പത്രത്തിൽ നി ന്നും മനസ്സിലാക്കാവുന്നതാണ്.

ഇൻഡ്യയിലെ വൎത്തമാനപ്പത്രം ബാമ്പയിലേയും കല്ക്കട്ടയിലേയും അങ്ങാടിവിലകൾ മാത്രമെ നൽകുന്നുള്ളു. ചിലപ്പോഴെല്ലാം കറാച്ചി, കൊ ളമ്പു, റംഗൂൺ, ക്വലാലംപൂർ മുതലായ സ്ഥലങ്ങളിലേയും വില അതിൽ കാ ണാറുണ്ടു്. എന്നാൽ അദ്ധ്യാപകനു കൂടുതൽ ജിജ്ഞാസയുണ്ടെങ്കിൽ 'ല ണ്ടൻ ടൈംസിൻെറ' പ്രതി വാങ്ങി ലോകത്തിലെ ഒട്ടാകെയുള്ള വില മന സ്സിലാക്കാവുന്നതാണ്. എല്ലാ ഭൂമിശാസ്ത്രാദ്ധ്യാപകന്മാൎക്കും ശീതോഷ്ണാ വസ്ഥ, ചൂടു്, മഴ എന്നിവയെപ്പററി ക്ലാസ്സിൽ പഠിപ്പിക്കുവാനുണ്ടാകും. ഈ വിഷയങ്ങൾ പാഠപുസ്തകങ്ങളിലേതുപോലെ വിവരണങ്ങൾകൊണ്ടും,

ചിത്രങ്ങൾ കാണിച്ചും പഠിപ്പിക്കാവുന്നതാണ്. കുറെക്കൂടി മനസ്സിൽ പതിയുന്ന രീതി പത്രത്തിൽനിന്നും ചൂടിനെപ്പറ്റിയുള്ള റിപ്പോർട്ട് ചേർത്തിട്ടുള്ള പംക്തിയെടുത്ത് അവിടെ കൊടുത്തിട്ടുള്ള പ്രത്യേകസ്ഥലങ്ങളിലെ ഏററവും കൂടുതലും കുറവുമുള്ള ചൂടിനെ താരതമ്യപ്പെടുത്തുകയായിരിക്കും. സമുദ്രത്തിനടുത്തും ഉൾപ്രദേശത്തുമുള്ള സ്ഥലങ്ങളെ താരതമ്യപ്പെടുത്താം. ഡിസംബർ നൂഫ-ാംനു യിലെ ലക്കം പ്രത്യേകം പ്രാധാന്യമുള്ളതും ഭാവിയിലെ പരിശോധനക്ക് സൂക്ഷിക്കേണ്ടതുമാകുന്നു. അതിൽ ഇൻഡ്യയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെ മഴക്കണക്ക് കൊടുത്തിട്ടുണ്ട്. സാധാരണയുള്ളതിൽ കവിഞ്ഞുള്ളതിനെ തിരുത്തിയാൽ ഇൻഡ്യ, ബർമ്മ, സിലോൺ എന്നീ സ്ഥലങ്ങളിലുള്ള ഗ്നനാ ഭാഗങ്ങളിലെ ഒരുകൊല്ലത്തെ കണക്ക മനസ്സിലാക്കാവുന്നതാണ്. കച്ചറയും ജേക്കാബബാദും, ആക്കിയാബും ടാവായിയും തമ്മിൽ മഴയെ താരതമ്യപ്പെടുത്തുന്നതും, സൌത്ത് വെസ്റ്റ് മൺസൂൺ കൊണ്ടുണ്ടാകുന്ന ഫലത്തെ അറിയുന്നതും രസാവഹമായിട്ടുള്ളതാണ്. സൌത്ത് വെസ്റ്റ് മൺസൂൺ ഇല്ലെങ്കിൽ ഇൻഡ്യ മുഴുവനും ഇറാൻ ഉന്നതതടംപോലെ മരുഭൂമിയായിത്തീരുമെന്ന് ആരും ചിന്തിക്കാറില്ല. പത്രത്തിൽനിന്നും ലഭിക്കുന്ന അറിവുകൊണ്ട് ആ വർഷകാലങ്ങളിലേയും മഴയെസൂചിപ്പിക്കുന്ന പടം വരയ്ക്കാവുന്നതാണ്. ഒരു വലിയ പടത്തിൽ വിവിധസ്ഥലങ്ങളിലെ കൊല്ലത്തിൽ ശരാശരിയുള്ള മഴ അടയാളപ്പെടുത്തുകയാണെങ്കിൽ, തുല്യമഴയുള്ള സ്ഥലങ്ങളെ മനസ്സിലാക്കാവുന്നതാണ്. അതിൽനിന്നും ഇൻഡ്യയുടെ പ്രകൃതിവിഭാഗങ്ങളെ അറിയാവുന്നതുമാണ്.

ഇൻഡ്യയിലെ പത്രങ്ങളിൽ വായുവിൻെറ സംഘടനഫലങ്ങളെ പ്രസിദ്ധീകരിക്കാത്തതു ലജ്ജാവഹംതന്നെ. കുറെ കൊല്ലങ്ങൾക്കുമുമ്പു കൽക്കത്തയിലെ "ഇംഗ്ലീഷുമാൻ"പത്രം ഇതു ചെയ്തിരുന്നു. എന്നാൽ എന്തുകൊണ്ടോ ഈ സമ്പ്രദായം അധികനാൾ നിലനിന്നില്ല. ഇംഗ്ലണ്ടിലെ എല്ലാ പത്രങ്ങളും ഈ പടങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. അററ്ലാൻറിക്ക് സമുദ്രത്തിലെ ചുഴലിക്കാററുകളുടെ ആഗമത്തെ കാണിക്കാറുണ്ട്. അവർക്ക് അതു പ്രധാനമായിട്ടുള്ളതാണ്. നമുക്ക മൺസൂണിനെപ്പോലെ അതു അത്ര പ്രധാനമല്ല. ഇതെല്ലാം ഭൂമിശാസ്ത്രാധ്യാപകൻതന്നെ ചെയ്യണമെന്നല്ല ഞാൻ പറയുന്നത്. ഈവക പ്രവൃത്തികൾ കുട്ടികളോടുകൂടി ചെയ്യാവുന്നതാണ്. ചിലതെല്ലാം രസകരമായ ഗൃഹപാഠമായിട്ടും നിർവ്വഹിക്കാം. പ്രതിദിനപ്പത്രത്തിൽ കൊടുത്തിട്ടുള്ള സൂര്യോദയം, സൂര്യാസ്തമനം എന്നീ സമയങ്ങളെ അടയാളപ്പെടുത്തി കുട്ടികൾക്ക ഒരു പടം വരയ്ക്കാവുന്നതാണ്. അപ്രകാരം ചെയ്താൽ കൊല്ലത്തിലെ ദീർഘദിനങ്ങളും ഹ്രസ്വദിനങ്ങളും, രാത്രിയും പകലും തുല്യങ്ങളായ രണ്ടു ദിവസങ്ങളും കണ്ടുപിടിക്കുന്നതിന് സാധിക്കുന്നതാണ്. അങ്ങനെ ചെയ്യുന്ന കുട്ടികൾ ആ

തീയതികൾ ഒരിക്കലും മറക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. നാം എന്തെങ്കിലും പുതുതായി ചെയ്യണമെന്നു പറയുമ്പോൾ "ഒ! അധികം ജോലി യുള്ള അധ്യാപകൻെറ ഭാരം പിന്നെയും വർദ്ധിപ്പിക്കുവാൻ ഭാവിക്കയാണൊ?" എന്നുള്ള ആക്ഷേപത്തെ കാലേതന്നെ ഓർമ്മിച്ചുകൊണ്ടാണ് ഞാൻ ഇതെല്ലാം പറയുന്നത്. നാം കുട്ടികളെക്കൊണ്ടു വേണ്ടിടത്തോളം ജോലി ചെയ്യിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഇപ്രകാരം എന്തുചെയ്യാമെന്നു നാം അറിഞ്ഞിട്ടില്ല. ഈയിടെ നടന്ന ഒരു കഥ ഉദാഹരിക്കാം. ഒരു സ്കൂളിലെ ഹെഡ്മാസ്റ്റർ—സ്കൂളിൻെറ പേരു പറയുന്നില്ല-സ്കൌട്ടുകാരായ കുട്ടികൾക്കു രുചിരമാവുന്ന ഒരു മത്സരത്തെപ്പററി സ്കൌട്ടുമാസ്റ്ററെ അറിയിച്ചു. ഒരു വാക്കിലുള്ള അക്ഷരങ്ങൾമാത്രം ഉപയോഗിച്ചു കഴിയുന്നിടത്തോളം വാക്കുകൾ സൃഷ്ടിക്കുകയായിരുന്നു അവരുടെ ജോലി. സ്കൌട്ടുമാസ്റ്റർ ഈ വിവരം കുട്ടികളെ പറഞ്ഞു മനസ്സിലാക്കി. എന്നാൽ കുട്ടികൾ ഏററവും വലിയ നിഘണ്ടുനോക്കി അനേകായിരം വാക്കുകൾ അടങ്ങിയ ഒരു പട്ടികയാണു തയ്യാറാക്കിയതെന്നു അറിയുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. കുട്ടികളെ ശരിയായി കാര്യം മനസ്സിലാക്കിയാൽ അവരെക്കൊണ്ടു് എന്തു പ്രവർത്തിക്കുവാൻ കഴിയുമെന്നുള്ളതിനു ഒരു ഉദാഹരണം മാത്രമാണിതു്.

ഗൃഹത്തെപ്പററിയുള്ള ഭൂമിശാസ്ത്രം പഠിക്കേണ്ടതാണെന്നു എല്ലാവരും സമ്മതിക്കുന്നുണ്ടു്. എന്തുകൊണ്ടാണു അധ്യാപകന്മാർ പത്രംകാണിച്ചു രാജ്യത്തിൻെറ വിവിധഭാഗങ്ങളിലെ ഉല്പന്നങ്ങൾ മനസ്സിലാക്കിക്കൊടുക്കാത്തതു? അങ്ങിനെയുള്ള അറിവു കുട്ടികൾ ഒരിക്കലും വിസ്മരിക്കയില്ല. എന്തുകൊണ്ടെന്നാൽ അവർതന്നെയാണു അതു കണ്ടുപിടിക്കുന്നതു്. എല്ലാ ഉല്പന്നങ്ങളേയും ഒന്നിച്ചു ഒരു ഖണ്ഡികയാക്കി പറഞ്ഞുകൊടുക്കുന്ന പാഠപുസ്തകരീതിയേക്കാൾ ഇതു ഉത്തമമായ രീതിയാണു്.

(തുടരും)

# ഹാംബർഗ്ഗിലെ സ്വതന്ത്രവിദ്യാലയങ്ങൾ

(കമലാദേവി)

വിപ്ലവത്തിൽക്കൂടി പ്രയാണം ചെയ്തു് പഴയ സമ്പ്രദായങ്ങളെ തട്ടിത്തകർക്കുന്ന രാജ്യങ്ങൾ എളുപ്പമായും ചൊടിയായും നവീനാശയങ്ങളേയും ആദർശങ്ങളേയും അവശ്യം സ്വീകരിക്കേണ്ടതാണെന്നുള്ളതു് പ്രസ്പഷ്ടമായ

ഒരു സംഗതിയാകുന്നു. ജർമ്മനി അങ്ങനെയുള്ള ഒരു രാജ്യമാണ്. രാഷ്ട്രീപരിവർത്തനത്തിനുശേഷം ഉടനേതന്നെ ഹാംബർഗ്ഗിലെ അദ്ധ്യാപകന്മാരിൽ ഉല്പതിഷ്ണുക്കളായിട്ടുള്ളവർ, ബാഹ്യനിയന്ത്രണം കൂടാതെ അവരുടെ സ്വന്തം പദ്ധതി സ്ഥാപിക്കുന്നതിനു ആവശ്യപ്പെട്ടു എന്നു മാത്രമല്ല, അതു നിർവ്വഹിക്കുകയും കൂടി ചെയ്തു. അതു് വിജയശ്രീലാളിതമായ ഒരു സുവിസ്തൃത പ്രസ്ഥാനമാണ്,

ഈ വിദ്യാഭ്യാസസ്ഥാപനങ്ങളെ നയിക്കുന്നവർ, ആശയത്തെ ക്രമീകരിച്ച് ഒരു സിദ്ധാന്തമാക്കുന്ന നിമിഷത്തിൽ അതു് ഒരു മൃതവസ്തുവായിത്തീരുന്നു എന്നു വിശ്വസിക്കുന്നു. "ഞങ്ങളുടെ വിദ്യാലയങ്ങൾ വളർന്നുവരുന്നതും, ജീവിക്കുന്നതും, രൂപാന്തരപ്പെടുന്നതുമായ ആശയ"മാണെന്നാണ് അവർ പറയുന്നതു്. അവരുടെ ആദർശങ്ങളെപ്പററി പ്രസംഗിക്കുകയൊ എഴുതുകയൊ ചെയ്യുന്നില്ല; എന്തുകൊണ്ടെന്നാൽ അങ്ങനെ ചെയ്താൽ അവയെ ഒരു പ്രത്യേകരൂപത്തിൽ രൂപവൽക്കരിക്കേണ്ട ആവശ്യം നേരിടും. അതുകൂടാതെ കഴിക്കണമെന്നാണ് അവർ വിചാരിക്കുന്നതു്.

ഈ വിദ്യാലയങ്ങളെല്ലാം ഒരേ രീതിയിലുള്ളവയല്ല. പ്രവർത്തനസമ്പ്രദായത്തിൽ അവ വിഭിന്നങ്ങളെങ്കിലും, കുട്ടികളെ സ്വതന്ത്രമായും പ്രകൃത്യനുസരണമായും വളരുവാൻ സഹായിക്കണമെന്നുള്ള പൊതുവായ ആദർശംകൊണ്ടു് കൂട്ടിക്കെട്ടിയിട്ടുള്ളവയാണ്. ഈ പ്രവർത്തനപദ്ധതിയിൽ അദ്ധ്യാപികമാർ ധാരാളം സ്വാതന്ത്ര്യം ഉള്ളവരാണ്. ഓരോ അദ്ധ്യാപികക്കും അവരുടെ പ്രത്യേകതത്വശാസ്ത്രവും, പ്രത്യേകവിദ്യാഭ്യാസാദർശവും ഉണ്ടു്. സ്വയംപ്രകടനത്തിനു പൂർണ്ണസ്വാതന്ത്ര്യവും അവൾക്കു കൊടുത്തിട്ടുണ്ടു്.

കുട്ടികളുടെ സ്വതന്ത്രവും പ്രകൃത്യനുസരണവുമായ കാഴ്ച ആരേയും ഹഠാൽ ആകർഷിക്കുന്നതാണ്. അവർക്കു നിശ്ചിതമായ കാര്യപരിപാടിയൊ, പാഠപദ്ധതിയൊ, പരീക്ഷകളൊ, ചട്ടങ്ങളൊ, ശിക്ഷയൊ ഇല്ല. കുട്ടികൾ ഇഷ്ടംപോലെ കൂട്ടംകൂടുകയും അവരുടെ വിഷയത്തേയും അദ്ധ്യാപികയേയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്കു താല്പര്യമുള്ള ചില പ്രത്യേകകാര്യങ്ങളുണ്ടു്; അവയെ സംബന്ധിച്ചാണ് വാദപ്രതിവാദങ്ങൾ; വാദപ്രതിവാദമദ്ധ്യേ വരുന്ന ചോദ്യോത്തരങ്ങളിൽനിന്നാണ് അവർക്കു അദ്ധ്യയനം ലഭിക്കുന്നതു്. ഒരു അദ്ധ്യാപിക അവർക്കു താല്പര്യമുള്ള വിഷയത്തെപ്പററി പറയുന്ന സന്ദർഭങ്ങളുമുണ്ടു്. എന്നാൽ അതു തുടർന്നുകൊണ്ടുപോകുന്നതു് കുട്ടികളുടെ സ്വീകരണത്തെ അടിസ്ഥാനമാക്കിയിട്ടാണ്. ഈ വാദപ്രതിവാദങ്ങൾ ഒരാൾ സാധാരണ വിചാരിക്കുന്നതിനേക്കാൾ കൂടുതലായ വിഷയങ്ങളെപ്പററിയാണ്. ആ കുട്ടികളുടെ വിദ്യാലയങ്ങളിലേ അദ്ധ്യ

യനകാലം എട്ടുകൊല്ലത്തിൽ കവിയും. അവരുടെ ജീവിതത്തെ പ്രധാനമായി സ്പർശിക്കുന്ന വിഷയങ്ങളെപ്പററിയാണ് അവർ സംസാരിക്കുന്നത്. അതുകൊണ്ട് പ്രാധാന്യമേറിയ ഒന്നുംതന്നെ വിട്ടുകളഞ്ഞു എന്നു വരികയില്ല.

സന്ദർശനങ്ങൾ വിദ്യാലയത്തിലെ ജോലിയിലെ ഒരു പ്രധാന വിഭാഗമാണ്. ഹാംബർഗ്ഗ് ഒരു തുറമുഖമായതുകൊണ്ടു അഖിലലോകവുമായി ബന്ധമുണ്ടെന്നുള്ള ഒരു പ്രത്യേകഗുണവുമുണ്ട്. കുട്ടികളുടെ മനസ്സു അവരുടെ ചെറിയ രാജ്യത്തിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുന്നു. കുട്ടികളുടെ വീക്ഷണഗതിയേയും അന്തരീക്ഷത്തേയും വിശാലമാക്കുവാൻ വേണ്ടി സഞ്ചാരങ്ങൾ നടത്തുന്നു. എന്നാൽ പ്രായമായവരുടെ ആവശ്യങ്ങളേയും, താല്പര്യവസ്തുക്കളേയും ഉൾപ്പെടുത്താതിരിക്കാൻ അധ്യാപികമാർ അതിയായി ശ്രദ്ധിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ കുട്ടികളെ പ്രകൃത്യനുസരണമായ പരിസരത്തിൽ നിന്നും ഉയർത്തുന്നതിനും നിലയെ കവിഞ്ഞുള്ള കാര്യങ്ങളിൽ അവരുടെ വികാരങ്ങളെ പ്രവേശിപ്പിക്കുന്നതിനും, തദ്വാരാ അനാവശ്യമായി അവരെ ബുദ്ധിമുട്ടിക്കുന്നതിനും അവർ വിമുഖതയുള്ളവരാണ്.

ജീവിതത്തിൽ നിശ്ചിതമായ അല്ലെങ്കിൽ നിശ്ചലമായ ഒരു സ്ഥിതിയുമില്ലെന്ന് ഈ അധ്യാപികമാർ മനസ്സിലാക്കിയിട്ടുണ്ട്. അവർ ലോകം പരിവർത്തനം ചെയ്യുന്നതു കാണുകയും, ഒരു പ്രത്യേക ജീവിതസ്ഥിതിക്ക് കുട്ടികളെ തയാറാക്കി കൂടെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. അവരുടെ സ്വാഭാവികമായ വികസനത്തിനു വേണ്ട സന്ദർഭം നൾകാമെന്നെയുള്ളു. അതുകൊണ്ട് അവർ ജീവിതശക്തികളെ സ്വതന്ത്രമാക്കുന്നതിനുള്ള ഒരു രംഗാങ്കണമായിട്ടാണ് വിദ്യാലയത്തെ കരുതിപ്പോരുന്നത്.

ഒരു ക്ലാസ്സിൽ കുട്ടികൾ കൂട്ടംകൂടിയിരുന്ന് അവർ സന്ദർശിച്ച അങ്ങാടിയെപ്പററി സംസാരിച്ചുകൊണ്ടിരിക്കുന്നതു ഒരുവനു കാണാം. അതിൽ ചരിത്രവും, ഭൂമിശാസ്ത്രവും, കണക്കും ഉൾപ്പെടെ എല്ലാ കാര്യങ്ങളും ഇണക്കിച്ചേർത്തിട്ടുണ്ട്. ചിലപ്പോഴെല്ലാം വാദപ്രതിവാദങ്ങൾ ഗംഭീരങ്ങളായിത്തീരും. ചില രാജ്യങ്ങളിലെ ഭക്ഷണപദാർത്ഥങ്ങളും പഴങ്ങളും കണ്ടിട്ടുള്ള അവർ അവിടെനിന്നും ചിത്രങ്ങൾ വരുത്തുന്നു. പിന്നീടു ഈ രാജ്യങ്ങളുടെ പ്രത്യേകസ്വഭാവങ്ങളെപ്പററി–അവിടത്തെ ദേശക്കാർ, അവരുടെ പ്രത്യേകഭാഷകൾ, ആചാരങ്ങൾ, തൊഴിലുകൾ, വ്യവസായങ്ങൾ, വാണിജ്യം, ഐതിഹ്യങ്ങൾ, കലകൾ മുതലായവയെപ്പററി–പ്രതിപാദനം ആരംഭിക്കും. അവസാനത്തിൽ ആ വിദൂരദേശം ഹാംബർഗ്ഗിനോടും അവിടത്തെ കുട്ടികളോടും അടുത്തുവന്നിരിക്കുന്നു എന്നു തോന്നിപ്പോകും.

ഒരു കുട്ടിയുടെ ജന്മനാൾ വന്നാൽ കുട്ടി അതു പ്രസ്താവിക്കും. ഉടനെതന്നെ മററുള്ളവക്കും അവരുടെ ജന്മനാളുകളിൽ താല്പയ്യം തോന്നുകയും, അദ്ധ്യാപികയുടെ നിർദ്ദേശമനുസരിച്ച് ബോർഡിലൊ ബുക്കിലൊ തീയതികൾ കുറിക്കുകയും ചെയ്യുന്നു. സാവധാനത്തിൽ അക്കങ്ങൾ അത്യധികം താല്പയ്യമുള്ള വസ്തുക്കളായിത്തീരുന്നു. അവർ വിവിധതരത്തിലുള്ള അക്കങ്ങൾ കണ്ടുപിടിക്കുകയും അവയുടെ ചരിത്രം മനസ്സിലാക്കുകയും ചെയ്യുന്നു സമയത്തെ സെക്കൻറുകളായും മിനിട്ടുകളായും മണിക്കൂറുകളായും വിഭജിച്ചിട്ടുള്ളതിനേയും, ദിവസങ്ങൾ ആഴ്ചകളാകുന്നതിനേയും, ആഴ്ചകൾ മാസങ്ങളാകുന്നതിനേയും, മാസങ്ങൾ കൊല്ലങ്ങളാകുന്നതിനേയും അവർ മനസ്സിലാക്കിത്തുടങ്ങുകയും ആ അറിവ് പൂർണ്ണമാക്കുകയും ചെയ്യുന്നു.

പള്ളിക്കൂടത്തിനു പുറത്തുള്ള ഒരു വിഷയത്തിലാണ് ഒരു കുട്ടിക്കു പ്രത്യേകതാല്പയ്യമെങ്കിൽ ആ കുട്ടിയെ പുറത്തു താമസിപ്പിച്ച് അതു പഠിക്കുന്നതിനനുവദിക്കുന്നു. എന്തുകൊണ്ടെന്നാൽ കപ്പൽപ്പണി, പാലംകെട്ടൽ മുതലായവയെപ്പററി കുട്ടികൾക്ക് പഠിക്കുവാൻ സന്ദർഭങ്ങൾ ഉണ്ടായേക്കാം. അദ്ധ്യാപകനുള്ള സ്വാധീനശക്തിക്കു നൾകിയിട്ടുള്ള പ്രാമാണ്യത്തെ ഉദ്ധരിക്കുന്നതിനാണ് ഹാംബർഗ്ഗ് ഉദ്ദേശിക്കുന്നത്. പ്രകൃതി, തൊഴിൽശാലകൾ, പുസ്തകങ്ങൾ, സമുദായജീവിതം മുതലായവ ശക്തികേന്ദ്രങ്ങളാണെന്നും, അവ കുട്ടികളിൽനിന്നും അപഹരിക്കപ്പെട്ടാൽ അദ്ധ്യാപകന് ആ നഷ്ടത്തെ പരിഹരിക്കുവാൻ സാധിക്കുകയില്ലെന്നും അവർ വിശ്വസിക്കുന്നു.

# ഉദാഹരണങ്ങൾ

## സഹകരണരൂപേണയുള്ള പഠനം.

ഫ്റാൻസിലെ ഒരു വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി ശ്രീമതി കമലാദേവി ചതോപാദ്ധ്യായ ഹിന്ദുപത്രത്തിൽ ഇങ്ങനെ ഒരു ലേഖനമെഴുതിയിരിക്കുന്നു. ഇതിൽ പറയുന്ന കാര്യങ്ങൾ വിദ്യാഭ്യാസപ്രവത്തകന്മാരും അദ്ധ്യാപകന്മാരും ശ്രദ്ധിക്കേണ്ടവയാണ്.

"ഫ്റാൻസ് വിദ്യാഭ്യാസ വിഷയത്തിൽ അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള ഒരു രാജ്യമല്ല. അത് ഒരു യാഥാസ്ഥിതികരാജ്യമാണ്. വിദ്യാ

ലയങ്ങളെല്ലാം ഗവമ്മെൻറു ഇരുമ്പുചങ്ങല കൊണ്ടു് അതിൻെറ കീഴിൽ ബന്ധിച്ചിരിക്കയാണ്. വിദ്യാഭ്യാസപ്രവത്തകന്മാൎക്കു് ഗവമ്മെൻറിൻെറ പ്രതികൂലഭാവത്തോടും, പൊതുജനങ്ങളുടെ അശ്രദ്ധയോടും കഠിനമായ സമരം ചെയ്യേണ്ടിയിരിക്കുന്നു. ഞാൻ സന്ദശിച്ച ചില വിദ്യാലയങ്ങൾ അഭിവൃദ്ധി പ്രാപിച്ചിരുന്നില്ല. എന്നാൽ ഫ്റഞ്ചുകാർ കല്പനാശക്തിയിലും സൃഷ്ടിപരമായ ശക്തിയിലും പ്രസിദ്ധന്മാരാണ്. അതുകൊണ്ടു് പുതുതായി ആരംഭിച്ചിട്ടുള്ള ചില വിദ്യാലയങ്ങളിൽ കല്പനാശക്തി തെളിഞ്ഞുകാണുന്നുണ്ടു്. അങ്ങനെയുള്ള ഒരു വിദ്യാലയം നടത്തിപ്പോരുന്നതു് റോഗർ കസിനെററു് എന്ന മാന്യനാണ്. അദ്ദേഹം ഒരു പള്ളിക്കൂടം ഇൻസ്പെക്ടരാണ്.

കസിനെററു് ആകഷണീയനായ ഒരു പുരുഷനാണ്. നവചൈതന്യം അദ്ദേഹത്തിൽ തിളച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം ഒരു പട്ടാളമുറക്കാരനായതുകൊണ്ടു തൻെറ മാൎഗ്ഗത്തിലുള്ള വലിയ പ്രതിബന്ധങ്ങളെ തടയുവാനുള്ള ശക്തിയുണ്ടു്. ലോകത്തിൽ നടക്കുന്ന അഭിവൃദ്ധികരങ്ങളായ പ്രസ്ഥാനങ്ങളെ അദ്ദേഹം അറിയുകയും, അവയിലുള്ള നന്മകളെ തൻെറ പ്രവൃത്തിയിൽ കൂടിയും കാണിച്ചുകൊടുക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അദ്ദേഹം ഒരു പ്രയോഗികപുരുഷനാണ്. ഫ്റാൻസിലെ കേന്ദ്രീകൃതസമ്പ്രദായവും, നിർബ്ബന്ധിതപ്പരീക്ഷയും കുട്ടികളെ ശുഷ്കസംഗതികൾ പഠിക്കുന്നതിനും മററും ഇടയാക്കുന്നു. ഇതു് അദ്ദേഹത്തിൻെറ ജോലിക്കും ഒരു പ്രതിബന്ധമായിത്തീരുന്നുണ്ടു്. അദ്ദേഹം സദാസന്തോഷചിത്തനാണ്. അതാവശ്യവുമാണ്. അദ്ദേഹം പരിശോധിക്കുന്ന അനവധി വിദ്യാലയങ്ങളിൽ മൂന്നോ നാലൊ എണ്ണം മാത്രമെ അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ സ്വീകരിച്ചിട്ടുള്ളു.

കസിനെററു് കൂട്ടുപ്രവൃത്തിയിൽ വിശ്വസിക്കുന്നു. സഹകരണത്തോടുകൂടിയുള്ള പഠനം എന്നാണ് അദ്ദേഹം അതിനെ വിളിക്കുന്നതു്. ഓരോ ദിവസവും രാവിലെ കുട്ടികൾ അവർ ശേഖരിച്ചിട്ടുള്ള ചെടികൾ, പക്ഷികൾ, പുഷ്പങ്ങൾ മുതലായവ പള്ളിക്കൂടത്തിൽ കൊണ്ടുവരുന്നു. അവയെപ്പററി ശരിയായും കൂട്ടുകാരോടൊന്നിച്ചും പഠിക്കുന്നതിനാണ് അവർ ആഗ്രഹിക്കുന്നതു്. കുട്ടികൾക്കു ഇഷ്ടമുള്ള സാധനമെടുക്കാം. സാധാരണയായി പ്രായമായവർ ഒരു വസ്തുവും, പ്രായമാകാത്തവർ വേറൊരു വസ്തുവും എടുത്തു് രണ്ടു ഭാഗമായി പിരിയുന്നു. അവർ എല്ലാവരും ബോർഡിനടുത്തു പോകും. ഒരു കുട്ടി മററുകുട്ടികൾ പരിശോധന നടത്തിപ്പറയുന്ന കാൎയ്യങ്ങൾ ബോർഡിൽ കുറിക്കുന്നു. ഒരു പക്ഷിയുടേയൊ ചെടിയുടേയൊ ചുററും കൂടിയിട്ടുള്ള കുട്ടികളുടെ വാദപ്രതിവാദം ആകഷണീയമായ ഒന്നാണ്. ഓരോ കുട്ടിക്കും സ്വയം പ്രകടനത്തിനു ധാരാളം സന്ദർഭം ലഭിക്കു

ന്നുണ്ട്. ചിലർ വാചകങ്ങൾ ശരിയായി പറയുന്നതിലും, അക്ഷരങ്ങൾ ഉച്ചരിക്കുന്നതിലും, ശരിയായ പരിശോധന നടത്തുന്നതിലും സമർത്ഥരാണ്. മററു ചിലർക്ക് പരിശോധിക്കുന്ന വസ്തുവിനെപ്പററി കൂടുതൽ അറിവുണ്ട്. ഓരോരുത്തരുടേയും വൈശിഷ്ട്യം പരസ്പരം ഗുണകരമായിത്തീരുന്നു. ഇപ്രകാരം കുട്ടികൾ തന്നെ തൃപ്തികരമായ രീതിയിൽ ക്ലാസ്സ് നടത്തുന്നു. അവരുടെ ജോലി അവസാനിച്ചു എന്നു കണ്ടാൽ അധ്യാപികയെ വിളിച്ച് കുട്ടികളുടെ ജോലി പരിശോധിക്കുവാൻ പറയും- ചിലപ്പോൾ അക്ഷരസംബന്ധമായും ഭാഷാസംബന്ധമായും അവരുടെ ദൃഷ്ടിയിൽ പെടാത്ത തെററുകളെ അവരുടെ സഹകരണത്തോടുകൂടി അധ്യാപിക തിരുത്തുന്നു. അതു കഴിഞ്ഞാൽ കുട്ടികൾ അവരുടെ പ്രത്യേക നോട്ടുബുക്കിൽ അതു പകർത്തും. പഠിച്ച വസ്തുവിൻെറ ചിത്രവും അവർ അതിൽ വരയ്ക്കും. അവസാനമായി ബോർഡിൽ എഴുതിയിട്ടുള്ള വിവരണങ്ങളുടെ ഒരു സംഗ്രഹപ്പട്ടികയും അവർ തയാറാക്കുന്നു.

കുട്ടികൾ ഇഷ്ടപ്പെടുന്ന ഒരു കാര്യം പ്രസംഗക്ലാസ്സുകളാണ്. ആദ്യമായി അവർ മാസികകളിൽ നിന്നും ചിത്രഗ്രന്ഥങ്ങളിൽ നിന്നും ചിത്രങ്ങൾ വെട്ടിയെടുത്ത് തരംതിരിച്ച് സജ്ജീകരിക്കുന്നു. ഓരോ കുട്ടിയും ഓരോകൂട്ടം ചിത്രങ്ങൾ തിരഞ്ഞെടുക്കുകയും കുറിപ്പുകൾ തയാറാക്കി ക്ലാസ്സിൽ പ്രസംഗിക്കുകയും ചെയ്യുന്നു. ചിലർ കുറിപ്പു നോക്കാതെയും പ്രസംഗിക്കും.

അവരുടെ പഠനത്തിൽ കരപരിശീലനത്തിന് വളരെ പ്രാധാന്യം നൾകിയിട്ടുണ്ട്. ചരിത്രകാലങ്ങളെ അടിസ്ഥാനപ്പെടുത്തി പാവകളെ വിവിധതരത്തിൽ വസ്ത്രധാരണം ചെയ്യിക്കുക, കാലഘട്ടങ്ങളെ ആസ്പദമാക്കി മണ്ണുകൊണ്ടും ചെളികൊണ്ടും കെട്ടിടങ്ങൾ ഉണ്ടാക്കുക, സാമുദായികസ്ഥിതികളെ കാണിക്കുന്നതും കുട്ടികൾ തന്നെ രചിച്ചിട്ടുള്ളതുമായ നാടകങ്ങൾ അഭിനയിക്കുക മുതലായവയാണ് പഠിത്തത്തെ സഹായിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള രീതികൾ. മററു വിദ്യാഭ്യാസപ്രവർത്തകന്മാർ നൾകുന്നതിനേക്കാൾ വളരെ കൂടുതൽ സ്വാതന്ത്ര്യം കസിനററ് അദ്ദേഹത്തിൻെറ കുട്ടികൾക്കു നൾകുന്നുണ്ട്. അദ്ദേഹം സ്വയംപഠനത്തിലാണു നിഷ്കർഷിക്കുന്നത്. "നമ്മുടെ സഹായം കൂടാതെ സ്വയമായിത്തന്നെ വിദ്യാഭ്യാസം ചെയ്യുന്നതിന് ആവശ്യമുള്ള സകല വസ്തുക്കളും അടങ്ങിയ ഒരു പരിസരത്തെയാണ് നാം കുട്ടികൾക്കായി സൃഷ്ടിച്ചുകൊടുക്കേണ്ടത്" എന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹത്തിൻെറ ജോലിയെ മൂന്നായി സംഗ്രഹിച്ചിരിക്കുന്നു. (എ) കുട്ടികൾ അവരുടെ ഇഷ്ടംപോലെ കൂട്ടംകൂടുകയും അവരുടെ മനസ്സുപോലെ മാററംവരുത്തുകയും ചെയ്യട്ടെ. (ബി) ഒരുകൂട്ടം കുട്ടികൾ ജോലിചെയ്യുമ്പോൾ ഒരിക്കലും നാം അതിൽ പ്രവേശിക്കരുത്; അവർ ത

ന്നത്താൽ ജോലിചെയ്യട്ടെ. (ന.) ജോലി പരിശോധിച്ച തിരുത്തുക. എന്തുകൊണ്ടെന്നാൽ അവർ ശരിയായി ജോലി ചെയ്യുന്ന ശീലമുള്ളവരായിത്തീരണം.

അദ്ദേഹത്തിൻെറ പത്രാധിപത്യത്തിൽ ഒരു മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. അതിൻെറ പേരു് "നീലക്കിളി" എന്നാണ്. അതിൽ കുട്ടികളുടെ ലേഖനങ്ങളും ചിത്രങ്ങളുമാണ പ്രസിദ്ധീകരിക്കാറുള്ളതു്.

അദ്ദേഹത്തിൻെറ അധ്യയനരീതിയിൽ കാണുന്ന പ്രധാന സംഗതി കുട്ടികൾ കൂട്ടമായി ചെയ്യുന്ന ജോലിയിലുള്ള പ്രയത്നവിഭജനമാകുന്നു. ഓരോ കുട്ടിയേയും അയാൾക്ക നന്നായി ചെയ്യാൻ കഴിയുന്ന ജോലി അനുവദിക്കുന്നതുകൊണ്ട് — നല്ല എഴുത്തുകാരൻ എഴുതുക, അക്ഷരനിശ്ചയമുള്ളവൻ അക്ഷരപ്പിഴ തിരുത്തുക, ഭാഷാജ്ഞാനമുള്ളവൻ ഭാഷയിലുള്ള തെററു ശരിയാക്കുക, മുതലായവ ചെയ്യിക്കുന്നതുകൊണ്ട — ഓരോ കുട്ടിക്കും അയാളുടെ അശക്തതയും സാമൎത്ഥ്യവും മനസ്സിലാക്കി, അശക്തത നീക്കി സമുദായസേവനം ചെയ്യുന്നതിന് സന്ദൎഭം ലഭിക്കുന്നു.

കസിനെററിൻെറ രീതിക്ക പ്രോജക്ററു രീതിയുടെ ഛായയുണ്ട്. എന്നാൽ അദ്ദേഹത്തിൻെറ വിദ്യാലയങ്ങളെപ്പോലെ പ്രോജക്ററു രീതി ഇത്ര കേമമായി വേറെ എങ്ങും കാണുന്നില്ല. വിദ്യാഭ്യാസലോകത്തിൽ പടവെട്ടുന്ന ധീരഭടന്മാൎക്ക് പരിമിതമായ പരിധിക്കള്ളിൽത്തന്നെ എന്തുചെയ്യുവാൻ സാധിക്കുമെന്ന് അദ്ദേഹം കാണിച്ചുകൊടുത്തിട്ടുണ്ട്. സംശയമില്ല.

## വിദ്യുച്ഛാത്താവിതരണം.

## Broadcasting.

ഒരു ദിക്കിൽ നടക്കുന്ന പ്രസംഗങ്ങളും, വൃത്താന്തങ്ങളും, സംഗീതാലാപങ്ങളുംമററും അതേസമയം തന്നെ ലോകത്തിലെവിടേയും കേൾപ്പിക്കുന്ന ഒരു പ്രവൃത്തിയാകുന്നു "ബ്രോഡ് കാസ്റ്റിംഗ് ". പ്രചാരത്തിൽവരുന്ന ഈ പുതിയ ഏൎപ്പാടിനെക്കുറിച്ചു "കേരളം"മാസികയിൽ ശ്രദ്ധേയമായ ഒരു ലേഖനം ചേൎത്തു കാണുന്നു. അതിലെ പ്രധാനഭാഗം ഇവിടെ ചേൎക്കാം.

... ... ... ... ... ... .. ...

"ഒരുവൻെറ സംസാരം മറെറാരുവൻെറ കൎണ്ണങ്ങളിൽ എത്തുന്നതു് ശബ്ദവീചികൾ വഴിക്കാണ്. (Sound waves) ശബ്ദവീചികൾ വാ

St. Thomas' College, Trichur.



യുവിലൂടെ ഒരു സെക്കണ്ടിൽ ൩൫൦-ൽ പരം വാര ദൂരം സഞ്ചരിക്കുന്നു. എന്നാൽ അവക്കും യാത്രാക്ലമമെന്നൊന്നുണ്ട്. കുറെ ദൂരം മേൽപറഞ്ഞ വേഗത്തിൽ യാത്രചെയ്താൽ പിന്നെ അവ ക്ഷീണിച്ച് പ്രയാണക്ഷമങ്ങളല്ലാതായിത്തീരും. അതുകൊണ്ട് ആ അതിർത്തിക്കപ്പുറം സ്ഥിതിചെയ്യുന്നവക്ക് നമ്മുടെ സംസാരം ശ്രവിക്കുവാൻ നിവൃത്തിയില്ല. ശബ്ദവീചികളുടെ ഈ ശക്തിക്ഷയം നിമിത്തം ഉണ്ടാകുന്ന ഞെരുക്കം പരിഹരിക്കുവാൻ പര്യാപ്തമായ ഒരു വിദ്യയുണ്ട്. അതു് സ്വരതരംഗങ്ങളെ ഒരു തരം വിദ്യുദ്വീചികളാക്കി രൂപാന്തരപ്പെടുത്തുകയെന്നതാണ്. വിദ്യുത്തരംഗങ്ങൾക്ക് അതീവത്വരിതഗമനത്തിനുള്ള സാമർത്ഥ്യമുണ്ട്. അവ ഒരു സെക്കണ്ടിൽ ൧൮൬൦൦൦ നാഴിക ദൂരം പോകുമത്രെ. സ്വരതരംഗങ്ങളുടെ ഗതിവേഗവും ഇതും തമ്മിലുള്ള വ്യത്യാസം അല്പമാണോ?. ഇതിന് പുറമേ അവയ്ക്കു് (വിദ്യുത്തരംഗങ്ങൾക്ക്) വായുമണ്ഡലമെന്നല്ല, കരുത്തേറിയ കോട്ടകളും അംബരചുംബികളായ വൃക്ഷങ്ങളാൽ പരികീർണ്ണമായ വനാന്തരങ്ങളും ഭീമശൈലങ്ങളും ഭേദിച്ച് എവിടേയ്ക്കും പാഞ്ഞെത്തുവാനുള്ള വൈദഗ്ദ്ധ്യം കൂടി ഉണ്ട്. അതിനാൽ ഈ വിദ്യുത്തരംഗവാഹനങ്ങൾ വഴിയായി ശബ്ദവീചികൾക്ക് ഭൂമുഖത്തെവിടേയും എളുപ്പത്തിൽ എത്തിച്ചേരാം. ഇതാകുന്നു ബ്രോഡ് കാസ്റ്റിംഗിൻെറ ആദിമതത്വം.

വിദ്യുദ്വീചികൾക്ക് ഒരേ സമയത്തു നാനാഭാഗത്തേയ്ക്കും യാത്ര ചെയ്യാൻ കഴിയും. ഒരു ജലശേഖരത്തിൽ ഒരു കല്ലെടുത്തെറിഞ്ഞുവെന്ന് സങ്കല്പിക്കുക. ഉടനെ എന്തുണ്ടാകുന്നു? വൃത്താകാരത്തിൽ ജലതരംഗങ്ങൾ ഉണ്ടായി ഒന്നിനു പിമ്പിൽ മറെറാന്നായി കാണപ്പെടുന്നു. ശിലാഖണ്ഡത്തിൻെറ നിപാതത്താൽ ജലത്തിനുണ്ടാകുന്ന അനുഭവം നാനാഭാഗത്തേയ്ക്കും സംവഹിക്കപ്പെടുന്നു. ഇതാണ് വിദ്യുത്തരംഗങ്ങളുടേയും പ്രയാണസ്വഭാവം.

ശബ്ദതരംഗങ്ങൾ ഗ്രഹിക്കുവാൻ നമ്മുടെ ശ്രോത്രേന്ദ്രിയങ്ങൾ മതിയല്ലൊ. എത്ര ഗംഭീരാശയസമ്പൂർണ്ണവും കഠിനപദനിബദ്ധവുമായ പ്രസംഗമായിക്കൊള്ളട്ടെ, അതിൽനിന്ന് നിർഗ്ഗമിക്കുന്ന സ്വനകല്ലോലങ്ങൾ നമ്മുടെ കർണ്ണരന്ധ്രങ്ങളിൽ ചെന്നു കയറിക്കൊള്ളും. അർത്ഥഗ്രഹണത്തിൽ മാത്രമേ നമുക്കല്പം വൈഷമ്യം നേരിടുന്നുള്ളു. വിദ്യുത്തരംഗങ്ങളുടെ സ്വഭാവം ഇതിനു വിപരീതമാണ്. അന്തരീക്ഷത്തിൽ അവ സന്നിഹിതമാണൊ അല്ലയൊ എന്ന് വ്യവച്ഛേദിക്കുവാൻതന്നെ മനുഷ്യകർണ്ണങ്ങൾക്ക് ശക്തിയില്ല. ആ പ്രവൃത്തി നിർവ്വഹിക്കുവാൻ ഒരു വിശേഷയന്ത്രത്തിൻെറ സഹായം കൂടിയെ കഴിയൂ.

മുകളിൽ എഴുതപ്പെട്ട ഖണ്ഡികകളിൽ നിന്ന്, വിദ്യുദ്ധ്വാവിതരണം സാധിക്കുന്നതിന് കാരണഭൂതങ്ങളായ തത്വങ്ങൾ വെളിപ്പെട്ടിരിക്കു

മല്ലൊ. ആപ്രസ്ഥാനത്തിനാവശ്യമായ ഉപകരണങ്ങളെ സംബന്ധിച്ചാകാം ഉപരിവിചയനം. ബ്രോഡ്കാസ്റ്റിംഗേപ്പാടിലെ സവ്പ്രധാനമായ ഉപകരണം ശബ്ദതരംഗങ്ങളെ വിദ്യുത്തരംഗങ്ങളാക്കിപ്പകത്തിവിടുന്നതിനുള്ള യന്ത്രമാണ്. ഇംഗ്ലീഷിൽ അതിന് 'ട്രാൻസ്മിററർ' (Transmitter) എന്നു പറയും. വേണമെങ്കിൽ മലയാളത്തിൽ അതിന് 'തരംഗവിസജ്ജനി' എന്ന് പേർ കൊടുക്കാം. തരംഗവിസജ്ജനിയിൽ, ഏകദേശം അർദ്ധമദ്ദളാകൃതിയിലുള്ള ഒരു കുഴലും ഒരു വിദ്യുൽസ്രോതസ്സും *(A source of Electricity)* ഉണ്ടാകും. (൧-ാംചിത്രം നോക്കുക. A അക്ഷരത്താൽ സൂചിതമായിരിക്കുന്നതു കുഴലും B അക്ഷരത്താൽ സൂചിതമായിരിക്കുന്നതു് വിദ്യുൽസ്രോതസ്സുമാകുന്നു.) കുഴലിന്റെ പ്രവൃത്തി ശബ്ദാദാനമാണ്. തന്റെ മുമ്പിൽവച്ച് പ്രസംഗങ്ങളൊ സംഗീതാലാപങ്ങളൊ നടത്തപ്പെട്ടാൽ അവയിൽ നിന്ന് പുറപ്പെടുന്ന ശബ്ദവീചികളെയെല്ലാം പിടിച്ച് 'ബന്ധവസ്സിൽ' വയ്ക്കുന്നതിനു വേണ്ട അധികാരവും സാമർത്ഥ്യവും കുഴലിനുണ്ട്. അങ്ങനെ 'കുഴൽക്കീഴിൽ' പെടുന്ന ശബ്ദകല്ലോലങ്ങൾ വിദ്യുൽസ്രവണത്തിന്റെ സാഹായ്യത്താൽ ക്ഷണത്തിൽ വിദ്യുത്തരംഗങ്ങളായി മാറുന്നു. ആ വിദ്യുദ്വീചികൾക്ക് അനന്തരനിമിഷത്തിൽ ഒരു കമ്പിയിലൂടെ പ്രയാണം ചെയ്ത മറെറാരു ലഘുയന്ത്രത്തിൽ പ്രവേശിക്കേണ്ടതുണ്ട്. (൨-ാംചിത്രം ആ ലഘുയന്ത്രത്തിന്റേതാണ്.) ഒന്നൊ അതിലധികമൊ കമ്പിക്കഷണങ്ങൾ തമ്മിൽ കൂട്ടിയിണക്കിയുണ്ടാക്കാവുന്നതാണ് പ്രസ്തുതയന്ത്രം. അതിന്റെ കത്തവ്യം, തന്നിൽ വന്നഭയംപ്രാപിക്കുന്ന ശബ്ദവാഹികളായ വിദ്യുത്തരംഗങ്ങളെ സവ്ഭാഗങ്ങളിലേയ്ക്കുമായി പ്രേഷണം ചെയ്യുകയാകുന്നു.

ഒരു ദിക്കിൽ നിന്ന് ഉൽസജ്ജനം ചെയ്യപ്പെടുന്ന വിദ്യുത്തരംഗങ്ങളെ മറെറാരു ദിക്കിൽ സ്വീകരിച്ചാദരിക്കണമെങ്കിൽ വേറൊരു വിശേഷയന്ത്രം കൂടിയെ കഴിയുവെന്ന് മുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആ യന്ത്രത്തിലും ഉണ്ട് രണ്ടു വിഭിന്നസാമഗ്രികൾ. ഒന്നു, വിദ്യുത്തരംഗഗ്രാഹി, മറെറാന്ന്, ആ തരംഗങ്ങളെ ശബ്ദവിചികളാക്കി രൂപാന്തരപ്പെടുത്തുവാനുള്ള ഉപകരണം. ഒരു ദൂരശ്രവണയന്ത്രം (Telephone) ആ യന്ത്രത്തോട് സംഘടിപ്പിച്ചാൽ ശബ്ദപരമ്പരകൾ നമ്മുടെ കർണ്ണേന്ദ്രിയങ്ങൾക്ക് ഗോചരീഭവിക്കുകയായി.

വിദ്യുത്തരംഗങ്ങളുടെ 'തരംഗവ്യാസ'ത്തെപ്പററി (Wave-length) ഈ ഘട്ടത്തിൽ അല്പം പറയേണ്ടതുണ്ട്. തരംഗവ്യാസത്തിന് ഏററക്കുറച്ചിലുകളുണ്ടാവുക സാധാരണമാണ്. (൩-ാംചിത്രം നോക്കിയാൽ ഏതൽഭേദങ്ങൾ മനസ്സിലാക്കാം.) ഒരു ദിക്കിൽ നിന്ന് വിസജ്ജനം ചെയ്യപ്പെടുന്ന വിദ്യുത്തരംഗങ്ങളുടെ വ്യാസമായിരിക്കയില്ല മറെറാരു ദിക്കിൽ നിന്ന് പുറപ്പെടുന്നവയുടെ വ്യാസം. അതുകൊണ്ട് തരംഗസ്വീകരണത്തിന് നി

യുക്തമാകുന്ന യന്ത്രം വ്യാസവിപൎയ്യയങ്ങൾ അറിഞ്ഞനുവൎത്തിക്കുവാൻ പൎയ്യാപ്തമായിരിക്കണം. അതിഥികളുടെ 'മാററവും മാനവും' അനുസരിച്ചായിരിക്കണമല്ലൊ നാൽക്കാരകൻെറ പെരുമാററങ്ങൾ. ഇപ്പോൾ നടപ്പിൽ വന്നിരിക്കുന്ന തരംഗഗ്രാഹിയന്ത്രങ്ങളുടെ നിൎമ്മാണം ഈ തത്വം അടിസ്ഥാനപ്പെടുത്തിത്തന്നെയാണു്. അങ്ങിനെയല്ലെങ്കിൽ, പല വ്യാപൃതിസീമകളോടുകൂടി പല ദിക്കുകളിൽ നിന്നു് വരുന്ന വിദ്യുത്തരംഗപരമ്പരകളെ നമുക്കു വേണ്ടവിധത്തിൽ തിരിച്ചെടുത്തുപയോഗിക്കുവാൻ കഴികയില്ല.

അദ്യതനലോകത്തിൽ ഏററവും ഫലപ്രദവും സൌകൎയ്യപ്രദവുമായി കാണപ്പെടുന്ന തരംഗസ്വീകരണോപകരണം, ഏകദേശം വിദ്യുദ്ദീപത്തിൻെറതു പോലെയുള്ള ഒരു സ്ഫടികബുൽബുദമാണു്. (Bulb) ശാസ്ത്രദൃഷ്ട്യാ ശൂന്യമായ അതിനുള്ളിൽ 'ടംഗ്സ്റ്റൺ' (Tungsten) കൊണ്ടുള്ള ഒരു നേരിയ കമ്പിയും അതിനെ ആവരണം ചെയ്യുന്ന ഒരു കമ്പിച്ചുരുളും ഒരു ഫലകഖണ്ഡവും ഉണ്ടായിരിക്കും. സ്ഫടികബുൽബുദത്തോടു് ഒരു വിദ്യുൽസ്രോതസ്സ് സംഘടിതമായിരിക്കുകയും ചെയ്യും. പ്രയാണമദ്ധ്യേ ആകൎഷിക്കപ്പെടുന്ന വിദ്യുദ്വീചികൾ ആ ബുൽബുദത്തിനുള്ളിൽ പ്രവേശിക്കുമ്പോൾ ശബ്ദതരംഗങ്ങളായി മാറും. ഒരു ടെലഫോൺ വച്ചാൽ മതി അവ നമുക്കു കൎണ്ണഗോചരമാകാൻ".

[ഇതുസംബന്ധമായി ചേൎത്തിട്ടുള്ള ചിത്രം സെൻറ് തോമസ്സ് കാളേജു പ്രിൻസിപ്പാൾ പാരിതോഷികമായി ഞങ്ങൾക്കു നൾകിയിട്ടുള്ളതാണു്.—ഗ്ര. പ.]

# പുസ്തകാഭിപ്രായം

## കാലവിപൎയ്യയം

### (ഒരു പ്രഹസനപ്രമേയം)

ഗ്രന്ഥകൎത്താവു്:— മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്.

ആഖ്യായികാകാരന്മാരിലെന്നപോലെ പ്രഹസനകൎത്താക്കന്മാരിലും പരേതനായ രാമൻപിള്ള അദ്വിതീയനായിട്ടാണു് ഇന്നും ഇരിക്കുന്നതു്. അദ്ദേഹത്തിൻെറ 'കുറുപ്പില്ലാക്കളരി', 'പണ്ടത്തെ പാച്ചൻ' മുതലായ പ്രഹസനങ്ങൾ അഭിനയോചിതങ്ങളെന്നു മാത്രമല്ല, സാഹിത്യഗുണപൂൎണ്ണങ്ങളും

ആകുന്നു. ഇവയോട് ഏകദേശം സാദൃശ്യപ്പെടുത്താവുന്ന വല്ല കൃതികളും മലയാളത്തിലുണ്ടെങ്കിൽ അവ അപ്പൻതമ്പുരാൻ തിരുമനസ്സിലെ പ്രഹസനങ്ങൾ മാത്രമാണ്. ഞങ്ങളുടെ മുമ്പിലിരിക്കുന്ന 'കാലവിപര്യയം' എന്ന പ്രഹസനപ്രമേയത്തിലെ കാര്യച്ചുരുക്കം 'ലോകരംഗത്തിൽ കാണാവുന്ന ചില തത്വങ്ങളെ നടനരംഗത്തിൽ കൂടി അന്വയവ്യതിരേകലക്ഷ്യങ്ങളെക്കൊണ്ടു സമാസിച്ചു കാണിക്കയാണെ'ന്നാണ് ഗ്രന്ഥകർത്താവു പറയുന്നതു്. കാവ്യനിർമ്മാണോദ്ദേശ്യം ഇങ്ങിനെ സ്പഷ്ടമാകുന്നത് കാവ്യരസാസ്വാദനത്തിന് ഒരു പ്രതിബന്ധമാകുമെങ്കിലും, പ്രസ്തുതകൃതിയെ സംബന്ധിച്ചേടത്തോളം കവിയുടെ ഉദ്ദേശ്യം വെളിവാകുന്നതു അവസാനരംഗത്തിൽ മാത്രമാകുന്നു. തിരുമനസ്സിലെ പാത്രനിർമ്മാണചാതുര്യം ഇട്ടിമായയുടെ സൃഷ്ടിയിൽ സവിശേഷം പ്രകാശിക്കുന്നുണ്ട്. ഇതുപോലെയുള്ള ഇട്ടിമായകളെ മിക്ക മലയാളഭവനങ്ങളിലും കാണാവുന്നതാണ്. മുൻസിപ്പൽ ആപ്പീസ്സു രംഗം സരസവും ഫലിതസമ്പൂർണ്ണവുമായിട്ടുണ്ട്. പക്ഷെ കാമാക്ഷി, കേളൻ മുതലായവർ കുറുപ്പില്ലാക്കളരിയിലെ ചില പാത്രങ്ങളുടെ പ്രതിച്ഛായകൾ മാത്രമാകുന്നു. 'നമക്കരിക്കണോന്നു തംചയിക്കുന്നു' കേളന് 'വേർകണ്ടാലറിയുന്നവർക്കില പറിച്ചാഹന്ത കാട്ടേണമോ' എന്നും 'പെട്ടെന്നങ്ങു ഗമിപ്പാനും പുനരിഷ്ടരോടൊത്തു രമിപ്പാനും' എന്നും 'ചെമ്മേകുതിച്ചുഞാൻ ചാടിവീനീടിനേൻ' എന്നുംമറവുമുള്ള വരികൾ സന്ദർഭോചിതമായി ഉദ്ധരിക്കത്തക്കവണ്ണം വ്യുല്പത്തിയും കവിത്വവും എങ്ങിനെ ഉണ്ടായി എന്നറിയുന്നില്ല. പാത്രങ്ങളുടെ സ്വഭാവത്തിനും പഠിപ്പിനും അനുസരണമായി അവരെ കൊണ്ടു സംസാരിപ്പിക്കുന്ന വിഷയത്തിൽ ഗ്രന്ഥകാരൻ കുറെക്കൂടി ശ്രദ്ധ പ്രദർശിപ്പിക്കേണ്ടതായി ഞങ്ങൾക്കു തോന്നുന്നു. അവസാനരംഗം അഭിനയിച്ചു നന്നാക്കുന്നതു പ്രയാസമാണെങ്കിൽ അതിനു കാരണം ഇതു തത്വചിന്താപരമായ പ്രഹസന'പ്രമെയ'മാണെന്നുള്ള സംഗതിയാണ്. വിനോദവും വിജ്ഞാനവും ഒരേ സമയത്തു അനായാസേന നൽകുന്ന ഇത്തരം പ്രസിദ്ധീകരണങ്ങൾ ഭാഷയിൽ എത്രതന്നെ ഉണ്ടായാലും ഒട്ടും അധികമാകുന്നതല്ല.

## വീരമാർത്താണ്ഡൻ

ഗ്രന്ഥകർത്താ:— എൻ. കെ. കൃഷ്ണപിള്ള, സർവ്വീസ് ആപ്പീസ്, തിരുവനന്തപുരം.

വില 1 ക്രുപ 8 ണ.

സർവ്വീസ പത്രാധിപരായ എൻ. കെ. കൃഷ്ണപിള്ള അവർകൾ ഉണ്ടാക്കിയ 'വീരമാർത്താണ്ഡൻ' എന്ന ആഖ്യായിക ഞങ്ങൾ സശ്രദ്ധം വായിച്ചു.

"വായിച്ചങ്ങിനെപോയിട്ടുന്ന സമയേമററുള്ള കൃത്യങ്ങളിൽ
പായുംഏൾഗതിവിശ്രമേച്ഛവല്ലതായീട്ടനൊരാനിദ്രയും
മായംചൊല്ലുകയല്ലബുക്കമുഴുവൻ തീരുംവരെബ് ഭീതിയു
ണ്ടായെന്നോണമൊളിച്ചുവേഗമെവിടെപ്പോയെന്നറിഞ്ഞീല ഞാൻ"

എന്നാണ് ഒരു സഹൃദയൻ ഒരു ഉത്തമഗ്രന്ഥം വായിച്ചിട്ടു പറഞ്ഞതു്. മിസ്റ്റർ കൃഷ്ണപിള്ളയുടെ ആഖ്യായികകൾ വായിച്ചിട്ടുണ്ടായ ഞങ്ങളുടെ അനുഭവവും മിക്കവാറും മേൽപറഞ്ഞതുതന്നെയാണ്. 'വീരമാർത്താണ്ഡൻ' ഒരു ചരിത്രാഖ്യായികയാകുന്നു. 'കായംകുളം രാജകുടുംബത്തിൽനിന്നും കൊല്ലത്തു രാജാവു് ഒരു ദത്തെടുത്തതിൽ ക്രുദ്ധനായി ശ്രീവീരമാർത്താണ്ഡവർമ്മ മഹാരാജാവു കൊല്ലത്തോടു പടവെട്ടി കീഴടങ്ങിയ കൊല്ലം രാജാവിനെ കൂട്ടിക്കൊണ്ടുപോയി തടവിലാക്കിയതും ആ രാജാവു തടവിൽനിന്ന് സ്വജനസഹായത്താൽ രക്ഷപ്പെട്ടതും ആ വിവരമറിഞ്ഞു മാർത്താണ്ഡവർമ്മ കൊല്ലത്തോടു യുദ്ധത്തിനുപുറപ്പെട്ടു തോററതും കൊല്ലത്തിനു സ്വാതന്ത്ര്യം ലഭിച്ചതും' മററുമുള്ള കഥയാണ് ഇതിൽ വിവരിച്ചിരിക്കുന്നതു്. ഒരു ചരിത്രാഖ്യായികയാണെങ്കിലും പണ്ടത്തെ നായന്മാരുടെ ശൌര്യവീര്യപരാക്രമങ്ങളെ ചിത്രീകരിച്ചു കാണിക്കണമെന്നാണ് സമുദായഭക്തനായ ഗ്രന്ഥകാരൻെറ മുഖ്യഉദ്ദേശ്യമെന്നു വെളിവാകുന്നുണ്ട്. നായികാനായകന്മാരായ കല്യാണിക്കുട്ടിയുടേയും വീരമാർത്താണ്ഡൻെറയും പരാക്രമങ്ങൾ രാജപുത്രസ്ഥാനത്തെ അലങ്കരിച്ചിരുന്ന ചില ക്ഷത്രിയയോദ്ധാക്കന്മാരുടേയും ധീരവനിതാരത്നങ്ങളുടേയും അത്ഭുതകൃത്യങ്ങളെക്കൂടി അതിശയിച്ചിരിക്കുന്നു. സി. വി. യുടെ മാർത്താണ്ഡവർമ്മയെക്കാൾ പ്രസ്തുതപുസ്തകത്തിലെ മാർത്താണ്ഡവർമ്മയാണ് ചരിത്രത്തോടു അധികം യോജിച്ചിരിക്കുന്നതു്. പക്ഷെ രാമയ്യനെ വർണ്ണിച്ചിരിക്കുന്നതു അദ്ദേഹത്തെപ്പററി കേട്ടിട്ടുള്ള ഐതിഹ്യങ്ങൾക്കും ചരിത്രത്തിന്നും അനുസരണമായിരിക്കുന്നില്ല. രാമയ്യൻ ഒരു പരദേശിബ്രാഹ്മണനാണെങ്കിലും ഉത്തമനായ ഒരു രാജഭക്തനും രാജ്യത്തിന്നും രാജാവിന്നും വേണ്ടി ആത്മത്യാഗം ചെയ്യാൻ സന്നദ്ധനായ ഒരു പുരുഷകേസരിയും ആകുന്നു. ജർമ്മനിയിലെ ബിസ്മാർക്കിനുള്ള സ്ഥാനമാണ് തിരുവിതാംകൂറിനെ സംബന്ധിച്ചേടത്തോളം രാമയ്യനുള്ളതു്. രാജഹിതത്തെ അനുവർത്തിക്കുന്നതിന് അദ്ദേഹം അനേക അകൃത്യങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും, പൌരുഷം, സ്വാർത്ഥരാഹിത്യം എന്നീ ഗുണങ്ങൾ തികച്ചും ഉള്ള ആളായിട്ടാണ് നാം അദ്ദേഹത്തെ അറിയുന്നതു്. പക്ഷെ ഈ പുസ്തകം വായിക്കുന്നവർ അദ്ദേഹം ഒന്നിനും കൊള്ളരുതാത്ത ഒരു ഭീരുവാണെന്നു വിചാരിപ്പാനിടയുണ്ട്. വീരമാർത്താണ്ഡൻെറ സൃഷ്ടി വളരെ വിശേഷമായിട്ടുണ്ടെങ്കിലും അദ്ദേഹത്തിൻെറ ചില വാക്കുകളും പ്രവൃത്തികളും അദ്ദേഹത്തിൻെറ സ്വഭാവത്തിനു യോജിച്ചതായി കാണുന്നില്ല. കല്യാ

ണിക്കുട്ടിക്ക് എന്തെങ്കിലും ആപത്തു നേരിടുന്നപക്ഷം വേണാട്ടിലെ സ്ത്രീകളെ മുഴുവൻ അപമാനിക്കയും ദ്രോഹിക്കയും ചെയ്യുമെന്നുള്ള അദ്ദേഹത്തിൻെറ ഓഡയർനയത്തെ പ്രശംസിപ്പാൻ വഴിയുണ്ടോ എന്നു സംശയമാണ്. കഥാരചനയിൽ ഗ്രന്ഥകാരൻ വളരെ സാമത്ഥ്യം പ്രദശിപ്പിച്ചിട്ടുണ്ടെങ്കിലും ഒരു ന്യൂനത പ്രത്യക്ഷമാകുന്നുണ്ട്. കൊല്ലം രാജാവിന് സ്വാതന്ത്ര്യം സിദ്ധിച്ചതോടുകൂടി കഥ അവസാനിപ്പിക്കേണ്ടതായിരുന്നു. അങ്ങിനെ ചെയ്യാതിരുന്നതുകൊണ്ട് അവസാനഭാഗം രസശൂന്യമായി ഭവിച്ചു. ധീരനും സമത്ഥനും ആയ അച്യുതവാര്യരെക്കൊണ്ടു വീരമാത്താണ്ഡന് വിഷം കൊടുത്തു എന്നു വരുത്തിയതുകൊണ്ട് കഥയ്ക്കു യാതൊരു മെച്ചവും ഉണ്ടായിട്ടില്ല. ചുരുക്കിപ്പറയുന്നതായാൽ ഇതിൽ കാണുന്ന മിക്ക ന്യൂനതകൾക്കും കാരണം ഗ്രന്ഥകത്താവിനു വീരമാത്താണ്ഡനോടുള്ള അതിരററ ബഹുമാനമാണെന്നുള്ളതിനു സംശയമില്ല. അനന്തപത്മനാഭൻെറ അസാധാരണ യോഗ്യതകളൊന്നും ഇതിൽ പ്രകാശിച്ചു കാണാത്തതിനുള്ള കാരണവും അതുതന്നെയായിരിക്കണം. ഒരു നിരൂപകൻെറ നിലയിൽ ഇങ്ങിനെ ചില ദോഷങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതായിട്ടുണ്ടെങ്കിലും, ഇതിൻെറ ഗുണങ്ങൾ ആലോചിക്കുമ്പോൾ അതുകളെല്ലാം നിസ്സാരമായി ഗണിക്കേണ്ടതായിട്ടേ ഉള്ളൂ.

## കുറിപ്പുകൾ

### പ്രായപൂത്തി വന്നിട്ടുള്ളവരുടെ വിദ്യാഭ്യാസം

ഇൻഡ്യയിലെ വിദ്യാഭ്യാസസമ്പ്രദായത്തിൽ വരുത്തേണ്ട ഒരു അത്യാവശ്യപരിഷ്കാരം പ്രായപൂത്തിവന്നിട്ടുള്ളവരുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ഏപ്പെടുത്തുകയാകുന്നു. അങ്ങനെയിരിക്കെ ഏതദ്വിഷയത്തിൽ ആരെങ്കിലും പരിശ്രമിക്കുന്നതായാൽ അതു നാം അഭിനന്ദിക്കേണ്ടതാണല്ലൊ. സെയിദാപ്പെട്ടയിലെ ടീച്ചേഴ്സ് കാളേജ് പ്രായപൂത്തി വന്നിട്ടുള്ളവരുടെ വിദ്യാഭ്യാസത്തിനായി ഒരു പള്ളിക്കൂടം സ്ഥാപിച്ച് പ്രവൃത്തി ചെയ്തുവരുന്നതായി അറിയുന്നു. ആ വിദ്യാലയം കാളേജിലെ ഒരു പ്രാസംഗികൻെറ അധീനതയിലാണ്. പരിശീലനം ലഭിച്ചുവരുന്ന വിദ്യാത്ഥികളും അദ്ദേഹത്തെ സഹായിക്കുവാനുണ്ട്. ഇതിനു പ്രധാനമായി ആവശ്യമുള്ള ഒരു ഉപകരണം ഒരു നല്ല ഗ്രന്ഥശാലയാണ

ല്ലൊ. ഏകദേശം ൮൦൦ പുസ്തകങ്ങളോളം അടങ്ങിയ ഒരു ഗ്രന്ഥശാല അവിടെ സ്ഥാപിച്ചിട്ടുണ്ട്. ഈ പുസ്തകങ്ങളെല്ലാം ഈ പദ്ധതിയോടു അനുഭാവമുള്ളവരും, ചില പ്രസിദ്ധീകരണശാലക്കാരും സമ്മാനിച്ചിട്ടുള്ളതാണ്. ആൾക്കുവേണ്ടി ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നുവോ അവൾക്കു യോജിച്ച പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിൽ ഭാരവാഹികൾ വേണ്ട ഔചിത്യബുദ്ധി കാണിച്ചിട്ടുണ്ട്. കാളേജിലെ വിദ്യാഭ്യാസപ്രാസംഗികനായ മി. ടി. വി. അപ്പാസുന്ദരം എം. എ. എം. ഇ. സി. യാണു ഈ പദ്ധതിയുടെ ഭാരവാഹിത്വം ഏറ്റിരിക്കുന്നതു്. പ്രായപൂർത്തിവന്നിട്ടുള്ളവരുടെ വിദ്യാഭ്യാസത്തിനു ഒരു വിദ്യാലയം തന്നെയാണ് ഉചിതമായ കേന്ദ്രം. അവൾക്കു ഉപയോഗകരമായ പലതും അവിടെ ഉണ്ടായിരിക്കുമല്ലൊ. സെയിദാപ്പെട്ടയിൽ ആരംഭിച്ചിട്ടുള്ളതുപോലെ ഇൻഡ്യയുടെ മററു ഭാഗങ്ങളിലും അദ്ധ്യാപകന്മാർ പരിശ്രമിക്കുകയാണെങ്കിൽ അതു ഗണ്യമായ ഒന്നായിരിക്കും. അന്ധവിശ്വാസങ്ങളും, വർഗ്ഗീയവിദ്വേഷങ്ങളും നീങ്ങുന്നതിനും ജനങ്ങൾ സഹകരണബോധത്തോടു കൂടി ജീവിക്കുന്നതിനും ഈദൃശപ്രവൃത്തികൾ വേണ്ടപോലെ സഹായിക്കുമെന്നുള്ളതിനു സംശയമില്ല.

## കാശ്മീരത്തിലെ വിദ്യാഭ്യാസം.

കാശ്മീരം വിദ്യാഭ്യാസത്തിൽ അധികം അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള ഒരു രാജ്യമല്ല. അവിടത്തെ ഗവമ്മെൻറു പ്രാഥമികവിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇതുവരെ പ്രാഥമിക വിദ്യാഭ്യാസം സൌജന്യമായിട്ടാണു നൽകിവരുന്നതു്. ഇപ്പോൾ ശ്രീനഗരം മുതലായ പട്ടണങ്ങളിൽ അതു നിർബ്ബന്ധമാക്കിയിരിക്കുന്നു. ഈ നിർബ്ബന്ധം നിയമരൂപത്തിലാകുവാൻ ഒരു പ്രാഥമികവിദ്യാഭ്യാസറഗുലേഷനും തൽസംബന്ധമായ നിയമങ്ങളും ൬ മുതൽ ൧൧ വരെ വയസ്സുള്ള കുട്ടികളുടെ മാതാപിതാക്കന്മാരുടേയൊ, രക്ഷാകർത്താക്കളുടേയൊ അറിവിനായി നടപ്പാക്കിയിരിക്കുന്നു. പ്രാഥമികവിദ്യാഭ്യാസത്തിനു വേണ്ട ചിലവു ഗവമ്മെൻറുതന്നെയാണു വഹിക്കുന്നതു്. അദ്ധ്യയനവർഷത്തിൻെറ രണ്ടാമത്തെ അർദ്ധഭാഗത്തിലേക്കു ചിലവാക്കേണ്ടി വരുമെന്നു കണക്കാക്കിയിട്ടുള്ള ൫൦൦൦൦ രൂപ ഈ ബഡ്ജററിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ റഗുലേഷൻ ബാധകമായിത്തീരുന്ന ഓരോ സ്ഥലത്തേക്കും ഹാജർ പരിശോധിക്കുന്നതിനായി ഒന്നോ രണ്ടോ കമ്മററിക്കാരെ രൂപീകരിക്കുന്നതാണ്. ഓരോ കമ്മററിയിലും നല്ല അനുദ്യോഗസ്ഥാംഗങ്ങൾ അടങ്ങിയ ഒൻപതു അംഗങ്ങൾ ഉണ്ടായിരിക്കുന്നതും അവൾക്കു പ്രത്യേക അധികാരങ്ങളും ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതുമാണ്. രോഗം

കൊണ്ടോ, കായികമായ ന്യൂനതകൊണ്ടോ, മതനിബന്ധനകൾ കൊണ്ടോ ഈ നിയമത്തിനു വിധേയമാകുവാൻ വയ്യാത്ത പ്രത്യേക ആളേയോ, വർഗ്ഗത്തേയൊ ഒഴിവാക്കുന്നുണ്ട്. സ്കൂളിൽ പോകേണ്ട പ്രായത്തിലുള്ള കുട്ടികളെ അധ്യയനസമയത്തു അവരുടെ രക്ഷാകർത്താക്കളൊ, മാതാപിതാക്കന്മാരൊ ഒഴിച്ചു ആരെങ്കിലും വേലയിലേപ്പെടുത്തുന്നതായാൽ അതു കുററകരമാണ്. കുട്ടികളെക്കൊണ്ടു പ്രയത്നിപ്പിക്കുന്നതിനെ തടയുവാനാണ് ഇങ്ങനെ ഒരു വ്യവസ്ഥ ചെയ്തിരിക്കുന്നത്.

## മണ്ഡനമഞ്ജരി

ഗ്രന്ഥകർത്താവു്, സർവ്വകലാശാലാപരീക്ഷകനും, ഒരു നല്ല നിരൂപകനും, കാളേജുമലയാളം ലക്‌ചററും ആയ ഡി. പത്മനാഭനുണ്ണി ബി. എ.

ഉള്ളൂർ, അപ്പൻതമ്പുരാൻ, കുമാരനാശാൻ, എ. ആർ. രാജരാജവർമ്മതമ്പുരാൻ, കുഞ്ചൻനമ്പ്യാർ, കെ. നാരായണക്കുരുക്കൾ, വേങ്ങയിൽ കുഞ്ഞിരാമൻനായനാർ മുതലായ സാഹിത്യകാരന്മാരുടെ കൃതികളെക്കുറിച്ചു് വിമർശിക്കുന്ന ഒരു ആധുനികനിരൂപണഗ്രന്ഥം. ഇതിനെക്കുറിച്ചു് മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇങ്ങിനെ പറയുന്നു:-

"... ..ആദ്യംമുതല്ക്കുതന്നെ ഒന്നു നോക്കുവാൻ തോന്നിപ്പോയി. പിന്നെ അവസാനം കാണുന്നതുവരെ നിറുത്തുവാനൊട്ടു തോന്നിയതുമില്ല. 'മഞ്ജരി' മുഴുവനും ഹൃദിസ്ഥമായതിനു ശേഷമെ മനസ്സു സ്വാധീനത്തിൽ വന്നുള്ളു."

"......കവിഹൃദയം വിമർശകൻെറ മനസ്സിൽ പകർന്നു ബുദ്ധിനികഷത്തിൽ മാററുരച്ചുനോക്കി, കാവ്യകാരൻെറ മുഖവും നടപ്പും നോക്കാതെ സംസ്കൃതമായ സ്വാഭിപ്രായത്തിൽ സ്ഥൈര്യത്തോടുകൂടി കാവ്യത്തിൻെറ വിലമതിക്കയാണു വിമർശത്തിൻെറ ഉത്തമാദർശമെങ്കിൽ "മണ്ഡനമഞ്ജരി" അപ്രകാരമുള്ള ഒരു രീതിയേയാണ് അവലംബിച്ചിട്ടുള്ളതു്."

മലയാളത്തിൽ നിഷ്പക്ഷമായി നിരൂപണംചെയ്യുന്ന ഇതരഗ്രന്ഥങ്ങളില്ലാത്തതിനാൽ, ബി. എ. ഇൻറർമീഡിയേററു, ഹയർ, വിദ്വാൻ, പണ്ഡിതൻ മുതലായ പരീക്ഷകൾക്കു മലയാളം നിർബ്ബന്ധവിഷയമായി പഠിക്കണമെന്നു വച്ചിട്ടുള്ള ഈ അവസരത്തിൽ, ആ പരീക്ഷകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഏററവും അത്യാവശ്യം. വില 10 അണ

മാനേജർ,
ഈശ്വരവിലാസം പുസ്തകശാലാ
(തി.) പറവൂർ.